VILASAM READING


# ഗുരുനാഥൻ.

പുസ്തകം 9 } 1105 കന്നി. { ലക്കം 2


## * മലയാളഭാഷയും തൽകർത്താക്കന്മാരും.

(ആർ. ഈശ്വരപിള്ള ബി. എ.)

II

ഭാഷയാണെങ്കിൽ തമിഴും മലയാളവുംകൂടി കലർന്നിട്ടുള്ളതും അത് ഒന്നിൽനിന്നും മററതിലേക്കുള്ള പരിവർത്തനഘട്ടത്തെ സൂചിപ്പിക്കുന്നതും ആകുന്നു. ഇക്കാലത്തുള്ള കൃതികളെ വായിച്ചു മനസ്സിലാക്കുന്നതിനും ഗുണം ആസ്വദിക്കുന്നതിനും തമിഴ് ഭാഷയുടേയും വ്യാകരണത്തിൻേറയും സഹായം കൂടാതെ സാധിക്കുന്നതല്ല. അദ്ദേഹത്തിൻെറ കൃതികളിൽ വച്ചു സുപ്രസിദ്ധമായിട്ടുള്ള രാമായണത്തിൻെറ പല ഭാഗങ്ങളും ഈ ലേഖകൻ വായിച്ചിട്ടുണ്ട്. ഈകൃതി ഒട്ടും താണതരമല്ലാത്ത കവിതാവാസനയെ പ്രകടിപ്പിക്കുന്നുണ്ടെന്നു പ്രസ്താവിക്കാതിരിക്കാൻ നിവൃത്തിയില്ല. അനവദ്യയായ വാക്യചാതുരി, ഹൃദയാകർഷകമായ പ്രതിഭാചിത്രങ്ങൾ, സന്ദർഭോചിതങ്ങളായ അലങ്കാരങ്ങൾ ഇവയെല്ലാം ഈകൃതിയെ മലയാളഭാഷക്കുള്ള അനർഘരത്നങ്ങളിൽ ഒന്നാക്കിത്തീർത്തിട്ടുണ്ടെന്നുള്ളതിനു സംശയം ഇല്ല. തമിഴ് വാക്കുകളും, ശൈലികളും, ഘടനാരീതിയും ഇതിൽ ധാരാളമുണ്ടെന്നുള്ളത് ഇതിൻെറ ഗുണങ്ങൾക്ക് ഒരുവിധത്തിലും ന്യൂനതവരുത്തുന്നില്ല. ഇപ്രകാരമുള്ള ഒരു കൃതി ഇത്ര ദീർഘകാലം ഉപേക്ഷിച്ചു വിസ്മൃതിയിൽ തള്ളിക്കളഞ്ഞതു വളരെ ശോച്യംതന്നെയാണ്.

കൊല്ലാബ്ദം ഏഴാം ശതവർഷത്തിൻെറ മദ്ധ്യത്തിൽ കൃഷ്ണലീലകളെ വിസ്തരിക്കുന്നതായ "കൃഷ്ണഗാഥ" എന്നൊരു കൃതി ചെറുശ്ശേരി എന്നു വിളിക്കപ്പെട്ടിരുന്ന ഒരു നമ്പൂരിബ്രാഹ്മണൻ രചിച്ചിട്ടുള്ളതായി കാണുന്നു. ഈ കൃതിക്കു "ചെറുശ്ശേരി"യെന്നും തെക്കൻ ദിക്കിൽ പേരു പറഞ്ഞുവരുന്നുണ്ട്. ഇതു സ്ത്രീകൾ കുട്ടികളെ തൊട്ടിലിൽ കിടത്തി പാടാറു

---

* ൨൭ കൊല്ലം മുമ്പ് 'മലബാർ ക്വാർട്ടർലിറവ്യൂ' എന്ന ഇംഗ്ലീഷുമാസികയിൽ എഴുതിയിരുന്ന ഈ ലേഖനം ഇപ്പോൾ ലേഖകൻതന്നെ തർജ്ജമചെയ്യുകയാണ്.

[ഗുരുനാഥൻ പ്രവർത്തകന്മാർ]

ള്ള "താലോലം" എന്ന പാട്ടിൻെറ രീതിയിലും വൃത്തത്തിലും ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. ഈ കൃതിയിൽ നിന്നുതന്നെ ഇതു വടക്കെ മലയാളത്തിൽ കോലസ്വരൂപത്തിലുള്ള ഒരു ഉദയവർമ്മരാജാവിൻെറ അപേക്ഷയനുസരിച്ച് ഉണ്ടാക്കപ്പെട്ടതാണെന്നു നമുക്കറിയാം. എന്നാൽ ഈ കൃതി അനന്യസാധാരണമായ കവിതാഗുണമുള്ളതാകുന്നു. അതിൽ രമണീയങ്ങളായ പ്രതിഭാസൃഷ്ടികളും ഹൃദ്യങ്ങളായ വർണ്ണനകളും അലങ്കാരപ്രചുരമായ ഭാഷയും സാരള്യത്തിനും വാഗ്വൈഭവത്തിനും സഹജമായ ആകർഷണീയതയും സാമാന്യത്തിലധികം ഉണ്ട്. ഇതിൽ സംസ്കൃതപദങ്ങൾ വളരെ ചുരുക്കമായും ഇന്നു ലുപ്തപ്രയോഗങ്ങളായ മലയാളപദങ്ങൾ ഒട്ടധികമായും കാണപ്പെടുന്നുണ്ട്. ഇതു കേരളീയ സ്ത്രീകൾക്കു വളരെ പ്രതിപത്തിയുള്ള ഒന്നാണ്. ഇതിനു സ്ത്രൈണമായ ഒരു രമ്യതാഭാവം ഉണ്ടെന്നു പറയാം. ഭാഷാസാഹിത്യത്തിനു വാസ്തവമായ പുഷ്ടിനൽകുന്ന ഒരു കൃതിയായി ഗണിക്കുന്നതിനു വേണ്ടഗുണം അതിനുണ്ട്. ഈ കൃതിയെ അപ്രശസ്തിയിലേക്കു തള്ളിയതിനുള്ള കാരണം അതിനു ജനങ്ങളുടെ ഹൃദയത്തെ വശീകരിക്കുന്നതിനു വേണ്ടകാലം ആകുന്നതിനു മുൻപു സാഹിത്യനഭോമണ്ഡലത്തിലുള്ള ചെറിയ തേജോഗോളങ്ങളെ നിഷ്പ്രഭങ്ങളാക്കുന്നതായ ഒരു മഹൽതേജസ്സ് ചക്രവാളത്തെ പ്രകാശമാനമാക്കിത്തുടങ്ങിയെന്നുള്ള സംഗതിയായിരിക്കാം.

മലയാളഭാഷയും ഭാഷാസാഹിത്യവുമായിട്ട് അല്പംപോലും പരിചയമുള്ളവർ ആരുംതന്നെ കീർത്തിദേവതയുടെ അനശ്വരമായ പേരേടിൽ ചേർക്കാൻ സർവ്വപ്രകാരേണ അർഹതയുള്ള തുഞ്ചത്തെഴുത്തച്ഛൻെറ നാമധേയത്തെ കേട്ടിട്ടില്ലാതെ വരാൻ തരമില്ല. ഇദ്ദേഹത്തിനെ മലയാളഭാഷാസാഹിത്യത്തിൻെറ "പിതാവെ"ന്നും മലയാളഭാഷയുടെ കർത്താവെന്നും നിശ്ചയമായും പറയാം. ഇദ്ദേഹത്തിൻെറ ഹസ്തത്തിൽനിന്നുതന്നെയാണു മലയാളഭാഷ അതിൻെറ ജീവനേയും, അതിൻെറ രമ്യതയേയും അതിൻെറ പ്രൌഢതയേയും സ്വീകരിച്ചതു്. മലയാളപദങ്ങളും, സംസ്കൃത ശബ്ദങ്ങളും എത്ര ഭംഗിയായി കൂട്ടിയിണക്കാമെന്നും ഭാഷക്ക് എന്തുമാത്രം ശക്തിയും വൈഭവവും ഉണ്ടെന്നും, അതു വാസ്തവത്തിൽ എത്ര അർത്ഥപുഷ്ടിയുള്ളതാണെന്നും ആശയപ്രകാശനത്തിന് അതിനു എത്ര ശക്തിയുണ്ടെന്നും അതിനെ ഇനിയും എങ്ങിനെ പുഷ്ടിപ്പെടുത്തുകയും സംസ്കരിക്കയും ഉല്ലേഖനം ചെയ്യുകയും ചെയ്യാൻസാധിക്കുമെന്നും അദ്ദേഹമാണു നമുക്കാദ്യമായി കാണിച്ചു തന്നിട്ടുള്ളതു്. താണതെന്നു ഗണിക്കപ്പെട്ട ഒരു ജാതിയിൽ ജനിക്കയും ഒരു വിനീതമായ ജീവിതവൃത്തിയെ അവലംബിക്കയും ചെയ്തിരുന്നുവെങ്കിലും അദ്ദേഹം തൻെറ ബുദ്ധിവൈഭവംകൊണ്ടും പ്രയത്നശക്തികൊണ്ടും സുസ്ഥിരമായ മനോനിശ്ചയംകൊണ്ടും അദ്ദേഹത്തിൻെറ

നാട്ടുകാൎക്ക് അളവററ ഗുണംചെയ്യത്തക്ക ഒരു പദത്തെ പ്രാപിക്കയും ഭാഷയുടേയും ജനങ്ങളുടേയുംമേൽ എത്രമാത്രമെന്ന് ഇന്നു ശരിയായി നിൎണ്ണയിക്കാൻ പാടില്ലാത്തതായ ഒരു പ്രേരണാശക്തിയെ വഹിക്കയും ചെയ്തു. അദ്ദേഹത്തിൻെറ അഭാവത്തിൽ മലയാളഭാഷ ദക്ഷിണഭാരതത്തിലെ ഭാഷകളുടെയിടയിൽ ഇന്നുള്ള സ്ഥാനവും ഗൗരവവും പ്രാപിക്കയില്ലായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിൻെറ പ്രാദുർഭാവം ഭാഷാസാഹിത്യത്തിൻെറ ജീവിതദശയിൽ ഒരു വിശേഷഘട്ടത്തെ സൂചിപ്പിക്കുന്നു.

നമ്മുടെ ഭാഷാസാഹിത്യത്തിൽ ഇത്ര വലിയ ഒരുമാററം വരുത്തുകയും നമ്മുടെ മാതൃഭാഷയെ ഇപ്രകാരം സമ്പന്നയും ഭൂഷിതയുമാക്കുകയും നമ്മുടെ സുഖാനുഭവത്തിൻെറ പരിധിയെ വിസ്തൃതമാക്കുകയും നമ്മുടെ ഗൃഹങ്ങളിൽ ഒരു പുതിയ ദീപം ജ്വലിപ്പിക്കയും ചെയ്തതും ഇന്നും നമ്മുടെ സന്ധ്യാവേളയെ ആനന്ദപ്രദമാക്കി ചെയ്യുന്നതുമായ ആ പുരുഷൻെറ ജീവിതത്തേയും സ്വഭാവത്തേയും പററി വല്ലതും അറിയുന്നതു കൗതുകാവഹമായിരിക്കുമല്ലൊ. എന്നാൽ നിർഭാഗ്യവശാൽ ഈ വിഷയത്തിൽ ഏതാനും അവ്യക്തങ്ങളായ ഐതിഹ്യങ്ങളല്ലാതെ മററു വിശ്വസനീയമായ അറിവു യാതൊന്നും ഇല്ലാതാണിരിക്കുന്നതു്. ലോകത്തിലുള്ള മഹാകവികളുടെ എല്ലാവരുടേയും സ്ഥിതി ഇതുതന്നെയാണ്. ഹോമർ, ഷെക്സ്പീയർ, കാളിദാസൻ മുതലായവർ ഇതിനു വ്യത്യസ്തങ്ങളല്ല. അതിനുള്ള പ്രധാനകാരണം അവർ പരമാൎത്ഥജീവികളായിരുന്നതുകൊണ്ട് ഭാവിലോകത്തിൻെറ അറിവിനായി അവരുടെ ആത്മചരായ പ്രതിഫലിച്ചു കിടക്കുന്ന അവരുടെ കൃതികളിൽനിന്നും ഗ്രഹിക്കപ്പെടാവുന്നവയല്ലാതെ മററു യാതൊരു വിവരവും അവർ രേഖപ്പെടുത്തണമെന്നു വിചാരിച്ചില്ലെന്നുള്ളതുതന്നെയാണ്. എന്നു തന്നെയുമല്ല അവരുടെ സമകാലീനന്മാരുടെ ദൃഷ്ടിയെ ആകൎഷിക്കാത്തവിധം ഒതുങ്ങിയ മട്ടിലാണ് അവർ ജീവിക്കയും പ്രവൎത്തിക്കയും ചെയ്തുവന്നതും. വിശേഷിച്ചും അവരുടെ കൃതികൾ പ്രസിദ്ധങ്ങളാകുകയും അവയുടെ യഥാൎത്ഥവില ജനങ്ങൾ ഗ്രഹിക്കയും ചെയ്യുന്നതിന് ഒന്നോരണ്ടോ പുരുഷാന്തരം വേണ്ടിവരുന്നു. അപ്പോഴേയ്ക്കും അവരുടെ ജീവിത വൃത്താന്തങ്ങൾ വിസ്മൃതങ്ങളായി ഭവിക്കയും അങ്ങിനെ വരുമ്പോൾ നമുക്ക് ഐതിഹ്യങ്ങളല്ലാതെ മറെറാരാധാരവും ഇല്ലാതെ വരികയും ചെയ്യുന്നു. എന്നാൽ ഇങ്ങനെ ഗത്യന്തരമില്ലാതെ വരുമ്പോൾ ഐതിഹ്യങ്ങൾതന്നെ നമുക്ക് സ്വീകാൎയ്യമായി ഭവിക്കുന്നു. അതുകൊണ്ട് മലയാളഭാഷാചരിത്രത്തിൽ അടങ്ങിയിരിക്കുന്നതുപോലെ അദ്ദേഹത്തിൻെറ ഒരു സംക്ഷിപ്തജീവചരിത്രം ഇവിടെ അസ്ഥാനത്തിലായിരിക്കുകയില്ലെന്നു വിചാരിക്കുന്നു.

ഇദ്ദേഹം ഏകദേശം കൊല്ലവൎഷം എട്ടാം ശതാബ്ദത്തിൻെറ മദ്ധ്യത്തിൽ തെക്കെ മലയാളത്തിൽ പൊന്നാനിതാലൂക്കിൽ പെട്ട വെട്ടത്തു പ

തിയങ്ങാടിയ്ക്കടുത്തു് ഒരു ഗ്രാമത്തിലാണ് ജനിച്ചതെന്നു പറയപ്പെട്ടിരിക്കുന്നു. ഇദ്ദേഹം, ഇന്നും സമുദായത്തിന്റെ താണപടിയിൽ വർത്തിക്കുന്നു എന്നു വിചാരിച്ചുവന്ന ചക്കാലനായർവർഗ്ഗത്തിൽ ഉൾപ്പെട്ടിരുന്നു. ഇദ്ദേഹത്തിന്റെ ഗൃഹം ഇരുന്നിരുന്ന സ്ഥലത്തിന് ഇന്നും "തുഞ്ചൻപറമ്പ്" എന്നു പേർ പറഞ്ഞുവരുന്നു. ഈ സ്ഥലം ഇന്നും അനന്യസാധാരണമായ ചൈതന്യമുള്ള ഒരു വിശുദ്ധഭൂമിയായിത്തന്നെ കരുതിപ്പോരുന്നുണ്ട്. എന്തുകൊണ്ടെന്നാൽ സമീപസ്ഥലങ്ങളിലുള്ള കുട്ടികൾക്ക് ആദ്യമായി അക്ഷരോപദേശം ചെയ്യുമ്പോൾ ഈ പറമ്പിൽനിന്നും സംഗ്രഹിച്ചിട്ടുള്ള മണ്ണിലാണ് അവരെക്കൊണ്ടു അക്ഷരങ്ങൾ എഴുതിപ്പിക്കുന്നതു്. ഈ കവി ജനിച്ച ഗൃഹമൊ, വല്ല അവശിഷ്ടമൊ ഇപ്പോൾ ഉണ്ടൊ എന്നു് അറിവില്ല.

എഴുത്തച്ഛൻ ഒരു വിദ്വാനായിരുന്ന നമ്പൂരിയുടെ പുത്രനായിരുന്നുവെന്നും അദ്ദേഹത്തിൽ നിന്നും സാമാന്യം നല്ല വിദ്യാഭ്യാസം ലഭിച്ചുവെന്നും പറയപ്പെട്ടിരിക്കുന്നു.

എഴുത്തച്ഛന്റെ ബാല്യകാലത്തിൽ അദ്ദേഹം ദിവസംതോറും സപാമിദർശനത്തിനായി അടുത്തുള്ള തൃക്കണ്ടിയൂർ ക്ഷേത്രത്തിൽ പോകാറുണ്ടായിരുന്നു. ഒരവസരത്തിൽ ബ്രാഹ്മണർ ഓത്തു ചൊല്ലുന്നതുകേട്ടു് ഇവർ ഓത്തു ചൊല്ലുന്നതു പിഴച്ചാണ് എന്നുള്ള അർത്ഥത്തിൽ "കാട്ട, കാട്ട്" എന്നു പറഞ്ഞുവത്രെ. ഇതു് അവരിൽ അസൂയയേയും സംശയത്തേയും ജനിപ്പിച്ചുവെന്നും അവർ എന്തൊ ഔഷധം നിവേദ്യത്തിൽ കലർത്തി കൊടുത്തുവെന്നും പറയപ്പെട്ടിട്ടുണ്ട്. ഇതു് അദ്ദേഹത്തിന്റെ ബുദ്ധിയെ മലിനീഭവിപ്പിക്കയും മനസ്സിന്നു് എന്തൊ ജാഡ്യം വരുത്തുകയും ചെയ്തുപോലും. ബാലൻ അന്നുമതല്ക്കു് ഖിന്നമാനസനായിട്ടു് ഒരുവിധം മൌനം അവലംബിച്ചു വർത്തിച്ചുവന്നു. അദ്ദേഹത്തിന്റേ പിതാവു് ഇതൊക്കെയും എങ്ങിനെയൊ മനസ്സിലാക്കി. ഇതിന്റെ ശമനത്തിന്നു ഒരു പ്രത്യൌഷധം സേവിക്കാൻ വിധിച്ചു. ഇതുകൊണ്ടു് ഉദ്ദിഷ്ടഫലം സിദ്ധിച്ചു. എന്തുകൊണ്ടെന്നാൽ ഈ ഔഷധം സേവിച്ചതിന്റെ ഫലമായി അല്പകാലത്തേയ്ക്കു ബാലനു നഷ്ടമായിപോയിരുന്ന ഉന്മേഷവും മനോനൈർമ്മല്യവും വീണ്ടും ലഭിച്ചു സുഖം പ്രാപിച്ചു. ഈ കഥയുടെ വാസ്തവം എങ്ങിനെയിരുന്നാലും യഥാസ്ഥിതികന്മാരായ ബ്രാഹ്മണരിൽനിന്നും അദ്ദേഹത്തിന് എന്തൊ അനിഷ്ടമായ പെരുമാററം ഉണ്ടായി എന്നു് ഊഹിക്കുന്നതിൽ തെററുണ്ടെന്നു തോന്നുന്നില്ല. വിധിച്ചിട്ടില്ലാത്ത വേദം മുതലായ വൈദികഗ്രന്ഥങ്ങൾ ഇദ്ദേഹം പാരായണം ചെയ്തതു് അവരുടെ ദൃഷ്ടിയിൽ ഒരക്ഷന്തവ്യമായ അപരാധമായിരുന്നു. പലപ്പോഴും ദോഷത്തിൽനിന്നും ഗുണം ഉണ്ടാ

കുന്നു. ബ്രാഹ്മണരുടെ ഈ പ്രാതികൂല്യനയം നിഗൂഢമായി രക്ഷിക്കപ്പെട്ടിരുന്ന സംസ്കൃതസാഹിത്യകോശഗൃഹത്തെ തന്റെ നാട്ടുകാൎക്കു തുറന്നുകൊടുത്തു സഹായിക്കണമെന്നുള്ള നിശ്ചയത്തെ അവലംബിക്കുന്നതിന് അദ്ദേഹത്തെ പ്രേരിപ്പിച്ചു. ഈ ഉൽകൃഷ്ടോദ്ദേശ്യത്തിന്റെ നിവൎത്തിക്കായിത്തന്നെ തന്റെ പിന്നത്തെ ജീവിതകാലം മുഴുവനും എഴുത്തച്ഛൻ വിനിയോഗിച്ചു. ഇനി കഥയെ തുടരാം. ചെറുപ്പത്തിൽതന്നെ എഴുത്തച്ഛൻ സ്വദേശത്തു് ഒരു പള്ളിക്കൂടംകെട്ടി ആ ഗ്രാമത്തിലെ കുട്ടികളെ എല്ലാം നമുക്കു പ്രതീക്ഷിക്കാവുന്നതുപോലെ ബുദ്ധിസാമൎത്ഥ്യത്തോടും ജാഗ്രതയോടും കൂടി വിദ്യ അഭ്യസിപ്പിക്കാൻ തുടങ്ങി. ഇവിടേയും അദ്ദേഹത്തിന്റെ വിരോധികളിൽനിന്നും ആക്ഷേപങ്ങളും പരിഹാസങ്ങളും സഹിക്കേണ്ടിയിരുന്നു. അദ്ദേഹത്തിന്റെ ജാതിക്കുണ്ടെന്നു വിചാരിക്കപ്പെട്ടിരുന്ന നികൃഷ്ടതതന്നെ പലപ്പോഴും പരിഹാസവിഷയമാകാതിരുന്നില്ല. എന്നാൽ ബാലനായ രാമാനുജൻ (ഇതായിരുന്നു അദ്ദേഹത്തിന്റെ പേരു്) അവൎക്കു് ഒട്ടും പോരാത്ത ഒരു എതിരാളിയായിരുന്നില്ല. ഇവിടെ ഒരു സംഭവം പറയാം. ഒരിക്കൽ തന്റെ എതിരാളികളായ ബ്രാഹ്മണർ അദ്ദേഹത്തിന്റെ ജാതിയെപ്പററി ആക്ഷേപിക്കുന്നതിനായി "തുഞ്ചന്റെ ചക്കിൽഎത്ര ആട്ടും" എന്നു ഹാസ്യഭാവത്തിൽ ചോദിച്ചു. ഇതിനു പററിയ ഉത്തരമായി "എന്റെ ചക്കിൽ 'നാലും ആറും' ആട്ടും" എന്നുടനടി മറുപടിപറഞ്ഞു ഇതിന്റെ സാരം താനൊരു താണ സ്ഥിതിയിലുള്ളവനാണെങ്കിലും തന്റെ വൎഗ്ഗക്കാരിൽനിന്നും മറച്ചുവയ്ക്കുവാൻ അവർ ഭഗീരഥപ്രയത്നം ചെയ്തുവരുന്ന "നാലു വേദങ്ങളും ആറു ശാസ്ത്രങ്ങളും" തനിയ്ക്കു ഹൃദിസ്ഥമാണെന്നാണു്.

ഏറത്താമസിയാതെ എഴുത്തച്ഛൻ തന്റെ ഉദ്ദേശസിദ്ധിക്കും തന്റെ എതിരാളികളോടു പൂൎവ്വാധികം ശക്തിയോടെ മല്ലിടുന്നതിനും വേണ്ട ഉപകരണങ്ങൾ സമ്പാദിക്കാനായി സംസ്കൃതസാഹിത്യത്തിൽ കൂടുതൽ പരിശ്രമം ചെയ്യുന്നതിനും പരദേശങ്ങളിലുള്ള പ്രസിദ്ധകവികളേയും വിദ്വാന്മരേയും അവരുടെ കൃതികൾ മുഖേനയൊ, അഥവാ അഭിമുഖമായൊ പരിചയപ്പെടുന്നതിനും വേണ്ടി തമിഴ് നാടുകളിൽ സഞ്ചരിക്കുന്നതിനു തീൎച്ച്യയാക്കി.

ഇതനുസരിച്ചു തന്റെ പള്ളിക്കൂടത്തിന്റെ ഭരണം തന്റെ പ്രിയശിഷ്യന്മാരിൽ ഒരാളെ ഏല്പിച്ചുംവച്ചു് "ശിവപുരാണ"ത്തിൽ തന്റെ രക്ഷാകൎത്താക്കന്മാരിൽ ഒരാൾ എന്നു പറഞ്ഞിട്ടുള്ള മനക്കോട്ടു ഇളയപ്രഭുവിന്റെ ഉദാരമായ ധനസഹായത്തോടുകൂടി യാത്രപുറപ്പെട്ടു. ഇന്നു നിശ്ചയമായി പറയാൻ നിവൃത്തിയില്ലാത്ത ഒരു ദീൎഘകാലത്തെ സഞ്ചാരം ക

ഴിഞ്ഞ് ഇദ്ദേഹം പ്രവൃദ്ധമായ ജ്ഞാനത്തോടും, വികസിതമായ ബുദ്ധിയോടും, സംസ്കരിക്കപ്പെട്ട ആശയങ്ങളോടും ചിന്തകളോടും കൂടി സ്വദേശത്തേക്കു മടങ്ങിവന്നു. ആശാൻപദത്തെ വീണ്ടും സ്വീകരിച്ച് തന്റെ ശിഷ്യന്മാരെ വിദ്യ അഭ്യസിപ്പിക്കുന്നതിലും, അദ്ദേഹത്തിന്റെ അനശ്വരമായ കീർത്തിക്കു ഹേതുഭൂതമായ കൃതികൾ നിർമ്മിക്കുന്നതിലും തുല്യവാശിയോടുകൂടി പ്രവൃത്തിയാരംഭിച്ചു. കളരിയിലെ ജോലി മിക്കവാറും തന്റെ ഒട്ടും അനന്യരൂപനല്ലാത്ത ശിഷ്യാഗ്രഗണ്യനായ കരുണാകരൻ എഴുത്തച്ഛനിൽ സമർപ്പിക്കപ്പെട്ടു.

എഴുത്തച്ഛന് ഇപ്പോൾ പുരുഷപ്രായം തികഞ്ഞു. തന്റെ കർത്തവ്യങ്ങളെയും ചുമതലകളേയും കുറിച്ചു ചിന്തിച്ചുതുടങ്ങി. അദ്ദേഹം തന്റെ നാട്ടുകാരുടെ അക്ഷരാനഭിജ്ഞതത്വവും അന്ധവിശ്വാസവും അജ്ഞതയും തന്റെ മാതൃഭാഷയുടെ നിർധനതത്വവും സാഹിത്യത്തിന്റെ ദുർഭിക്ഷവും കണ്ടു വ്യസനിച്ച്, കൃത്യനിഷ്ഠയേയും ആത്മബോധത്തേയും സംബന്ധിച്ചുള്ള അത്യുൽകൃഷ്ടങ്ങളായ ആദർശങ്ങളെ അവരുടെ മുമ്പിൽ സമർപ്പിച്ച് അവരുടെ മനസ്സിനെ പ്രദീപ്തമാക്കുകയും, സന്മാർഗ്ഗബോധത്തെ ഉത്തേജിപ്പിക്കുകയും ചെയ്യുന്നതിന് ഉപയുക്തമായഒരു സാഹിത്യത്തെ നിർമ്മിച്ച് ഈവക ദോഷങ്ങളെ പരിഹരിക്കണമെന്നു തീർച്ചയാക്കി. ഇക്കാലത്ത് അദ്ദേഹം സുപ്രസിദ്ധമായ "നാരായണീയം" എന്ന സംസ്കൃതഗ്രന്ഥത്തിന്റെ കർത്താവും അതിവിദ്വാനമായ മേല്പത്തൂർ നാരായണഭട്ടതിരിയുമായിട്ടു പരിചയപ്പെടുവാനിടയായി. ഇരുവരുടേയും അഭിരുചിയുടേയും ചിത്തവൃത്തിയുടേയും പ്രവൃത്തിയുടേയും സാദൃശ്യം അവരെ അന്യോന്യം ആകർഷിക്കയും ഇപ്രകാരം ഉത്ഭവിച്ച ഈ പരിചയം കാലക്രമംകൊണ്ട് പ്രകാശമായി യഥാർത്ഥവും ദൃഢവുമായ സഖ്യമായി പരിണമിക്കയുംചെയ്തു. അവർ സദാപിരിയാതെഒന്നിച്ചു വർത്തിക്കുന്നതിൽ സന്തോഷമുള്ളവരായി ഭവിച്ചു. ഈ ഭട്ടതിരി അമ്പലപ്പുഴെ ചെമ്പകശ്ശേരി രാജാവിന്റെകൊട്ടാരത്തിൽ ഒരുസേവകനായിരുന്നു. ഇദ്ദേഹം ഒരിക്കൽ അമ്പലപ്പുഴയ്ക്കു പോയ സമയം എഴുത്തച്ഛനെ കൂടി കൂട്ടികൊണ്ടുപോയി. വിദ്വൽപ്രിയനായിരുന്ന രാജാവുമായിട്ടു പരിചയപ്പെടുത്തി എന്നു പറയപ്പെട്ടിരിക്കുന്നു. എഴുത്തച്ഛൻ ഇങ്ങിനെ അമ്പലപ്പുഴെതാമസിക്കുന്നകാലത്ത് അദ്ദേഹം അദ്ധ്യാത്മരാമായണം മലയാളഭാഷയിൽ അവതരിപ്പിച്ചുവെന്നാണ് ഐതിഹ്യം. ഈ കൃതി രാജാവിന്റെ പ്രീതിയ്ക്കും ശ്ലാഘയ്ക്കും പാത്രീഭവിക്കുകയും അദ്ദേഹം എഴുത്തച്ഛന് ഒരു നല്ല വർഷാശനം പതിച്ചുകൊടുക്കയും മററുവിധത്തിൽ അദ്ദേഹം സഹായിക്കയും പ്രോത്സാഹിപ്പിക്കയും ചെയ്തു. അദ്ദേഹത്തിന്റെആജ്ഞാനുസരണം ചക്കാലനായന്മാരുടെചക്കുകൾക്കെല്ലാം പ

റിപ്പിച്ചു കളയുകയും മേലാൽ ഇവർ ഈ തൊഴിൽ ചെയ്യേണ്ട എന്നു തീരുമാനിക്കയും ചെയ്തു. ഇപ്രകാരം നമ്മുടെ എഴുത്തച്ഛനവേണ്ടി ഈ വർഗ്ഗത്തിലുൾപെട്ട എല്ലാ നായന്മാരുടേയും സമുദായസ്ഥിതി ഉയൎത്തപ്പെട്ടു. ഇപ്രകാരം ഒരു ഒററമനുഷ്യന്റെ യോഗ്യതകളും സൽഗുണങ്ങളും പലപ്പോഴും ഒരു സമുദായത്തിന്റെ ഒട്ടുക്കുള്ള സ്ഥിതിയെ പരിഷ്കരിക്കുന്നതിനും ഉയൎത്തുന്നതിനും കാരണമായി ഭവിക്കുന്നു. ഈ മാതിരിയുള്ള സൗജന്യങ്ങൾ കോഴിക്കോട്ടു സാമൂതിരിപ്പാടിൽ നിന്നും കൊച്ചിരാജാവിൽ നിന്നും മററു പ്രഭുക്കന്മാരിൽനിന്നും എഴുത്തച്ഛനു ലഭിക്കാൻ ഇടയായി. എഴുത്തച്ഛൻ മടങ്ങിവന്നതിനുശേഷം ഭാരതം, ഭാഗവതം മുതലായ മററു കൃതികളും എഴുതിതീൎത്തു. അദ്ദേഹം വളരെകാലം ജീവിച്ചിരുന്നുവെന്നും ഒടുവിൽ പൊന്നാനിയിൽ സ്വഗൃഹത്തിൽവച്ചു് അദ്ദേഹം സ്വയമേവ വരിച്ച ഉൽകൃഷ്ടമതല നിൎവ്വഹിച്ചുവെന്നബാധത്തോടുകൂടി ചരമം പ്രാപിച്ചുവെന്നും പറഞ്ഞിരിക്കുന്നു.

ഇപ്രകാരമാണു മലയാളകവികളിൽ അഗ്രേസരനും വിദ്വാന്മാരിൽ അദ്വിതീയനുമായ എഴുത്തച്ഛന്റെ ജീവചരിത്രത്തിന്റെ ഹ്രസ്വവും അവ്യക്തവുമായ ബാഹ്യരേഖ.

മലയാളഭാഷ സംസാരിക്കുന്നവരെല്ലാവരും ഒരിക്കലും തീരാത്തവണ്ണം കൃതജ്ഞതാരൂപേണ ഇദ്ദേഹത്തോടു് അധമൎണ്ണന്മാരായിട്ടാണിരിക്കുന്നതു്. ഈ അപൂൎണ്ണചിത്രത്തിൽ അദ്ദേഹത്തിന്റെ ആകൃതിയേയും സ്വഭാവത്തേയും ഗൃഹജീവിതരീതിയേയും പററി ഒരക്ഷരംപോലും പറഞ്ഞിട്ടില്ലെന്നു കാണുന്നതാണു്. മേൽവിവരിച്ച വസ്തുതകളെ നമുക്കറിവുതന്ന ഐതിഹ്യംപോലും ഈ വിഷയത്തിൽ മൗനം അവലംബിച്ചിരിക്കയാണു്. ഇപ്രകാരമുള്ള ഈ വിലത്തെ അടയ്ക്കുന്നതിനു ജനങ്ങൾ മനോധൎമ്മത്തെ ധാരാളം ഉപയോഗപ്പെടുത്തിയതായി കാണുന്നു. അദ്ദേഹം ഒരു നമ്പൂരിയുടെ പുത്രനാണെന്നുള്ള വസ്തുതയിൽ നിന്നും അദ്ദേഹം സുമുഖനും രൂപവാനുമായിരുന്നുവെന്നു വിചാരിക്കുന്നതിൽ വലിയ അബദ്ധമുണ്ടെന്നു തോന്നുന്നില്ല. ഇദ്ദേഹം സൗന്ദൎയ്യത്തിനും സംഗീതത്തിനും പ്രസിദ്ധിയുള്ള ഗന്ധൎവ്വന്മാരിലൊരാളുടെ അവതാരമാണെന്നും ഒരു ഐതിഹ്യമുണ്ടു്. ഈ ഐതിഹ്യം സൂചിപ്പിക്കുന്നതു് അദ്ദേഹത്തിനു കവിതാവാസനയും അതോടുകൂടി സൗന്ദൎയ്യവും ഉണ്ടായിരുന്നുവെന്നാണെന്നു തോന്നുന്നു. അദ്ദേഹത്തിന്റെ സ്വഭാവത്തേയും മററും കുറിച്ചു് അറിയുന്നതിനു് അദ്ദേഹത്തിന്റെ കൃതികളെതന്നെ ആശ്രയിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു നമ്മുടെ ശ്രദ്ധയെ അവയിലേക്കു് തിരിക്കാം. അദ്ദേഹത്തിന്റെ പ്രധാനകൃതികൾ ശിവപുരാണം, ദേവീമാഹാത്മ്യം, ഇരുപത്തിനാലുവൃത്തം, അദ്ധ്യാത്മരാമാ

യണം, ഭാരതം, ഭാഗവതം, ചിന്താരത്നം, കേരളനാടകം, ഹരിനാമകീർത്തനം ഇവകളാകുന്നു. ഇവയിൽ സുപ്രസിദ്ധങ്ങളായവ രാമായണം, ഭാഗവതം, ഇരുപത്തിനാലുവൃത്തം ഇവയാണ്. അതുകൊണ്ടു് ഇവയെപ്പററി മാത്രമെ ഇപ്പോൾ വല്ലതും പറയാമെന്നു വിചാരിക്കുന്നുള്ളു. ഈ കൃതികളിൽ ഓരോന്നിൻേറയും ഗുണങ്ങളേയും രസങ്ങളേയും പററി സവിസ്തരം പ്രതിപാദിക്കുന്നതു് ഇപ്രകാരമുള്ള ഒരു ലേഖനംകൊണ്ടു സാധിക്കുന്നതല്ല. എന്തുകൊണ്ടെന്നാൽ ഇവയിൽ ഓരോന്നും തന്നെ കവിതാചാതുര്യത്തിൻെറ അനതിശയനീയങ്ങളായ മാതൃകകളാകുന്നു. അതുകൊണ്ടു് ഈ വിശിഷ്ടകൃതികളുടെ സാമാന്യലക്ഷണങ്ങൾ എന്നു ഗണിക്കപ്പെടാവുന്നവയെപ്പററി മാത്രം അല്പം വിമർശിക്കാമെന്നെ ഉദ്ദേശിക്കുന്നുള്ളു.

നമ്മുടെ കവിയുടെ കൃതികൾ മിക്കവാറും സംസ്കൃതകൃതികളുടെ തർജ്ജിമയൊ സംക്ഷേപങ്ങളൊ ആണ്. അതിനാൽ ഒരു തർജ്ജിമക്കാരൻെറ നിലയിൽ എഴുത്തച്ഛനു കേരളത്തിലെ കവിശ്രേഷ്ഠനെന്നുള്ള പേരിനും കേരളീയസാഹിത്യകാരന്മാരുടെ ഇടയിൽ അദ്ദേഹത്തിനു നാം നല്കീട്ടുള്ള മാന്യസ്ഥാനത്തിനും അദ്ദേഹം അർഹനല്ലെന്നു പറഞ്ഞു വരുന്നതായി കേട്ടിട്ടുണ്ടു്. ഒരുഭാഷയിൽ എഴുതപ്പെട്ടിട്ടുള്ള ഒരു കൃതിയെ ഇതരഭാഷയിലേക്കു പരിവർത്തനംചെയ്യുന്നതു് ആ ഭാഷയിൽതന്നെ സ്വയമായി ഒരു കൃതി നിർമ്മിക്കുന്നതിനേക്കാൾ ലഘുതരമായ കൃത്യമാണെന്നുള്ള ഊഹത്തിന്മേലാണ് ഈ അഭിപ്രായം സ്ഥാപിതമായിരിക്കുന്നതു്. ഗ്രഹിക്കുന്നതിനും രസിക്കുന്നതിനും ഒരു കവിയുടെ ദിവ്യാവലോകനമൊ ഒരു ശില്പിയുടെ മനഃസംസ്കാരമൊ ആവശ്യമില്ലാത്തതായ സാധാരണ കാര്യങ്ങളെ പ്രതിപാദിക്കുന്ന ഗദ്യകൃതികളെ സംബന്ധിച്ചു് ഇതുപക്ഷെ ഏറെക്കുറെ വാസ്തവമായേക്കാം. എന്നാൽ ഉജ്വലമായ പ്രതിഭാവിലാസവും അതിസൂക്ഷ്മമായ വിവേചനാശക്തിയും അതിവാസനാസഹജമായ പ്രയോഗകൌശല്യവും പ്രതിബിംബിക്കുന്ന അനവദ്യകളായ വിശിഷ്ടകൃതികളെ സംബന്ധിച്ചു് അവയെ മററൊരു ഭാഷയിൽ ശരിയായി അണുപോലും തെററാതെ പരിവർത്തനംചെയ്യുന്ന ദുർഘടകൃത്യം തൽതുല്യനായുള്ള ഒരു അനുഗ്രഹിതകവിക്കല്ലാതെ സാധിക്കയില്ല. ഉദാഹരണമായി പ്രസിദ്ധചിത്രകാരനായ കിളിമാനൂർ രവിവർമ്മകോയിത്തമ്പുരാനവർകളുടെ അതിരമണീയങ്ങളായ ആലേഖ്യങ്ങളെ അവയുടെ നൈസർഗ്ഗികമായ രമ്യതയും മനോഹാരിതവും ഒട്ടുംതന്നെ കുറയാതെ ചിത്രഫലകത്തിൽ പ്രദർശിപ്പിക്കാൻ സാധിക്കുമൊ എന്നറിഞ്ഞാൽ കൊള്ളാം. ഒരു കൃതിയെ ഒരു ഭാഷയിൽ നിന്നും മററൊരുഭാഷയിലേക്കു മാററണമെങ്കിൽ തർജ്ജിമക്കാരൻ ഗ്രന്ഥക

ത്താവിൻെറ ചിന്തകളേയും മനോഭാവങ്ങളേയും വികാരങ്ങളേയും യഥാവ ൽഗ്രഹിച്ച് അനുഗമിക്കയും, അവയുടെ ഫലവത്തായ പ്രകടനത്തിനു സ മത്ഥമായ ഭാഷയിൽ അവയെ പ്രകാശിപ്പിക്കയും ചെയ്യേണ്ടതത്യാവശ്യമാ ണ്. എന്നാൽ നമ്മുടെ കവിക്ക് ഇതൊക്കെയും ഒരു സംസ്കൃതവും പദ ദൌർല്ലഭ്യമുള്ളതും സാഹിത്യാലംകാരവിഭവങ്ങൾ കേവലം ശൂന്യവുമായ ഒ രു ഭാഷയിൽ ചെയ്യേണ്ടിയിരുന്നുവെന്ന് ആലോചിക്കുമ്പോൾ അദ്ദേഹ ത്തിന് എന്തെല്ലാം ദുഘടങ്ങളെ അഭിമുഖീകരിക്കയും ഒടുവിൽ തരണം ചെയ്കയും വേണ്ടിവന്നുവെന്നു നമുക്ക് ഏറെക്കുറെ ഗ്രഹിക്കാൻ കഴിയും. വാസ്തവത്തിൽ അദ്ദേഹത്തിനു പുതിയ പദങ്ങളെ സ്വീകരിച്ചു ഭാഷയെ പുഷ്ടിപ്പെടുത്തുകയും അതിനെ പലവിധത്തിൽ ഉല്ലേഖനം ചെയ്തലംക രിക്കയും പുതിയ വാചോയുക്തികളെ നിമ്മിക്കയുംമററും ചെയ്യേണ്ടതായി വന്നു. ഇപ്രകാരം ഉൽകൃഷ്ടചിന്തകളുടേയും മഹനീയങ്ങളായ ആദശ ങ്ങളുടേയും സ്വീകരണത്തിനും അതിൻെറ പ്രകടനത്തിനും ഗൌരവവും മാ ധുര്യവുമുള്ള രീതിയിൽ അതിനെ അദ്ദേഹം സജ്ജമാക്കി. അദ്ദേഹത്തി ൻെറ കവിതകൾക്കായി അദ്ദേഹം കിളിപ്പാട്ടെന്നു് ഇന്നു പ്രസിദ്ധിയുള്ള ഒ രു വിശേഷമാതിരി വൃത്തം നിമ്മിച്ചതും അദ്ദേഹത്തിൻെറ മനോധമ്മ ത്തെത്തന്നെ കാണിക്കുന്നു. കിളിയാണ് എല്ലാം പറയുന്നതു്. അഥവാ ഓരോകൃതിയും അതിൻെറ പ്രത്യേകഭാഗവും ഒരു കിളിയുടെ സഹായ ത്തെ വരിച്ചുകൊണ്ടാണ് ആരംഭിക്കുന്നതു്. കവി ഈ ഉപായത്തെ അ വലംബിച്ചതിനു പലകാരണങ്ങളും പറഞ്ഞുകേട്ടിട്ടുണ്ട്. എന്നാൽ ഇവ യിൽ യുക്തിയുക്തമായി കാണുന്നതു്, വൈദികവും പൌരാണികവും ആയ സാഹിത്യത്തിൻെറ വ്യാഖ്യാതാവായി കവിക്കു രംഗപ്രവേശംചെയ്വാൻ ഉ ള്ള വൈമുഖ്യം കൊണ്ടു് അദ്ദേഹം വന്ദ്യന്മാരായ പുരാണകത്താക്കന്മാരു ടേയും മററും വാക്കുകളെ കേവലം ഒരു കിളി ശബ്ദിക്കുന്നതുപോലെ അത്ഥം ഗ്രഹിക്കാതെ പറയുകയാണ് എന്നുള്ളതാകുന്നു. ഇതു് നമ്മുടെ കവിയുടെ വിനീതസ്വഭാവത്തിന് ഒരു ഉത്തമ ദൃഷ്ടാന്തമാണ്. ഇദ്ദേഹത്തിൻെറ സ്വഭാവത്തിലുള്ള ഈ വിശിഷ്ടഗുണത്തിനു രാമായണത്തിൻെറ ആരംഭ ഘട്ടത്തിലും ദൃഷ്ടാന്തമുണ്ട്. "ബ്രഹ്മപാദജനജ്ഞാനിനാമാദ്യനായുള്ളോ രുഞാൻ" എന്നാണ് അദ്ദേഹം തന്നെപ്പററി പറഞ്ഞിരിക്കുന്നതു്. ഇ തിനുംപുറമെ അദ്ദേഹത്തിനോടു വിരോധം പ്രദശിപ്പിച്ചിട്ടും ബ്രാഹ്മണ രെ അദ്ദേഹം ഭൃത്യഭാവേന ഭക്തിപൂവം ആദരിച്ചുവന്നുവെന്നുള്ളതു് അദ്ദേ ഹത്തിൻെറ മഹാമനസ്കതയെ സൂചിപ്പിക്കുന്നു.

കിളിപ്പാട്ട് ഒരു പുതിയമാതിരിയിലുള്ള വൃത്തമാണെന്നും അതു മലയാളത്തിനു പ്രത്യേകമായിട്ടുള്ളതാണെന്നും തോന്നുന്നു. നമ്മുടെ കവി ഈ വൃത്തത്തിൻെറ പല തരഭേദങ്ങളും ഒരു ക്ലിപ്തസീമക്കുള്ളിൽ പ്രയോഗിച്ചുകാണുന്നുണ്ട്. ഈ വിശേഷരീതിയിലുള്ള വൃത്തം അതിൻെറ മന്ദവും ഗംഭീരവുമായ ഗതികൊണ്ടും ഏകരീതിയിലുള്ള ശബ്ദലയംകൊണ്ടും ഇദ്ദേഹം സ്വീകരിച്ചിരുന്നതുപോലെയുള്ള മഹനീയ വിഷയങ്ങളുടെ പ്രതിപാദനത്തിന് എത്രയും യോജിച്ചതായിരുന്നു.

# കഷ്ടകവൃത്തി

(ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ എം. എ., ബി. എൽ. എം. ആർ. എ. എസ്സ.)

(തുടർച്ച)

പ്രജകളുടെ സുഖംതന്നെയാകുന്നു രാജാവിൻെറ സുഖം.

“പ്രജാസുഖേസുഖം രാജ്ഞാം
പ്രജാനാഞ്ചഹിതേഹിതം;
നാത്മപ്രിയംഹിതംരാജ്ഞഃ
പ്രജാനാന്തുപ്രിയംഹിതം”

എന്നു കൌടലീയം ഘോഷിക്കുന്നു. വൃക്ഷച്ഛേദംകൊണ്ടുള്ള ഫലോപഭോഗം ഒരിക്കൽ മാത്രമാകുന്നു. പ്രജാവിഭവമാകുന്നു രാജാവിൻെറ ഭണ്ഡാരാന്തരമെന്നു സോമദേവൻ പ്രസ്താവിക്കുന്നു. രാജാവിനു പ്രജകളും പ്രജകൾക്കു രാജാവും ഒന്നുപോലെ രക്ഷയാകുന്നു. ആശ്രമവാസപർവ്വത്തിൽ ഹസ്തിനാപുരം വിട്ടുപിരിയുന്ന സന്ദർഭത്തിൽ ധൃതരാഷ്ട്രചക്രവർത്തി ധർമ്മപുത്രരേയും പ്രജാസഞ്ചയത്തേയും തൻെറ മുൻമ്പാകെ വരുത്തി പ്രജകളോട് ഇങ്ങനെയാണു പറയുന്നത്.

“ആവശ്യമേവവക്തവ്യ-
മിതികൃത്വാബ്രവീമിവഃ,
ഏഷന്യാസോമയാദത്തഃ
സർവ്വേഷാംയോയുധിഷ്ഠിരഃ;
ഭവന്തോസ്യചവീരസ്യ
ന്യാസഭൂതാഃകൃതാമയാ.”

"നിങ്ങളോട് ഒരു കാര്യം പറഞ്ഞേ പോകാവൂ എന്നുവിചാരിച്ച് പറയുകയാണ്. നിങ്ങളെല്ലാവരുടേയും കൈയിൽ ഞാൻ ഈ യുധിഷ്ഠിരനെ ഒരു ന്യാസമായി (പണയംപോലെ സൂക്ഷിച്ചുകൊള്ളേണ്ട ഒരു വസ്തുവായി) ഏല്പിക്കുന്നു; നിങ്ങളേയും വീരനായ ഇവന്റെ കൈയിൽ ഞാൻ ഒരു ന്യാസമായി നിക്ഷേപിക്കുന്നു." ഈ ശ്ലോകത്തിൽ വേദവ്യാസൻ നിർദ്ദേശിക്കുന്ന രാജപ്രകൃതിധർമ്മം എത്ര മഹനീയമാണെന്ന് അനുസന്ധാനം ചെയ്യുംതോറും അധികമധികമായി ബോധപ്പെടും. ഭാരതവർഷത്തിലെ കർഷകന്മാരുടെ അഭ്യുദയത്തിൽ രാജാക്കന്മാർ എപ്പോഴും ശ്രദ്ധാലുക്കളായിരുന്നു.

| | |
|---|---|
| തപയാനപീഡ്യതെരാഷ്ട്രം? | ചെയ്യിലല്ലൊ രാജപീഡ; |
| കച്ചിത്തുഷ്ടാഃ കൃഷീവലാഃ? | കൃഷിക്കാർ തുഷ്ടരല്ലയൊ? |
| കച്ചിദ്രാഷ്ട്രേതടാഗാനി | രാഷ്ട്രത്തിങ്കൽ ജലംക്രട്ടും |
| പൂർണ്ണാനിചബൃഹന്തിച | വൻതടാകങ്ങളില്ലയൊ? |
| ഭാഗശോവിനിവിഷ്ടാനി? | ഇടയ്ക്കിടയ്ക്കു മഴകൊ- |
| നകൃഷിർദ്ദേവമാതൃക? | ണ്ടല്ലല്ലൊ കൃഷിവർദ്ധന? |
| കച്ചിന്നബീജംഭക്തഞ്ച | വിത്തും നെല്ലും കൃഷിക്കാർക്കു |
| കർഷകസ്യാവസീദതി? | പാഴാകുന്നില്ലയല്ലയൊ? |

(കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ തർജ്ജിമ)

എന്നു നാരദൻ യൌവരാജ്യാധിഷ്ഠിതനായ യുധിഷ്ഠിരനോടു രാജസൂയയാഗത്തിനു മുൻപായി ചോദിക്കുന്നതു നോക്കുക. കർഷകന്മാരുടെ ക്ഷേമസ്ഥൈര്യവീര്യവിജയങ്ങളെ പക്ഷീകരിച്ച് ഒരു ഭരണക്രമത്തിന് എന്തു ചെയ്യുവാൻ കഴിയുമോ അതുതന്നെയാകുന്നു നയനാനന്ദദമായ കാഴ്ച; "കച്ചിത്തുഷ്ടാഃ കൃഷീവലാഃ?" എന്ന ചോദ്യത്തിന് അനുകൂലമായ ഉത്തരം കേൾക്കുന്നതാകുന്നു കർണ്ണാമൃതമായ സംഗീതം.

ഭാരതവർഷത്തിൽ കർഷകവൃത്തി പല കാരണങ്ങളെക്കൊണ്ടും പരിതാപകരമായ ഒരു പതനത്തിൽ എത്തിക്കഴിഞ്ഞിരിക്കുന്നു. ഇന്നത്തെ കൃഷിക്കാർക്ക് പഴയ സമ്പ്രദായങ്ങളിലുള്ള വിശ്വാസം പമ്പകടന്നിരിക്കുന്നു; പുതിയ സമ്പ്രദായങ്ങളിലുള്ള വിശ്വാസം പുലർവേള കണ്ടിട്ടുമില്ല. വിദേശങ്ങളിൽ നിന്നാകുന്നു ഒരു വിദ്യ വന്നുചേർന്നിട്ടുള്ളതെന്ന കാരണത്താൽ മാത്രം അതിനെ ആരും പരിത്യജിക്കണമെന്നില്ല. "സ്ത്രീരത്നം ദുഷ്കുലാദപി" എന്നാകുന്നു ഈ വിഷയത്തിൽ ഒരു പ്രാചീനന്യായമുള്ളതു്. കൃഷിയെപ്പററിതന്നെ

"അമേദ്ധ്യേഷുചയേവൃക്ഷാ-
ഉപ്താഃപുഷ്പഫലോപഗാഃ

തേഷാമപിനദൃഷ്യന്തി
പുഷ്പാണിച ഫലാനിച."

അതായതു് "അമേദ്ധ്യത്തിൽ നട്ടുണ്ടായ വൃക്ഷങ്ങളുടെ പുഷ്പഫലങ്ങളും പരിശുദ്ധങ്ങളാണ്." എന്ന അൎത്ഥത്തിൽ ഒരു പദ്യമുണ്ടു്. വിദേശീയമാണെന്നുവച്ചു മാത്രം ഒരു വിദ്യ ദൂഷ്യലമൊ അശുദ്ധമൊ ആകുന്നതല്ല; ആയാൽതന്നെയും അതു വിദ്യയാണെങ്കിൽ വേദിതവ്യവുമാണ്. പരശുരാമൻെറ വെണ്മഴുവും ബലഭദ്രൻെറ കലപ്പയും മററും അവരുടെ കാലത്തിനു യോജിച്ചിരുന്നിരിക്കാം. ഇന്നത്തെ സ്ഥിതിക്കു —അപചീയമാനാഭായന്യായം ഭാരതവൎഷത്തിൽ പല കൃഷിഭൂമികളേയും സ്പൎശിച്ചു കഴിഞ്ഞിരിക്കുന്ന സ്ഥിതിക്കു് ആ ഉപകരണങ്ങൾ പരിഷ്കരിക്കേണ്ട ആവശ്യം നിശ്ചയമായി നേരിട്ടുകഴിഞ്ഞിരിക്കുന്നു. കൃഷിക്കാർ അവരുടെ നിലങ്ങൾ മണ്ണു വേണ്ടപോലെ ഇളകിമറിയത്തക്കവണ്ണം ഉഴണം; അതു അവർ ചെയ്യുന്നതുവരെ ഉപദേശമാകുന്ന ശീലക്കലപ്പകൊണ്ടു കൃഷിവകുപ്പുകാർ അവരുടെ ഉൾതടങ്ങളും ഉഴണം; എങ്കിലെ ഉദ്ദിഷ്ടഫലം സിദ്ധിക്കയുള്ളു. ഇതുപോലെ വളം, നടൽമുതലായവയെപ്പററിയും പ്രസ്താവിക്കേണ്ടതുണ്ടു്.

കൎഷകനു് എന്നല്ല ഏതു വ്യവസായിക്കും -മൊത്തത്തിൽ പറയുകയാണെങ്കിൽ ഏതു പുരുഷനും — ഇദംപ്രഥമമായി വേണ്ട ഗുണം ശ്രദ്ധയാകുന്നു. ശുചിയും(?)അശ്രദ്ധാനനമായുള്ള ഒരുവൻെറയൊ അശുചിയും ശ്രദ്ധാലുവുമായ അന്യൻെറയോ ഹവിസ്സിന്നു ശുദ്ധിയെന്നു ദേവന്മാർ തൎക്കിച്ചു രണ്ടും തുല്യമെന്നു സമാധാനപ്പെട്ടതായും ഒടുവിൽ ബൃഹസ്പതിയോടു സംശയം ചോദിച്ചതിൽ ആ ആചാൎയ്യൻ "ശ്രദ്ധാപൂൎവം വിശിഷിതേ" "ശ്രദ്ധയാൽ ശുദ്ധമായുള്ളതിനാണു വിശേഷം" എന്നു വിധിച്ചതായും വേദം ഘോഷിക്കുന്നു.

"അശ്രദ്ധയാഹുതംദത്തം
തപസ്തപ്തംകൃതഞ്ചയൽ
അസദിത്യുച്യതേപാൎത്ഥ!
നചതൽപ്രേത്യനോഇഹ"

അതായതു് അശ്രദ്ധയോടു കൂടി ഹോമിക്കുകയൊ ദാനം ചെയ്യുകയൊ തപസ്സുചെയ്യുകയൊ മറെറന്തെങ്കിലും കൎമ്മം അനുഷ്ഠിക്കുകയൊ ചെയ്താൽ അതു ചീത്തയെന്നു പറയപ്പെടുന്നു. അല്ലയൊ അൎജ്ജുന! ആ കൎമ്മംകൊണ്ടു് ഇഹത്തിനും പരത്തിനും പ്രയോജനമില്ല." എന്നു ഭഗവാൻ മുരളീഗായകൻഗീതയിൽ അനുശാസിക്കുന്നു. അൎത്ഥങ്ങൾ അകൎമ്മശീലനെ ഭജിക്കുന്നില്ല എന്നും ത്രൈലോക്യവും സൃഷ്ടിച്ച ഭഗവാൻ ശ്രീനാരായണൻപോ

ല്യം നിരന്തരം സമുദ്രത്തിൽ തപസ്സുചെയ്യുന്നു എന്നും തപസ്സിന്റെ ശക്തി കൊണ്ടാകുന്നു നിന്തിരുവടി സർവ്വേശ്വരനായി സമുല്ലസിക്കുന്നതു് എന്നും വേദവ്യാസൻ അനുശാസനപർവ്വത്തിൽ ഉപന്യസിക്കുന്നുണ്ട്. അനല്പ സമൃദ്ധമായ ഗ്രാമമാകുന്നു വാസയോഗ്യമെന്നു ബോധായനൻ പറയുന്നതിന്റെ താല്പര്യവും ഇതുതന്നെയാകുന്നു. ഉത്സാഹം ശത്രുവെന്നു തോന്നും; വാസ്തവത്തിൽ മിത്രമാണ്; ആലസ്യം മിത്രമെന്നു തോന്നും; വാസ്തവത്തിൽ ശത്രുവാണ്; വിദ്യ വിഷമെന്നു തോന്നും; വാസ്തവത്തിൽ അമൃതമാണ്; വിഹാരം അമൃതമെന്നു തോന്നും, വാസ്തവത്തിൽ വിഷവുമാണ്. "പ്രാക് പ്രാതരാശാൻ കർഷീസ്യാൽ" എന്നു പ്രാചീനാചാര്യന്മാർ ഉപദേശിക്കുന്നുണ്ട്. ഇക്കാലത്തു് എത്രപേരാണ് മുത്താഴംവരെ ഒന്നും കഴിക്കാതെ കർഷകവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നതു്? മുറിക്കുപ്പായവും കണ്ഠകൌപീനവും ധരിച്ച പുത്തൻകൂററുകാരിൽ ആരുംതന്നെ ഉണ്ടാവില്ലെന്നു ധൈര്യമായി പറയാം.

പാശ്ചാത്യന്മാർ ഭൌതികദാസന്മാരും പൌരസ്ത്യന്മാർ പരബ്രഹ്മനിഷ്ഠന്മാരുമാണെന്നു പട്ടിണികിടന്നുകൊണ്ടു ദിവാസ്വപ്നം കാണുന്നവരാകുന്നു നമ്മിൽ പലരും. പാശ്ചാത്യന്മാർ പാടെ ചാർവാകന്മാരല്ല; നാമെല്ലാം ശങ്കരാചാര്യന്മാരുമല്ല. ബ്രഹ്മവിദ്യയും മററുവിദ്യകളും ഉപജീവനവിദ്യയ്ക്കു പിന്നീടേ നേടേണ്ടതുള്ളു.

"താവദ്വിദ്യാനവദ്യാപ്രഭവതിവിദുഷാം;
താവദാചാരധാരാ;
താവൽസ്നിഗ്ദ്ധാതിമുഗ്ദ്ധഃ പ്രഭവതികവിതാ-
ഡംബരഃരാവാഗ്വിലാസഃ;
യാവന്നോദേതിപാകാകുലകുലഗൃഹിണീ-
വ്യാകുലാപത്യവക്ത്രാ
ന്നൈവാമ് ളം,നാപിതൈലം,നചലവണമപീ-
ത്യാദിവാചാംപ്രചാരഃ"

വിദ്യയും ആചാരവും കവിതയും വാഗ്മിത്വവും എല്ലാം അടുക്കളയിൽ പാകംചെയ്യുന്ന ഭാര്യ പറഞ്ഞയിച്ചിട്ടു കുഞ്ഞുങ്ങൾ വന്ന് 'അച്ഛാ, പുളിയില്ല; വെളിച്ചെണ്ണയില്ല; ഉപ്പില്ല എന്നു മുറയിടുന്നതുവരെയേ പരിലസിക്കുകയുള്ളു; അതിനപ്പുറമില്ല; എന്നുള്ളതു നാം മറന്നുകളയരുതു്. പരാന്നംകൊണ്ടു പ്രാണരക്ഷണം ചെയ്യുക എന്നതു് ഒന്നിനൊന്നു പ്രയാസമായി തീർന്നിരിക്കുന്നു.

"ദുർല്ലഭാനിപരാന്നാനി
പ്രാണാജന്മനിജന്മനി"

"പരാന്നങ്ങളാണ് ദുർല്ലഭങ്ങൾ; മരിച്ചാൽ അടുത്തജന്മത്തിലെങ്കിലും മറൊരു പ്രാണൻ കൈവശമാകും" എന്ന കവിവാക്യം അനുക്ഷണം അൎത്ഥവത്തായി തോന്നിത്തുടങ്ങിയിരിക്കുന്നു. സേവാവൃത്തി പുറംമറയ്ക്കുവാനൊ മുഖം ചൊറിയുവാനൊ ഉപയോഗപ്പെടാത്ത ശപപുച്ഛമാണെന്ന് അറിയാത്തവൻെറ വിശേഷബുദ്ധി വിശേഷംതന്നെ.

"വേദഃകൃഷിവിനാശായ;
കൃഷിർവേദവിനാശിനി:
ശക്തിമാനുഭയംകുൎയ്യ-
ദശക്തസ്തുകൃഷിംത്യജേൽ"

"വേദം പഠിച്ചാൽ കൃഷിചെയ്യാനൊക്കുകയില്ല; കൃഷിചെയ്താൽ വേദം പഠിക്കാനും ഒക്കുകയില്ല; സാമൎത്ഥ്യമുള്ളവൻ വേദവും പഠിക്കണം കൃഷിയും ചെയ്യണം. സാമൎത്ഥ്യമില്ലാത്തവൻ കൃഷി വിട്ടുകളയണം" എന്ന് ബോധായനൻ ഉപന്യസിച്ചതു് ഭാരതവൎഷത്തിൻെറ അന്നത്തെ പരിതഃസ്ഥിതിക്കു അനുഗുണമായിരുന്നു. മനുഷ്യനു കായികവും മാനസികവുമായ പോഷണം ആവശ്യമാണെന്നും രണ്ടും ഒന്നിച്ചു ലഭിക്കുവാൻ പ്രയത്നിക്കുന്നതാണ് ആശാസ്യമെന്നും എന്നാൽ വല്ല കാരണവശാലും ഒന്നിനെ ഉപേക്ഷിക്കണമെങ്കിൽ അതു് പാരലൌകികമായ ആത്മീയസംസ്കരണമായിരിക്കരുതെന്നുമാണ് അദ്ദേഹത്തിൻെറ അഭിസന്ധി. പക്ഷെ കായികപോഷണം അസാദ്ധ്യമായുള്ള ഒരു കാലത്തിൽ ആത്മീയസംസ്കാരത്തെ മാത്രം അഭിമുഖീകരിച്ചു പ്രവൎത്തിക്കുന്നതു മൌഢ്യമാകയാൽ ഇന്നത്തെ പരിതഃസ്ഥിതികൾക്ക് "അശക്തസ്തുകൃഷിം ഭജേൽ" എന്നു പാഠഭേദം ചെയ്തു, ആ പദ്യം പാരായണം ചെയ്യേണ്ടതായി വരുന്നു. "സൎവ്വസണ്ട്റയേഷുധാന്യസണ്ട്റഹോബലീയാൻ" എന്നുണ്ടല്ലൊ. പ്രാചീനകാലത്തിലെ നടപടികൾ ഇന്നത്തെ കാലദേശാവസ്ഥകൾക്കു യോജിക്കുന്നില്ലെങ്കിൽ അവയെ നമുക്കു പരിഷ്കരിക്കുവാൻ ധാരാളം അവകാശമുണ്ട്. ശിഷ്ടാചാരത്തിനു പൂൎവ്വാചാരത്തെ ഭേദപ്പെടുത്തുവാനുള്ള അധികാരത്തെ ആൎക്കും അപലപിക്കാവുന്നതല്ല. സമ്യഗ്വിനീതന്മാരും, വൃദ്ധന്മാരും, ആത്മവാന്മാരും, അലോലുപന്മാരും, അദാംഭികന്മാരുമായുള്ളവരുടെ വൃത്തത്തെ ഭജിക്കണമെന്ന് ആപസ്തംബൻ. വിഗതമത്സരന്മാരും, നിരഹങ്കാരന്മാരും, കുംഭീധാന്യന്മാരും, * അലോലുപന്മാരും, ലോഭമോഹക്രോധാദിവൎജ്ജിതന്മാരുമായുള്ളവരുടെ ആചാരത്തെ സ്വീകരിക്കണമെന്നു ബൊധായനൻ. നമുക്ക് ഇക്കാലത്തെ ശിഷ്ടന്മാർ മഹാത്മാഗാന്ധി, പണ്ഡിതമാളവീയജി, രവീന്ദ്രനാഥടാഗോർ മുതലായ പുണ്യപുരുഷന്മാരാകുന്നു. "പണ്ടുള്ളവർ ചിലപ്പോൾ

*പത്തു ദിവസത്തേക്കുള്ള ഭക്ഷണത്തിനുമാത്രം വേണ്ട ധാന്യം കൈവശമുള്ളവർ.

ധമ്മവ്യതിക്രമമൊ സാഹസമൊ ചെയ്തിരുന്ന എങ്കിൽ തങ്ങളുടെ തേജോവിശേഷം കൊണ്ടു അവക്ക് അതിൽനിന്ന ദോഷമൊന്നുമുണ്ടായില്ല; ഇന്നുള്ളവർ അവരെപ്പോലെ തുടങ്ങിയാൽ നശിക്കുകയെ ഉള്ളു" എന്ന് ആപസ്തംബൻ ഒരവസരത്തിൽ സൂചിപ്പിക്കുന്നത് വൈദികകാലങ്ങളിൽ ഇല്ലാതിരുന്നതും ഇടക്കാലങ്ങളിൽ മാത്രമുണ്ടായതുമായ ചില ആചാരങ്ങളെ പുലത്തുന്നതിന വേണ്ടിയാണെങ്കിലും അതിൽനിന്ന് ഒരു പാഠം നമുക്കു പഠിക്കുവാനുള്ളതു് മുൻപുള്ളവക്ക് ധമ്മമായി തോന്നിയതു് ഇക്കാലത്തെ ശിഷ്ടന്മാക്ക് ധമ്മവ്യതിക്രമമെന്ന തോന്നിപ്പോയാൽ അതിന്ന് അവരെ ശിക്ഷാഹന്മാരാക്കേണ്ടതില്ല എന്നുള്ളതാകുന്നു.

"ഗ്രാമീണപുനരുദ്ധാരണം" എന്നൊരു പദത്തിന്റെ പ്രതിധ്വനി ഇപ്പോൾ ലോകമെങ്ങും കേൾക്കാനുണ്ട്. ഗ്രാമങ്ങളിൽനിന്ന നഗരങ്ങളിലേക്കുള്ള ജനപ്രവാഹത്തെ ഏററവും ബലവത്തായ ഒരു സേതുബന്ധനം മൂലം തടഞ്ഞുനിറുത്തേണ്ടതു ഭാരതവഷത്തിന്റെ ഭാവിക്ഷേമത്തിന പരമപ്രയോജകമാകുന്നു. പണ്ടും നമ്മുടെ മാതൃഭൂമിയിൽ ഇത്തരത്തിലുള്ള ഒരു പ്രവാഹം സ്മൃതികത്താക്കന്മാരും രാജാക്കന്മാരും ഏററവും ഹൃദയോദ്വേഗത്തോടുകൂടിയാകുന്ന വിക്ഷിച്ചുവന്നതു എന്നുള്ളതിന പല ഉദാഹരണങ്ങളും എനിക്കു ഉദ്ധരിക്കുവാൻ കഴിയും. ബോധായനൻ വ്യസനത്തോടുകൂടി പറകയാണ്:—

"പുരരേണുകുണ്ഠിതശരീര-
സ്തൽപരിപൂണ്ണനേത്രവദനശ്ച
നഗരേവസൻ സുനിയതാത്മാ
സിദ്ധിമവാപ്സ്യതീതിനഭസ്തി

എന്ന്. അതായതു് നഗരങ്ങളിൽ താമസിച്ച് അവിടത്തെ രാജപാതകളിലെ പൊടി ദേഹത്തിൽ പുരണ്ട് ആ പൊടി കണ്ണിലും മുഖത്തിലും നിറഞ്ഞ ഒരുവന ആത്മസംയമനം വരുത്തി സിദ്ധിയെ പ്രാപിച്ചുകൊള്ളാമെന്നാഗ്രഹമുണ്ടെങ്കിൽ അതൊരിക്കലും ഫലവത്താകുന്നതല്ല." എന്ന് ആ ആചാര്യൻ മുക്തകണ്ഠം മുറയിടുന്നു. മാനസികമായും കായികമായും ദോഷമല്ലാതെ ഗുണമല്ല നഗരവാസം കൊണ്ടുണ്ടാകുന്നതു എന്ന രണ്ടായിരത്തിമൂന്നൂറു കൊല്ലം മുൻപു ഒരു മഹഷി അഭിപ്രായപ്പെടുന്നുവെങ്കിൽ ഇന്ന് ആ അഭിപ്രായത്തിന നാം എത്രമാത്രം വിലകല്പിക്കണമെന്ന പറയേണ്ടതില്ലല്ലൊ. ഗ്രാമാഭിമാനം അഥവാ ഗ്രാമപക്ഷപാതം എന്നൊരു നവീനാദശം നമ്മിൽ ഉൽബുദ്ധമാകേണ്ട കാലം സന്നിഹിതമായിരിക്കുന്നു. നിവൃത്തിയുള്ളെടത്തോളം അവനവന്റെ ഗ്രാമത്തിൽ താമസിക്കുക; ആ ഗ്രാമത്തിൽ ഉണ്ടാകുന്നതൊ, ഉണ്ടാകാവുന്നതൊ, വാങ്ങിക്കാവുന്നതൊ

ആയ സാധനങ്ങൾ കൊണ്ടു തൃപ്തിപ്പെടുക; അവിടത്തെ കൈത്തൊഴിൽ വേലക്കാരെ കർമ്മകുശലന്മാരാക്കി അവരെക്കൊണ്ട് ആവശ്യങ്ങൾ നിർവഹിക്കുക; അവിടത്തെ ജനതയിൽ സ്വാതന്ത്ര്യസമത്വസാഹോദര്യബുദ്ധി വളർത്തുക; അവിടം ചുരുക്കത്തിൽ ഒരു മാതൃകാഗ്രാമം—രാഷ്ട്രസ്വർഗ്ഗത്തിലെ നന്ദനോദ്യാനം—ആക്കിത്തീർക്കുക;—ഇത്തരത്തിലുള്ള സദ്വ്യവസായത്തിൽ ഓരോ ഭാരതീയനും ഏർപ്പെട്ടാമെങ്കിൽ അന്നത്രേ ഭാരതവർഷത്തിനു കലിയുഗാസ്തമനം-കൃതയുഗോദയം. അല്ലാതെ രാഷ്ട്രശരീരത്തിന്റെ അപൂർവ്വം ചില അംഗങ്ങൾക്കുമാത്രം ശോഷവും ബാക്കിയുള്ള അംഗങ്ങൾക്ക് ശോഷവും ബാധിക്കത്തക്ക ഇന്നത്തെ ദിനചര്യ നാം ഇത്തരത്തിൽ തുടർന്നുകൊണ്ടുപോകുന്നതായാൽ ആ ശരീരം എത്രനാൾ നിരോഗമായി നിലനില്ക്കും?

"നാഖം സ്സമ്പന്നമശ്നാതി;
നാകുമാരഃപ്രമോദതേ;
നശ്രീരകൃഷ്ണമാണസ്യ
നാഭ്രാതൃവ്ധാതേബലം."

"അതായത് മോഷ്ടിച്ചുണ്ണുന്നവന് സുഭിക്ഷമായി ഭുജിക്കുവാൻ സാധിക്കുന്നതല്ല; മനുഷ്യന്നു കൌമാരത്തിലല്ലാതെ ആനന്ദത്തിന്ന് അവകാശമില്ല; കൃഷിവലനല്ലാത്തവനെ ലക്ഷ്മി കടാക്ഷിക്കുന്നില്ല; ഭ്രാതാവില്ലാത്തവന്, അതായത് സുഹൃത്തില്ലാത്തവന് ബലവുമില്ല." എന്നു ത്രികാലജ്ഞനായ വ്യാസഭഗവാൻ അരുളിച്ചെയ്തിട്ടുള്ളതു് ഇന്നും ഭൂതാർത്ഥം തന്നെ. പക്ഷേ കൃഷി നാം ശ്രദ്ധയോടുകൂടിച്ചെയ്യണം; മൈത്രിയോടുകൂടി ചെയ്യണം; ഗ്രാമാഭിമാനത്തോടു കൂടിയും ചെയ്യണം. അത്രമാത്രം ഒന്നു് ആവശ്യമുണ്ടു്. അത്രേയുള്ളു താനും.

# ദിവ്യസാന്ത്വനം.

(ഡി. ഗോവിന്ദൻ കർത്താവ്.)

പ്രാചീനചരിത്രപുരുഷന്മാരിൽ സർവ്വോത്തമനായ ത്യാഗിവര്യനാണ് ശ്രീബുദ്ധമുനി. പ്രേമമൂർത്തിയായ ആ മഹാത്മാവിന്റെ അപദാനങ്ങളെ പുരസ്കരിച്ച് ഉത്തരഭാരതീയർ കീർത്തിക്കുന്ന അത്ഭുതകഥകളിൽ ഒ

ന്നാണ് ഈ ലേഖനത്തിന്റെ വിഷയമായ കവിതയുടേയും വിഷയം. ചരിത്രാനുബന്ധികളായ ചെറുകഥകളെ തന്മയത്വംവരുത്തി കവിതനിർമ്മിച്ച് തദ്വാരാ ശാന്തിയും സമാധാനവുംതന്നെ ആത്മനിർവൃതിയരുളുന്നതിൽ മഹാകവി ഉള്ളൂരിന്റെ വൈദഗ്ദ്ധ്യം അതിനുമാത്രം പ്രശസ്തമാണ്. ശ്രീബുദ്ധമുനിയുടെ ദിവ്യസാന്ത്വനവാണി 'വിശാഖ' യ്ക്കെന്നപോലെ ഉള്ളൂരിന്റെ ദിവ്യഗാനം മലയാളികൾക്കും മനശ്ശാന്തിയെ പ്രദാനംചെയ്യുന്നു.

സൽകുലജാതയും, ഗുണവതിയും, ഈശ്വരഭക്തയും, ഐശ്വര്യവതിയും ആയി ഉത്തരയിൻഡ്യയിലെ ശ്രാവസ്തിനഗരത്തിൽ പാർത്തിരുന്ന ഒരു പുണ്യവതിയാണ് വിശാഖ. ആ സാധ്വിയുടെ "ആറവുനോററുണ്ടായ" ഉണ്ണി മരിച്ചുപോയതുകൊണ്ട് ആ ദേവി "കത്തിയെരിയും കരളുമായി" പുത്രശവവും കൈയിലേന്തി തെരുവുനീളെ നടന്നു വിളിച്ചുനിലവിളിക്കുന്നു. ദയനീയമായ വിലാപത്തിൽ കനിവുദിച്ച നഗരവാസികൾ സഹതപിച്ചതേ ഉള്ളൂ; ആരും സമാധാനിപ്പിക്കാൻ പ്രാപ്തരായില്ല. അവരിൽ ഒരുവൻ

"..................സോദരീ!
നീകരയേണ്ട;നിനക്കുഭൈക്ഷ്യം
കൈവളർത്തീടുവാൻസംഘാരാമത്തിങ്കൽ
ദേവൻതഥാഗതനുണ്ടിരിപ്പൂ.
നേർത്താലുംചെന്നുടൻനിയബ് ഭഗവാനെ-
പ്പാർനാലുംപത്തുംപണിയുവോനെ."

എന്നുപറഞ്ഞതുകേട്ടു വിശാഖ ആക്രന്ദനം നിർത്തി അങ്ങോട്ടു ഗമിച്ച്,

"ആയുസ്സിക്കുഞ്ഞിന്നരുളേണേപാരിന്നു
തായുംതകപ്പനുമായുള്ളോനേ."

എന്നു പ്രാർത്ഥിക്കുന്നു. ലോകജിത്തും എന്നാൽ ദീനബന്ധുവുമായ ശ്രീബുദ്ധമുനിയുടെ ദിവ്യസാന്ത്വനമാകുന്ന പരമാനന്ദരസായനം പാനംചെയ്തു ഹൃദയം തെളിഞ്ഞ വിശാഖ,

സ്വാമിൻജയിച്ചേൻഞാൻ; സ്വാമിൻജയിച്ചേൻഞാൻ;
കാമിതംനേടിനേൻകാരണാത്മൻ."

എന്ന് ആഹ്ലാദിച്ചും

"എൻകിടാവല്ലിതു; ഞാനിതിൻതായല്ല;
ശങ്കിനിയല്ലഞാൻ; തപ്തയല്ല;
തത്വോപദേശത്താൽ ധന്യയായ് തീർന്നേൻഞാൻ."

എന്നു സമാധാനിച്ചും ആ സംഘാരാമത്തിൽ ഒരു ബുദ്ധഭിക്ഷുണിയായി താമസിക്കുന്നു. ഇതാണ് ദിവ്യസാന്ത്വനത്തിലെ കഥ.

പ്രസ്തുതകവിതയിലെ ആദൎശം മമതാബന്ധം വിട്ടുള്ള ത്യാഗംകൊണ്ടേ മനുഷ്യൻ ഉൽകൃഷ്ടനായിത്തീരു എന്നാണ്. ബുദ്ധമതത്തിൻേറയും ഹിന്തുമതത്തിൻേറയും തത്വങ്ങളും ഈ വിശിഷ്ടാദൎശത്തെയാണ് പ്രതിപാദിക്കുന്നതു്. മതവിശ്വാസം മനുഷ്യരെ ഭിന്നിപ്പിച്ചു വലിയ കലഹങ്ങൾക്ക് ഇടയാക്കിത്തീൎക്കുന്നു എന്നു് പ്രബലാഭിപ്രായമുള്ള ഇക്കാലത്തു ഒരു പ്രത്യേക മതത്തെ അധികരിച്ചു ജ്ഞാനോപദേശം ചെയ്യുന്നതിലുള്ള വിഷമതയൊ വിശേഷമില്ലായ്മയൊ മഹാകവി മനസ്സിലാക്കിയതിൻെറ ഫലമല്ലേ ഈ മട്ടിൽ പുറപ്പെട്ടതെന്നൂഹിക്കാൻ ന്യായമുണ്ടു്. ബുദ്ധമുനി ഈശ്വരാവതാരമെന്നൊ ദൈവപുത്രനെന്നൊ തനിക്കഭിപ്രായമില്ലെന്നു

"എന്നെമറിച്ചുധരിക്കൊലാവത്സ!നീ;
നിൎണ്ണപ്പോൾഞാനൊരുമൎത്ത്യൻമാത്രം."

എന്ന ഭാഗംകൊണ്ടു വ്യക്തമാകുന്നുണ്ടല്ലൊ. ദയാലുവായ ഒരു സാധാരണ മനുഷ്യൻ അനുതാപാകുലനായി, ആൎത്തയായ ഒരു തരുണീമണിയെ ആശ്വസിപ്പിക്കാൻപയോഗിക്കുന്ന യുക്തിവാദങ്ങളെ ഉപകരണമാക്കി അനുകരണീയമായ വിശിഷ്ടാദൎശത്തെ നിൎമ്മിക്കാനുള്ള ശ്രമം അത്യന്തം സ്തുത്യൎഹമാകുന്നു. സഹൃദയോദ്വേഗജനകമായ ഈ ഗാഥയിൽ വേറൊരാദൎശംകൂടി പററിനില്പുണ്ടു്. അതു് "എച്ചിലിലക്കുകടിപിടികൂട്ടിക്കുന്ന പശ്ചിമഭൌതിക ശാസ്ത്രജ്ഞാനം," ഭാരതീയരുടെ അദ്ധ്യാത്മജ്ഞാനമാകുന്ന ദിവ്യദീപപ്രഭയിൽ"മിന്നുന്നസൂൎയ്യൻ വിളങ്ങുന്നേരം" മിന്നാമ്മിനുങ്ങെന്നവണ്ണം മങ്ങിപ്പോവുന്നതാണെന്നാകുന്നു.

ദിവ്യസാന്ത്വനത്തിലെ രചനാരീതി സഹൃദയഹൃദയവേദ്യമത്രെ. സമസൃഷ്ടികളുടെ സങ്കടത്തിൽ അനുകമ്പയുണ്ടാവുക മനുഷ്യസാധാരണമാണു്. അതിനുത്തേജകമായ വിലാപത്തോടുകൂടി ഗാഥ തുടങ്ങുന്നതിങ്ങനെയാണു്.

അയ്യൊ!മാലോകരേ!ജീവൻവെടിഞ്ഞൊരെൻ
തയ്യോമൽക്കുഞ്ഞിൻതളിർമെയ്കാൺമിൻ;
മാതാപിതാക്കളെ!ജായാപതികളെ!
ഭ്രാതാക്കന്മാരേ!ഭഗിനിമാരേ!
നെഞ്ഞലിവുള്ളോരേ!നിങ്ങളോടൊന്നുഞാ-
നഞ്ജലികൂപ്പിയിരന്നീടുന്നേൻ;
പാവമിക്കുഞ്ഞിനെപാലിപ്പാനാരാനും
പാവനജീവനഭൈക്ഷമേകി."

ഈ വിലാപവും അതിനെ തുടൎന്നുള്ള അപേക്ഷയും ശ്രവിച്ചാൽ ഉള്ളലിയാത്തവരും അനുതപിക്കാത്തവരുമുണ്ടെങ്കിൽ അവരെ മനുഷ്യരെന്നു പറ

യാമൊ?. അഞ്ജലിക്രുപ്പിയിരിക്കുന്നതു 'പാവനജീവനഭൈക്ഷ്യ'മാണ്. അതു കൊടുക്കുക അസാദ്ധ്യമാണുതാനും. തന്മൂലം ശ്രാവസ്തിയിലെ നാഗരികന്മാർ അതിൽ വിമുഖരായേക്കാം, തുല്യദുഃഖരാവുമ്പോൾ സാദ്ധ്യാസാദ്ധ്യവിചാരമുണ്ടാകുന്നതല്ലല്ലൊ. അതിന് "മാതാപിതാക്കളെ"! എന്നിത്യാദിസംബോധനകൾ എത്രകണ്ടു ഉചിതമായിരിക്കുന്നു എന്നു നോക്കുക. വാത്സല്യം, പ്രേമം, സ്നേഹം എന്നീ വികാരങ്ങളാൽ സർവ്വസ്ത്രീപുരുഷന്മാരുടേയും അനുകമ്പക്കു പാത്രമാക്കിയിട്ടാണ് വിശാഖയെ രംഗപ്രവേശം ചെയ്യിരിക്കുന്നത്. എന്നാൽ അവളെപ്പറ്റി അപ്പോൾ ആരും ഒന്നും അറിയുന്നമില്ല. ശ്രാവസ്തീനഗരവാസികളോടൊപ്പം വായനക്കാരെയും കരുണാകുലരാക്കിയതിനു ശേഷമാണ് കഥയാരംഭിക്കുന്നതു്.

അപാത്രദാനം ദാതാവിനെ അപരാധിക്കും. "പാത്രെദാനം സ്വല്പമപികാലേദത്തം" എന്നാണല്ലൊ പ്രമാണം. കാഷായവസ്ത്രവും ധരിച്ചു ഒരുതരം കാലദണ്ഡുമേന്തി ഭിക്ഷാംദേഹികളായി വരുന്നവരിൽ കൃപാവലംബിനികളായ അന്നപൂർണ്ണേശ്വരിമാർ അരിയും മുണ്ടും കൊടുത്തു് ലോകത്തിൽ മടിയന്മാരെ വൎദ്ധിപ്പിക്കുന്ന വലിയ അപരാധിനികളാണ്. എന്നാൽ വിശാഖാദേവി നമ്മുടെ അനുകമ്പയ്ക്കു സർവ്വപ്രകാരേണ പാത്രമാണ്. "ശ്രാവസ്തിയാം പാൽക്കടലിന്നു മംഗലദേവതയായ" അവർ,

"ആററുനോററുണ്ടായൊരുണ്ണിതൻനല്ലുയിർ–
ക്കാററുകരാളമാംകാളസൎപ്പം
കുത്തിത്തുരന്നുകുടിക്കവേവല്ലാതെ
കത്തിയെരിയുംകരളുമായി
അങ്ങിനെയോരോമുറവിളിക്രൂട്ടിക്കൊ-
ണ്ടങ്ങിങ്ങുപാഞ്ഞുപോയ്"—

പാവമായിത്തീൎന്നിരിക്കുന്നു. ഈ നില മനസ്സിനെ ഹഠാൽ ആകൎഷിക്കുന്നില്ലെ?. അപ്പോൾ ദൈന്യംവാച്ച നഗരവാസികളിൽ സ്ത്രീകൾ കരഞ്ഞുകൊണ്ടും, ലീലാലോലുപരായ ബാലന്മാർ മരപ്പാവകളെപ്പോലെയും വൃദ്ധന്മാർ മൂകന്മാരായും, യുവാക്കന്മാർ കൈതിരുമ്മി പരവശരായും നിന്നുപോയതിൽ എന്താണാശ്ചര്യം? എന്നാൽ ആവൎക്കാൎക്കും വിശാഖയെ സഹായിക്കാൻ കെല്പുണ്ടായില്ല. അതിൽ കവി സങ്കടപ്പെടുന്നതിങ്ങിനെയാണ്.

മാമുനിമാരുംമഹീശരുമെന്നല്ല–
മാടപ്പിറാക്കളും–അന്യക്കായി
ക്ഷിപ്രംശരീരംത്യജിക്കാൻമടിക്കാത്ത
സൽപ്രജേ!ഭാരതരത്നഗൎഭേ!

നിന്മക്കളൊമായുവാക്കളവർക്കായ് ത-
ജ്ജന്മമബലികൾ തയാറുതന്നെ;
ഹാ! വഴിമാത്രമറിയാതെ ചുററുന്നു
പവങ്ങൾ; പണ്ടത്തെപ്പോരല്ലല്ലൊ

പൌരാണികഭാരതത്തിന്റെ മഹത്വവും, അദ്ധ്യാത്മജ്ഞാനാഭാവത്താൽ ഇന്നു വന്നുകൂടിയ അധഃപതനവും മേലുദ്ധരിച്ച വരികളിൽ പ്രസ്പഷ്ടമായി കാണാമല്ലൊ.

ദണ്ഡനമസ്കാരം ചെയ്ത വിശാഖയെ അനുഗ്രഹിച്ച "കാതിണ കാതരയാമവളേകിടുമാതിഥ്യമേല്ക്കുവാൻ സജ്ജമാക്കി" ശോഭിച്ച ബുദ്ധമുനിയുടെ ദയ, ത്യാഗം, വിജ്ഞാനം, വിഷയവൈരാഗ്യം, ഇത്യാദി ഗുണങ്ങളെ വർണ്ണിക്കുന്നതു സന്ദർഭാനുഗുണമായ തന്മയത്വത്തോടുകൂടിയാകുന്നു. വിശാഖയുടെ സങ്കടനിവേദനരീതിയും ശ്രദ്ധേയമാണ്. സ്ത്രീസ്വഭാവമാർദ്ദവവും, അപത്യസ്നേഹമഹത്വവും, പ്രപഞ്ചവിരാഗിയായ തപസ്വിയെ മനസ്സിലാക്കേണ്ട കടമ അവൾക്കുണ്ടല്ലൊ. അതു യഥായോഗ്യം നിർവ്വഹിച്ചിട്ടുണ്ട്. സ്ത്രീകൾ

"പുരുഷക്കുള്ള വിളയാട്ടുപണ്ടങ്ങളും
പാരിൽവെളിപ്പുറംമാത്രംകാ"

ണുന്നവരുമാണെന്നു പറഞ്ഞാൽ എതിർവാദം ചെയ്യുന്നതിനു പല മഹിളാമണികളും പുറപ്പെട്ടേക്കാം. എന്നാൽ 'നാളിൽ നാളിൽ ബാലരെ ലാളിച്ചും പോററിയും,' ഏകാന്തസ്വപ്നസുഖാമൃതാസ്വാദത്താൽ കൈകാര്യം ചെയ്ത് കാലം കഴിക്കുന്ന മുഗ്ദ്ധയായ ഒരു മാതാവിൽ നിന്ന് വേറൊരു ഭാവന പ്രതീക്ഷിക്കാവുന്നതാണൊ?. ശോകാർത്തയായ വിശാഖക്ക് അഭീഷ്ടം പ്രാർത്ഥിച്ചു വാങ്ങണമെന്നല്ലാതെ സ്ത്രീപ്രാമണ്യത്തെ സ്ഥാപിച്ചു പ്രസംഗിക്കണമെന്ന വിചാരം ഉണ്ടാകുന്നതുമല്ലല്ലൊ.

"മായാമയമിപ്രപഞ്ചം നിരന്തര-
മായാമയംനൽകിഞാൻ വലഞ്ഞേൻ"

എന്നാണ് വിശാഖ ഒടുവിൽ പറയുന്നത്. മായാമയമായ പ്രപഞ്ചത്തിൽ നിന്നു മോചനം ലഭിക്കാനുള്ള ആഗ്രഹത്തെ സൂചിപ്പിച്ചതുകൊണ്ടു തത്വോപദേശസ്വീകരണത്തിന് അവൾ തക്കപാത്രമാണെന്നു വരുന്നുണ്ടല്ലൊ. അല്ലാഞ്ഞാൽ ദിവ്യതത്വോപദേശം നിഷ്ഫലമായി പരിണമിക്കാനാണെളുപ്പം.

ഉപദേശിക്കുന്നതും പുതുരീതിയിലാണ്. 'പാരിൽ വെളിപ്പുറം മാത്രം കാണുന്ന വിശാഖയെ ആദ്യം പ്രപഞ്ചവിസ്തൃതിയേയും മഹത്വത്തേയും

പറഞ്ഞു മനസ്സിലാക്കുന്നു. ശ്രാവസ്തിപട്ടണംതൊട്ടു ക്രമേണ വ്യാപ്തികൂട്ടി ചതുർദ്ദശലോകങ്ങളേയും അവളുടെ കൺമുൻപിൽ കൊണ്ടുവരുന്നു. ബ്രഹ്മാദിപിപീലികാപര്യന്തമുള്ള ചരങ്ങളേയും മാമല മുതൽ ഇളംപുല്ലുവരെയുള്ള അചരങ്ങളേയും അവളെ കാണിക്കുന്നു. അനന്തരം

"ഏതാണിവയിലനശ്വരം? അക്ഷയം?
ഏതാണനാമയം? അപ്രകമ്പം
കാണുംവകയെല്ലാംഞെട്ടററുപോം; ലോകം
തുണിളകീടിനപാഴ്ക്കൂടാരം;
ഒപ്പംമറിഞ്ഞതുവീഴേണ്ടതൊക്കയു-
മിപ്പോഴോ-നാളയോ-മററന്നാളോ!

എന്നു പ്രപഞ്ചത്തിന്റെ ക്ഷണികതയെ ധരിപ്പിക്കുന്നു.

"............................ദൈവം
അണ്ഡഗോളങ്ങളെകൊണ്ടുകളിക്കുന്ന
ദണ്ഡമററനഹംചെപ്പും പന്തും." എന്നു ധരിച്ചുകഴിഞ്ഞാൽ ആ ചെപ്പടിക്കളിയിൽ രസമല്ലാതെ നീരസത്തിനു വകയുണ്ടോ.? ഹൃദയംവിസ്തൃതമാക്കിതെളിയിച്ചതിനുശേഷം

..............................പാരേതനാ-
മിക്കമാരൻനിനക്കാരുവത്സേ!
മാതൃസുതബന്ധമെന്നതിനെന്തർത്ഥം?
രോദിപ്പതേവക്ക്? ആരു്? എന്തിനായി?

എന്നിങ്ങനെ ചോദിച്ചപ്പോൾ,

"എൻകിടാവല്ലിതുഞാനിതിൻതായല്ല
ശങ്കിനിയല്ലഞാൻതപ്തയല്ല" എന്നായിരുന്നു ഉത്തരം. വിശാഖയുടെ മമതാപാശത്തെ ഛേദിച്ചു; അവൾ പരമാനന്ദമനുഭവിച്ചു. ദിവ്യാത്മാക്കളുടെ ഉപദേശത്താൽ പ്രാകൃതന്മാർ നന്നാവുന്നതു ഇങ്ങിനെയാണ്. അനന്തരം കാലവ്യത്യാസത്താൽ ഭാരതമാതാവിനു വന്നുകൂടിയ വൈലക്ഷ്യത്തിൽ അനുശോചിച്ച് അതുടൻ മാററാൻ ദേവദേവനെ പ്രാർത്ഥിച്ചുകൊണ്ട് ഉപസംഹരിക്കുന്നു. മാതൃഭൂമിയോടു നമുക്കുള്ള കർത്തവ്യത്തേയും ഇവിടെ വെളിപ്പെടുത്തുന്നുണ്ട്.

ഇച്ചെറുകൃതിയിൽ സന്ദർഭാനുഗുണമായ വർണ്ണനകളും നവീനകല്പനകളും പലതും കാണാനുണ്ട്. വിശാഖയുടെ വിലാപം ശ്രാവസ്തിയാകും പുരിക്കുണ്ടാക്കിയ ഭാവഭേദത്തെ വർണ്ണിച്ചിരിക്കുന്നതിന്റെ ആസ്വാദ്യത അനവദ്യമാകുന്നു. അതുവരെ അത്യാഹ്ലാദകരവും അതിസുന്ദരവുമായിരുന്ന

ആ പുരിക്കു പെട്ടെന്നുണ്ടായ ഭാവഭേദത്തെ വർണ്ണിച്ചിരിക്കുന്നതു് അത്രമാത്രം മനോരഞ്ജകമായിരിക്കുന്നില്ല.

"ശ്രോത്രംതുളക്കുംകണകണക്കീമട്ടൊ-
രാർത്തനിനാദമഭ്രുതപൂർവ്വം
ശ്രാവസ്തിയാകുംപുരിതൻമുഖത്തിന്നു
വൈവർണ്ണ്യമേകിവലിഞ്ഞുയർന്നു.
ഉൽഗളൽപഞ്ചമമാമൊരുഗാനത്തിൽ
കർക്കശാപസ്വരംവാച്ചപോലെ;
ഉന്മീലൽസൌരഭമാമൊരുദ്യാനത്തിൽ
ചെമ്മീനിൻദുർഗ്ഗന്ധംചേർന്നപോലെ;
ഉദ്ദാമലാവണ്യമാമൊരുഗാത്രത്തിൽ
ശ്വിത്രാമയപ്രണംപെട്ടപോലെ;
അപ്പുരിതന്നുത്താംപാൽപായസത്തിലീ
വേപ്പിലച്ചാറെട്ടത്താരൊഴിച്ചു?

ഇതു വായിച്ചുകഴിയുമ്പോൾ ഈ സങ്കടാവസ്ഥ വരേണ്ടായിരുന്നു എന്നു തോന്നാത്ത സഹൃദയന്മാരുണ്ടോ? ബുദ്ധമുനിയുടെ മഹിമയെ വർണ്ണിക്കുന്നതു് ആ മഹാനുഭാവന്റെ ത്യാഗത്തിനും പരമപ്രേമത്തിനും മാററുകൂട്ടി സഹൃദയന്മാരെക്കൊണ്ടു് തലകുലുക്കിക്കും. മാതാവിന്റെ പുത്രവാത്സല്യം അനുഭവരസൈകനിബന്ധനമായി വർണ്ണിച്ചിരിക്കുന്നു.

"ചൈതലിൻശാസ്ത്ര്യമിവർക്കുവിനോദനം
രോദനംനൂതനവീണാഗാനം;
ലീലാസന്താഡനംകല്പകപ്പൂവർഷം
ലാലാനിപാതംപാദയാഭിഷേകം."

ഭാഷാശൈലികളെ സ്വകാവ്യങ്ങളിൽ ചേർക്കുന്നതിൽ കവിക്കുള്ള പ്രതിപത്തി ഈ ചെറുകാവ്യത്തിലും ധാരാളം കടന്നുകൂടിയിട്ടുണ്ടു്.

"മാരനെകൊല്ലാതെകൊന്നൊരുസർവ്വജ്ഞൻ"
"ആറവുനോററുണ്ടായൊരുണ്ണിതൻനല്ലുയിർ"
"തിണ്ണമിട്ടക്കുംതൊഴുത്തിൽകുത്തുംകൊണ്ടു
തിണ്ണം വലഞ്ഞിടുംസ്വാത്മഘ്നന്മാർ"
"എച്ചിലിലക്കുകടിപിടികൂട്ടിപ്പൂ
പശ്ചിമദൈതികശാസ്ത്രബോധം."

ഇത്യാദി ദിവ്യസാന്ത്വനത്തിലും കാണാൻ കഴിയും. അന്യഭാഷാശൈലികളേയുംവേണ്ടിവന്നാൽ സംക്രമിപ്പിക്കാൻ മഹാകവിക്കു മടിയില്ലെന്നുള്ളതിനു്

"..............'നക്രബാഷ്പ'വാരുണാസ്ത്രത്താൽ
പൌരരെബ്ബന്ധിച്ചയ്യോ!നിർല്ലജ്ജംവിശപസ്സയാ-
മാരാജ്യശ്രീയെത്തൻെറ ശുദ്ധാന്തമാക്കീടിനാൻ."

എന്ന ഹീരയിലെ പ്രയോഗം ദൃഷ്ടാന്തമാണ്.

'പൂരുഷക്കുള്ള വിളയാട്ടപണ്ടങ്ങൾ' എന്ന വരിയിൽ നിഗ്രൂഢമായ ഫലിതം കാണുന്നുണ്ട്. പ്രഥമൻ ഉണ്ടു ചെടിച്ചാൽ ഉപ്പിലിട്ടതു തൊട്ടു കൂട്ടുമ്പോൾ ഉണ്ടാകുന്ന രസംപോലെ ഈ ഫലിതം ഒരു വിശേഷരസപ്രതീതിക്കു ഹേതുവാകുന്നു.

സഹൃദയഹൃദയാഹ്ലാദകമായി കവിതയിൽ ലയിച്ചിരിക്കുന്ന ഒരു ദിവ്യസാരമാണ് രസം. സാഹിത്യരസം ആസ്വദിച്ചാൽ മനസ്സു നിർവൃതിയിൽ ലയിക്കുകയും വേണം. അങ്ങിനെ ലയിപ്പിക്കാൻ കരുണരസത്തിനു പ്രത്യേകശക്തിയുണ്ട്. 'ദിവ്യസാന്ത്വനം' ആപാദചൂഡം കരുണം കൊണ്ടു മസൃണമാകുന്നു. ദുഃഖഭൂയിഷ്ഠമായ സംസാരസാഗരത്തിൽ സസുഖം സഞ്ചരിക്കുന്നതിനു ചെറുപ്പക്കാരെ പ്രാപ്തരാക്കാൻ ഇതുപോലെ പററിയ ഭാഗങ്ങൾ അടുത്തകാലത്തെ ഏഴാംക്ലാസ് പാഠ്യപുസ്തകങ്ങളിൽ അത്ര സുലഭമല്ലായിരുന്നു. വി. എസ്സ്. എൽ. സി. പരീക്ഷ്യന്മാക്ക് എന്തെങ്കിലും പ്രയോജനം സിദ്ധിച്ചേക്കാമെന്നുള്ള ഉദ്ദേശ്യമാണ് ഈ ലേഖനത്തിനു ഹേതുവെന്നും ഇതുകൊണ്ടു വല്ല പ്രയോജനവുമുണ്ടാവുന്നപക്ഷം കിരണാവലിയിലെ മററു ചിലപാഠങ്ങളെക്കുറിച്ചും ഗുരുനാഥൻ മുഖേന പ്രതിപാദിക്കാമെന്നുംകൂടി പറഞ്ഞുകൊള്ളുന്നു.

## ഭേകഗാഥ.

(പി. കെ. നാരായണപിള്ള ബി. എ., ബി. എൽ.)

അയ്യോ! വരുവിൻ, വരുവിനെല്ലാവരും
കയ്യോടെകല്ലുംതടിയുമായി!

ഭാരതമാതാവേ നിന്മകളാകുന്ന
വീരപ്രസൂവായകേരളോർവി,
ചാരിത്രശാലിനിതന്നുടെത്തുനെററി-
ത്താരിന്നിണങ്ങിയപൊട്ടുപോലെ,

കണ്ടോക്കിറങ്ങിക്കളിപ്പാനെളുപ്പമാ-
യുണ്ടോരുപൂങ്കുളംപണ്ടുപണ്ടേ;
അയ്യോ! വരുവിൻ, വരുവിനെല്ലാവരും
കയ്യോടെകല്ലുംതടിയുമായി!
അക്കുളംതന്നിലുറക്കിളച്ചുഗ്രമാം
അക്രമംകാട്ടുവാൻതക്കംനോക്കി,
കാക്കോടകൻെറകുലത്തിൽപിറന്നവൻ
നീക്കോലികൾക്കൊരുദീക്ഷിതരായ്
മാക്രിക്കുമോക്ഷദമാറ്റുംതുറക്കുവാൻ
താക്കോലായ്വാഴ്വൂപുളവനേകൻ.
അയ്യോ! വരുവിൻ, വരുവിനെല്ലാവരും
കയ്യോടെകല്ലുംതടിയുമായി!
പിഞ്ചുപടവലങ്ങാപോലെയുള്ളവൻ,
പുഞ്ചിരികിഞ്ചനതുകാത്തവൻ,
സൂക്ഷ്മിങ്ങന്താദിപ്രപഞ്ചശബ്ദാഗമം
തപ്പിനടക്കാത്തമൌനവ്രതൻ,
തക്മൊംഘഢമക്ടാൽദൂരഗൻ
കക്ശമീമാംസാപാംസുശൂന്യൻ,
വേദാന്തജാതാന്ധകാരാന്തരഭ്രാന്തിൽ
വീതാനുകമ്പൻബകവ്രതീന്ദ്രൻ,
മാരപിശാചകശയാൽ'കശപിശ'-
യ്ക്കാരുമായാരംഭിക്കാത്തധീരൻ,
പാശ്ചാത്യവിദ്യാദിഗന്ധംഗ്രഹിക്കാത്ത
പീച്ചാങ്കുഴലവനെന്നേവേണ്ടു!
കണ്ണാടിവെച്ചുപരീക്ഷിച്ചുനോക്കിലും
നിർണ്ണയിക്കാൻപണിതദപിശേഷം;
പെണ്ണാവാ, മാണാവാംഷണ്ഡനമാകാമ-
'ഗ്ഗണ്ഡാന്ത'മെന്നേകഥിച്ചുകൂട്ടു.
അയ്യോ! വരുവിൻ, വരുവിനെല്ലാവരും
കയ്യോടെകല്ലുംതടിയുമായി!

II

പൂവൽക്കുളമതിൽതൂവെള്ളമാസ്പദി-
ച്ചാവസിച്ചീടുന്നുവേവലെന്യേ;

കണ്ണിമാങ്ങാപ്രായമായശിശുക്കളോ-
ടെണ്ണമില്ലാതെതവളകളും;
മീ, നാമ, ഞണ്ടു, മുതല മുതലായ
നാനാജലചരർമുണ്ടെങ്കിലും
ഗാനാമൃതമൂലനാദമയബ്രഹ്മ-
ജ്ഞാനാഭിമാനിതവളയല്ലോ.
പാണിനിസൂത്രംപഠിക്കുന്നപോലെയും,
പാണികൊട്ടുന്നധ്വനിപോലെയും,
കൊച്ചുങ്ങളൊച്ചകിണക്കുന്നു, വൃദ്ധന്മാർ
ഉച്ചം'പൊറാൻ' 'പൊറാൻ' ഘോഷിക്കുന്നു;
'പാലാ'ച്ചുരക്കായനാളികേരംപോലെ
നാലുപേർകണ്ടുമതിയ്ക്കുമങ്ങ് ഗം,
അണ്ണാനെഴംപോൽവരകളുമുണ്ടു്-എന്നാൽ
ഉണ്ണാനൊരുവസ്തുവേണ്ടതാനും!
ഈവണ്ണമുള്ളൊരുപൊണ്ണൻതവളതൻ
ചേവടിതന്നിൽ-അപ്പാഴ്പുളവൻ,
വാവിടാതാശുകടിച്ചിതേ, ചന്ദ്രനേ
വാവിടപെട്ടിട്ടുരാഹുപോലെ!

അയ്യോ! വരുവിൻ, വരുവിനെല്ലാവരും
കയ്യോടെകല്ലുംതടിയുമായി!

'പിണ്ണാക്കമാടനാം'മണ്ഡൂകപ്പൊണ്ണൻ, ത-
ന്നണ്ണാക്കകീറിമുറയിടുന്നു;
കാലിൽകടന്നുകടിച്ചുപതുക്കെനീർ-
ക്കോലിവിഴങ്ങുന്നുഗാത്രപിണ്ഡം;
കാളിയകേളികളോർത്തിട്ടുദിപ്പതേ-
ക്കാളിയന്നീടുന്നകാലുഷ്യംമേ.
കിംക്രന്ദിതത്താൽഫലമിപ്പോ, ളായുസ്സിൻ
സംക്രാന്തിയായിതവ, തവളേ!
ഉത്താളമായിപ്പുളവൻകടിക്കിലും
അത്താഴമത്രെയൂണാംമുടങ്ങ;
ക്ഷുത്തായതേറിച്ചമഞ്ഞാൽതവളയ്ക്കു
പത്തായമാണവൻ-അത്യത്ഭുതം!!

III

എന്നാലതിനിട്ടുതല്ലിവിടർത്തുവാൻ
തന്നാലസാദ്ധ്യമോ, ക്രൂരതെന്തേ?

എന്നാരാനെന്നോടുചോദിച്ചീടുന്നാകി-
ലൊന്നാണതിന്നുമറുപടിമേ;
ചൊല്ലാ, മഹിംസാമദീയംമഹാവ്രതം
വല്ലായ്മയാമതുഭഞ്ജിച്ചീടിൽ.
തല്ലോടുതല്ലുകൊട്ടുത്തുവിടത്തുവാൻ
വല്ലോക്കമാകിലെനിക്കെന്തതിൽ?
സൂക്ഷിച്ചു, വീക്ഷിച്ചുഹിംസകൻകാണ്കെയാൻ
സാക്ഷിക്കപരാധമുള്ളപക്ഷം,
സാക്ഷാൽപരബ്രഹ്മംസർവ്വകസാക്ഷിതാൻ
ശിക്ഷാർഹനായിബ്ഭവിക്കുമല്ലൊ!!
അയ്യോ! വരുവിൻ, വരുവിനെല്ലാവരും
കയ്യോടെകല്ലുംതടിയുമായി!
പ്രചണ്ഡഖണ്ഡകാവ്യാഖ്യശലഭക്ഷയകാങ്ക്ഷയാ
കൃതായാംഭേകഗാഥായാംഭേകസപ്തതിരീരിതാ.

(ഭാ. വിലാസം)

## സാപ്തപദീനപാരമ്യം

(എം. രാജരാജവമ്മതമ്പുരാൻ എം. എ., ബി. എൽ.)

ദ്വിതീയരംഗം

"അദ്വേഷ്ടാസർവ്വഭൂതാനാംമൈത്രഃകരുണഏവച
നിർമ്മമോനിരഹംകാരഃസമദുഃഖസുഖഃക്ഷമീ."

ക്രിസ്തു ജനിക്കുന്നതിന് അറുപതു കൊല്ലം മുമ്പിൽ സ്വിഡ്സർലണ്ടിലെ ഏററവും വലിയ കായലിൽ റോൺനദി വന്നുചേരുന്ന സംഗമസ്ഥലത്തിനു നാതിദൂരമായി ഒരു ചെറിയ പട്ടണമുണ്ടായിരുന്നു. ആ പട്ടണത്തിന് അന്നേതന്നെ 'ജിനീവാ' എന്നുള്ള പേർ സിദ്ധിച്ചിരുന്നു. നദീമുഖത്തുണ്ടായിരുന്ന ഒരു ദ്വീപിൽ സ്ഥിതിചെയ്തിരുന്ന ഈ പട്ടണത്തിൽനിന്നു മറുകര കയറാൻ ഒരു പാലമുണ്ടായിരുന്നു. റോമൻചക്രവത്തിയായിരുന്ന ജൂലിയസ്സീസറുടെ ദിഗ്വിജയയാത്രയിൽ ശത്രുസേനയുടെ ആക്രമം തടുക്കുന്നതിന് ആ പാലം നശിപ്പിക്കപ്പെട്ടു. ക്രിസ്ത്വബ്ദം അ

ഞ്ചാംശതകത്തിൽ ജിനീവാ പട്ടണം ബർഗണ്ടിരാജ്യത്തിന്റെ തലസ്ഥാനമായി ശോഭിച്ചു. എങ്കിലും രാജധാനിയിലെ നിലയെക്കാൾ സാധുക്കളുടെ അഭയസ്ഥാനമായിട്ടാണ് അതിന്റെ പുകൾ നിലനിന്നതു്. പതിനാറും പതിനേഴും ശതവൎഷങ്ങളിൽ മൂർഛിച്ചിരുന്ന മതകലഹങ്ങളിൽനിന്നു് അനവധിപേർ അവിടെ ശരണംപ്രാപിച്ചു രക്ഷനേടി. ജാൺകാലചിൻ എന്ന പ്രസിദ്ധ മതപ്രാസംഗികൻ ആക്കൂട്ടത്തിലുൾപ്പെട്ടവനായിരുന്നു. ഇങ്ങനെ കുടിയേറിയവരിൽ ഒരാൾ ഘടികാരനിൎമ്മാണം അവിടെ നടപ്പാക്കി. ആ തൊഴിലിനു ജിനീവാ ഇന്നും പേരുകേട്ട പട്ടണമാകുന്നു.

ജിനീവാനഗരത്തിലെ ടൌൺഹാൾ (നഗരമന്ദിരം) മററുള്ള ദിക്കിലെപ്പോലെയുള്ളതല്ല. പടികളില്ലാത്ത കോണി അതിനുള്ള വിശേഷമാണ്. മൂന്നു നിലയുള്ള ആ കെട്ടിടത്തിന്റെ മേൽ കയറാൻ ചെരിവായുള്ള ഒരു പാതയുണ്ടായിരുന്നു. മേൽക്കൂരയും ഇടക്കിടെ വലച്ച വാതിലുകളും വാതായനങ്ങളുമുണ്ടായിരുന്ന ഈ ഏററ വഴിയിൽക്കൂടി പണ്ടു നഗരാധ്യക്ഷനും ഭാൎയ്യയും കുതിരപ്പുറത്തു സഞ്ചരിച്ചു മൂന്നാമത്തെ നിലയിലുണ്ടായിരുന്ന ശയനാഗാരത്തിൽ പ്രവേശിക്ക പതിവായിരുന്നപോൽ! ഈ കിടക്കറയല്ല, 'അലബാമാഹാൾ' എന്ന പെരുമയുള്ള അകമാണ് ആ മന്ദിരത്തിൽ ഏററവും കീൎത്തിപ്പെട്ട ഭാഗം. അവിടവച്ചു് എ. ഡി. ഫവ്വനൂർൽ 'റെഡ്ക്രാസ്' എന്ന പ്രസിദ്ധമായ ആതുരരക്ഷണസംഘം ഉത്ഭൂതമായി. യുദ്ധക്കളത്തിൽ മുറിവേററ അവശന്മാരെ ശുശ്രൂഷിക്കാൻ ഉദ്യുക്തമായ സംഘത്തിനാണ് ഈ നാമധേയം സിദ്ധിച്ചിരിക്കുന്നതു്. ചുവന്ന കുരിശാണു അവരുടെ ബാഹ്യചിഹ്നം. എല്ലാ മഹാരാജ്യങ്ങൾ ചേൎന്നുണ്ടായ ഉടമ്പടിമൂലമത്രെ ഈ സംഘം സുസ്ഥാപിതമായിരിക്കുന്നതു്. ജിനീവായിലെ പൌരനായിരുന്ന ഹെൻറിഡുനാങ്ങ് എന്ന മഹാനാണ് ഈ സംഘത്തിന്റെ ജനകൻ.

അതിൽപിന്നീടു് എട്ടുകൊല്ലം കഴിഞ്ഞപ്പോൾ നടന്ന ഒരു മഹാസംഭവത്തിൽ നിന്നാണ് ആ അകത്തിനു 'അലബാമാഹാൾ' എന്ന പേർ കിട്ടിയതു്. 'അലബാമാ' എന്നൊരു പടക്കപ്പൽ ഉണ്ടാക്കിയതിനെപററി ബ്രിട്ടനും ഐക്യനാട്ടും തമ്മിൽ തൎക്കമുണ്ടായി. അതുസംബന്ധിച്ചുണ്ടായ വിവാദം മാധ്യസ്ഥ്യംമൂലം ഇവിടെവച്ചു രാജിയായതുമുതൽ അതിനു അലബാമഹാൾ എന്ന പേർ വീണു. യുദ്ധംകൂടാതെ മാധ്യസ്ഥ്യംകൊണ്ടു രാജ്യങ്ങൾ തമ്മിലുണ്ടാകുന്ന കലഹങ്ങൾ തീൎക്കാമെന്നു വരുത്തിയ ഈ സംഗതിയുടെ സ്മാരകമായി, അമേരിക്കൻ ഭടനായകന്മാരുടെ വാളുകളു

ടെ ഉരുക്കുകൊണ്ടു വാർത്തുണ്ടാക്കിയ ഒരു കലപ്പ ജിനീവാപട്ടണത്തിനു സമ്മാനം ലഭിച്ചു.

രണ്ടു രാജ്യക്കാർ തങ്ങളിൽ കലഹിച്ചാൽ ആരാണു മാധ്യസ്ഥ്യം വഹിക്കേണ്ടതെന്നു തിട്ടപ്പെടാതെ കിടക്കനിമിത്തം യുദ്ധങ്ങൾ പിന്നീടും തുടൎന്നുണ്ടായിക്കൊണ്ടിരുന്നു. ലോകത്തിനാകമാനം ഒന്നുപോലെ ഹാനിതട്ടിയ ഇക്കഴിഞ്ഞ ജൎമ്മൻമഹാഹവം എല്ലാവരുടേയും കണ്ണു തുറപ്പിച്ചു. എല്ലാവൎക്കുമൊന്നുപോലെ മാധ്യസ്ഥ്യം വഹിക്കാൻ സ്ഥിരമായ ഒരു ന്യായസ്ഥാനം എന്നുമുണ്ടായിരിക്കണമെന്നുള്ള ബോധം അപ്പോഴാണുണ്ടായതു്. ഇങ്ങനെയാണു 'സൎവരാഷ്ട്രീയമഹാസമിതി' (League of Nations) എന്നു ഇന്നു സുപ്രസിദ്ധമായിരിക്കുന്ന സഖ്യസംഘത്തിൻെറ ദിവ്യാവതാരം. മഹാരാജ്യങ്ങൾ മിത്രഭാവത്തോടെ സമ്മതിച്ചു സൃഷ്ടിച്ച ഈ മഹാസമിതി

"സമശ്ശത്രൗ ച മിത്രേ ച തഥാ മാനാപമാനയോഃ
ശീതോഷ്ണസുഖദുഃഖേഷു സമസ്സംഗവിവൎജ്ജിതഃ"

എന്നു ഗീതയിൽ ഉപദേശിച്ചിരിക്കുന്ന വിധം, സൎവസംഗവിഹീനയായ എല്ലാവരുടേയും കാൎയ്യങ്ങളെ നിഷ്പക്ഷപാതം തീരുമാനിക്കുന്നിടത്തോളം ലോകത്തിൽ സമാധാനവും സുഖവും തിട്ടമാണ്.

മഹാസമിതി സ്ഥാപിച്ചിരിക്കുന്ന 'രാഷ്ട്രീയസദന'ത്തിൻെറ മാഹാത്മ്യം അവൎണ്ണനീയമാണ്. ഹിമാവൃതമായ ആൽപ്സ് പൎവതത്തിൻെറ ഏററവും ഉയൎന്ന കൊടുമുടിയെ പരഭാഗഭാക്കി വിലസുന്ന ആ മണിമന്ദിരത്തിലെ ചന്ദ്രകാന്തശിലകൾ ഉരുകിവരുന്ന സ്വച്ഛജലം നിറഞ്ഞതായിരിക്കുമൊ അടുത്തു ശോഭിക്കുന്ന മനോഹരനീലാംഭഃപൂൎണ്ണമായ തടാകമെന്നു് ഒരുപാശ്ചാത്യമഹാകവി ഉൽപ്രേക്ഷിച്ചിരിക്കുന്നു. ഈ സദനമാണു ലോകത്തിലെ ഹജൂർകച്ചേരി. നാല്പതു ഭിന്നരാജ്യങ്ങളിലെ സ്ത്രീപുരുഷന്മാരായ ഉദ്യോഗസ്ഥന്മാർ അവിടെ പണിയെടുക്കുന്നു. അവർ പല ഭാഷക്കാരാണെങ്കിലും, ഇംഗ്ലീഷും പരന്തിരീസ്സുഭാഷയും എല്ലാവൎക്കുമറിയാം. ആപ്പീസുമുറികൾ കൂടാതെ, കമ്മിററികൾ കൂടാനുള്ള അകങ്ങളും, കൌൺസിൽകൂടാനുള്ള വലിയ ഹാളും ആ കെട്ടിടത്തിലുണ്ടു്. പരസ്യമായിട്ടാണു കൌൺസിൽ കൂടുന്നതു്. ആൎക്കുമവിടെ പ്രവേശനമുണ്ടു്. നെടുനീളെയുള്ള ഒരു മേശയുടെ ഇരുപുറവുമായി പതിനാലു അംഗങ്ങൾ ഇരിക്കുന്നു. അവരുടെ യോഗത്തിനാണു കൌൺസിൽ എന്നു പേർ. പതിനാലുപേരും പതിനാലു രാജ്യങ്ങളുടെ പ്രതിനിധികളാണ്. അഞ്ചുപേർ മഹാശക്തികളെന്നു് അഭിധ സിദ്ധിച്ചിട്ടുള്ള ബ്രിട്ടൺ, ഫ്റാൻസ്, ഇററലി, ജൎമ്മനി, ജപ്പാൻ, എന്ന രാജ്യങ്ങളുടെ പ്രധിനിധികളും, ശേഷം ഒൻപതുപേർ അ

സ്സംബ്ളി (മഹാസഭ) തിരഞ്ഞെടുക്കുന്ന ഒൻപതു രാജ്യക്കാരുടെ അംഗങ്ങളുമാകുന്നു.

സമിതിയുടെ കാര്യനിർവ്വഹണം പല പ്രത്യേക വിദഗ്ദ്ധന്മാരുടെ സഹായമില്ലാതെ സാധിക്കയില്ല. ഓരോ തുറയ്ക്കും പ്രത്യേകമായി ഒരു വിദഗ്ദ്ധസംഘമുണ്ട്. ഭിഷക്കുകൾ ചേൎന്ന 'ആരോഗ്യസംഘം' [Health Committee] അവയിലൊന്നാണ്. രോഗങ്ങളും വസന്തകളും മററും രാജ്യാതിർത്തികളെ വകവയ്ക്കുമൊ? എവിടേയും അവയ്ക്കു പ്രവേശമുണ്ട്. അതുകൊണ്ടു സർവ്വവ്യാപികളായ ആ ശത്രുക്കളെ അടക്കാൻ ഒരു രാജ്യക്കാർ മാത്രം ഒരുമ്പെട്ടാൽ പോര; എല്ലാവരും ചേരണം. അതുപോലെ എല്ലാ നാട്ടുകളേയും ഒന്നുപോലെ വ്യാപിച്ചിരിക്കുന്നതാണ് കച്ചോടം. ഓരോ നാട്ടിലുമുള്ള വ്യാപാരസൌകര്യങ്ങളെ നിരീക്ഷിച്ചു പ്രവൃത്തിപദ്ധതികളെ നിൎണ്ണയിക്കുന്നതിനുള്ള വിദഗ്ദ്ധന്മാർ ചേൎന്നതാണു ധനസംഘം. (Financial & Economic committee) ഗതാഗതസൌകര്യങ്ങളും സാധനസംപ്രേഷണസമ്പ്രദായങ്ങളും എല്ലാ രാജ്യക്കാരേയും ഒന്നുപോലെ പരാമർശിക്കുന്ന സംഗതികളാണ്. അവയെപ്പററി ആലോചിക്കാൻ റയില്വുടമസ്ഥന്മാരും കപ്പലുടമസ്ഥന്മാരും മററുംചേൎന്ന 'സഞ്ചാരമാൎഗ്ഗസംഘം' [Communications & Transit] ഉണ്ട്. ഇങ്ങിനെ പൊതുവായുള്ള മററുകാര്യങ്ങൾക്കും പല വിദഗ്ദ്ധസംഘങ്ങളുണ്ട്. മഹാസമിതിയുടെ ജോലി നാൾക്കുനാൾ കൂടിവരുന്ന ക്രമത്തിന് ഈ മാതിരി ഉപസംഘങ്ങൾ പുത്തനായി ഉണ്ടാകുന്നു. കെട്ടിടത്തിനു വലിപ്പവും അതിനതിനു കൂടുന്നുണ്ട്.

കായലിൻെറ മറുകരയിലാണ് അസ്സംബ്ളിഹാൾ. അമ്പത്തിഅഞ്ചു രാജ്യങ്ങൾ ഇപ്പോൾ സർവ്വരാജ്യസഖ്യത്തിൽ ഉടമ്പെട്ടിട്ടുണ്ട്. ഓരോ രാജ്യക്കാരും മുമ്മൂന്നു പ്രതിനിധികളെ മഹാസംഘത്തിലേയ്ക്കു അയക്കുന്നു. അതതു രാജ്യങ്ങളിലെ പ്രധാനമന്ത്രിമാരായിരിക്കും മിക്ക പ്രതിനിധികളും. ഓരോ രാജ്യ പ്രതിനിധികൾക്കും പ്രത്യേകം പേരെഴുതീട്ടുള്ള കസാലയും മേശയുമുണ്ട്. ഈ പ്രതിനിധികൾ എല്ലാവരും ചേൎന്ന യോഗമാണ് 'അസ്സംബ്ളി' (മഹാസഭ). അസ്സംബ്ളിയിൽ പ്രസംഗിക്കാൻ ഭാവിക്കുന്ന അംഗം മേത്തളത്തിൽ (പ്രസംഗപീഠത്തിൽ) കയറിനിന്നാണു സംസാരിക്കുന്നതു്. പ്രസംഗം ഇംഗ്ലീഷിലൊ പരന്ത്രീസ്സിലൊ ആയിരിക്കും. അതിനെ പിന്നീട് ഇതരഭാഷകളിൽ തർജ്ജമ ചെയ്യാറുണ്ട്.

മേൽപറഞ്ഞ രാഷ്ട്രീയസദനവും അസ്സംബ്ളിഹാളും കൂടാതെ മറെറാരു സ്ഥലംകൂടി ജിനീവയിൽ നമുക്കു കാണ്മാനുണ്ട്. അതു സർവ്വരാഷ്ട്രീയതൊഴിൽ സംഘംകൂടുന്ന ആപ്പീസ്സാകുന്നു (International Labour office)

ഇതിനെ ചുരുക്കി ഐ. എൽ. ഓ. എന്നാണ് വ്യവഹരിക്കാറുള്ളതു്. ഭാഗിനോക്കയാണെങ്കിൽ മററു രണ്ടുകെട്ടിടങ്ങൾക്കും മെച്ചമേറുമെങ്കിലും, പ്രാധാന്യത്തിൽ ഇതിനു ഒരു പടിപോലും താഴ്ചയില്ല. ആദ്യം ചെന്നു കയറുന്ന ഹാൾ ഭരണനിർവ്വഹണമുറിയാണു്. അവിടെ എല്ലാ നാട്ടിലുമുള്ള തൊഴിലാളികളുടേയും മുതലാളികളുടേയും പ്രതിനിധികൾ യോഗംകൂടി വേലക്കാരുടെ ശ്രേയോഭിവൃദ്ധിപഥങ്ങളെ ആലോചിച്ചുറയ്ക്കുന്നു. ആ ഹാളിന്റെ മേത്തട്ടിൽ ഒരു വലിയ ഗ്രന്ഥസഞ്ചയമുണ്ടു്. ലക്ഷത്തിഅറുപത്തയ്യായിരത്തിനുമേൽ പുസ്തകങ്ങൾ അടങ്ങിയ ഈ ഗ്രന്ഥശാലയിൽ എല്ലാ രാജ്യങ്ങളിലുമുള്ള വേലകളേയും തൊഴിലുകളേയും പററിയുള്ള വിവരങ്ങളറിയാം.

സർവ്വരാജ്യസഖ്യത്തിന് അടിസ്ഥാനമായിരിക്കുന്ന മഹാസമയത്തിന്റെ വ്യാപ്തിയെ ഇനി നമുക്കു മനസ്സിലാക്കാം. അതിന്റെ പ്രസ്താവന ഇപ്രകാരമാകുന്നു:—

മഹാന്മാരായ കക്ഷികൾ ഉടമ്പടിചെയ്യുന്നതെന്തെന്നാൽ-രാജ്യങ്ങൾ തമ്മിൽ ഐകമത്യത്തോടും പരസ്പരസഹായബുദ്ധിയോടുമിരുന്നു സർവ്വരാജ്യങ്ങളിലും സമാധാനവും രക്ഷയും പുലത്തുന്നതിന് (ക) അന്യോന്യമുണ്ടാകുന്ന ചുമതലകളെ നിർവ്വഹിക്കാൻ യുദ്ധം ചെയ്കയില്ലെന്നും, (ഖ) രാഷ്ട്രങ്ങൾ തമ്മിലുള്ള ന്യായവും, അഭിമാനപരവും, പരസ്യവുമായ ബന്ധങ്ങളെ നിലനിറുത്തിക്കൊള്ളാമെന്നും, (ഗ) ഗവമ്മെൻറുകൾ തമ്മിലുള്ള നടപടികളെ പരസ്പരരാഷ്ട്രീയനിയമതത്വമനുസരിച്ചു സ്ഥിരമായി ഏപ്പെടുത്തിക്കൊള്ളാമെന്നും, (ഘ) രാഷ്ട്രമായി ചേർന്നിരിക്കുന്ന ജനസമുദായങ്ങളുമായുള്ള ഏടപാടുകളിൽ സന്ധിനിയമങ്ങളെ അവിചലമായി ഗണിച്ചു ന്യായം നടത്തിക്കൊള്ളാമെന്നും സമ്മതിച്ചു്, ഈ മഹാസമയം ചെയ്തിരിക്കുന്നു.

മഹായുദ്ധത്തിനു ശേഷമുണ്ടായിട്ടുള്ളതും ഉണ്ടാകുന്നതുമായ സന്ധികളിലെല്ലാം ഈ മഹാസമിതിനിശ്ചയങ്ങളെ അനുവത്തിച്ചുകൊള്ളാമെന്നു് ഒരു കരാർകൂടി പ്രസ്താവനയിൽ ഉൾപ്പെടുത്തിട്ടുണ്ടു്.

മഹാസമയത്തിൽ ആകെ ഇരുപത്തിആറു വകുപ്പുകളാണുള്ളതു്. മഹാസമിതി ചെയ്യേണ്ടുന്ന കൃത്യങ്ങളേയും നടത്തേണ്ടുന്ന നടപടികളേയും അവയിൽ നിർദ്ദേശിച്ചിരിക്കുന്നു. ഓരോ രാജ്യങ്ങളും ഏതുവിധം മഹാസമിതിയിൽ ചേരണമെന്നുള്ളതു് ൧-ാം വകുപ്പിലും, അസ്സംബ്ളിയുടേയും കൌൺസിലിന്റേയും സിക്രട്ടറികളുടേയും കൃത്യങ്ങളെന്തെന്നു ൨ മുതൽ ൬ വരെയുള്ള വകുപ്പുകളിലും, സമിതിയുടെ തലസ്ഥാനം ജിനീവയിൽ സ്ഥാപിച്ചിരിക്കുന്ന വിവരം ൭-ാം വകുപ്പിലും, യുദ്ധസംഭാരങ്ങളെ കുറയ്ക്കുന്നതു

യുക്തമെന്നു ൮-ാം വകുപ്പിലും, രാജ്യങ്ങൾതമ്മിൽ തക്കങ്ങളുണ്ടായാൽ സമിതി ഏതുവിധം പ്രവർത്തിക്കണമെന്നു ൯ മുതൽ ൧൩ വരെയുള്ള വകുപ്പുകളിലും ൧൫-ം ൧൭-ം വകുപ്പുകളിലും പ്രസ്താവിച്ചിരിക്കുന്നു. പതിനൊന്നാംവകുപ്പാണ് അവയിൽ പ്രധാനം. യുദ്ധത്തിൽ പരിണമിച്ചേക്കാവുന്ന തക്കങ്ങളെ ഏതു സാമാജികനും സമിതിയുടെ ദൃഷ്ടിയിൽ വരുത്താമെന്നും, യുദ്ധമില്ലാതാക്കുന്നതിനു സമിതിക്കു യുക്തമെന്നുതോന്നുന്നനടപടി നടത്താമെന്നും അതിൽ അധികാരം നല്കിയിരിക്കുന്നു. സർവരാജ്യനീതിഭരണക്കോടതി സ്ഥിരമാക്കി ൧൪-ാം വകുപ്പിൽ പ്രസ്താവിച്ചിരിക്കുന്നു. അംഗങ്ങൾ ഉടമ്പടിക്കു വിരോധമായി മററു രാജ്യവുമായി യുദ്ധമാരംഭിക്കുന്നപക്ഷം സമിതി എന്തുചെയ്യണമെന്നു ൧൬-ാമത്തെ വകുപ്പിൽ വിവരിക്കുന്നു. രാജ്യങ്ങൾ തമ്മിൽ ഗോപ്യമായി ചെയ്യുന്ന കരാറുകൾ വകവയ്ക്കത്തക്കതല്ലെന്നും, രാഷ്ട്രീയങ്ങളായ സന്ധിക്കരാറുകളെല്ലാം സമിതി ആപ്പീസ്സിൽ റജിസ്റ്റർചെയ്യണമെന്നും ൧൮-ാം വകുപ്പിൽ നിർബന്ധിച്ചിരിക്കുന്നു. അടുത്ത മൂന്നു (൧൯, ൨൦, ൨൧) വകുപ്പുകളിൽ സന്ധികൾ മൂലമുണ്ടാകുന്ന ചുമതലകളെ വിവരിച്ചിരിക്കുന്നു. ൨൨-ാം വകുപ്പ് ഒരു പുതിയ ഭരണനയത്തെ ആവിഷ്കരിക്കുന്നു. സ്വയംഭരണത്തിനു പാകമാകാത്ത ജനങ്ങളോടുകൂടിയ രാജ്യങ്ങളെ സ്ഥിരപ്രതിഷ്ഠവന്നിട്ടുള്ള പ്രബലരായ മററു രാജ്യക്കാർ ജയിച്ചു കരദങ്ങളാക്കിയൊ സ്വന്ത രാജ്യത്തോടു ചേർത്തൊ വരുന്ന ഏർപ്പാടു മേലാൽ പാടില്ലെന്നും, ആമാതിരി അശക്തരാജ്യങ്ങളെ മഹാസമിതിയുടെ ആജ്ഞാനുസരണം ഏതെങ്കിലും ഒരു വൻരാജ്യക്കാർ ട്രസ്റ്റികളായി സംരക്ഷിക്കണമെന്നും, ആ രാജ്യക്കാർക്കു സ്വയം ഭരണത്തിനു ത്രാണിവരുമ്പോൾ ഭരണം അവർക്കുതന്നെ വിട്ടുകൊടുക്കണമെന്നും, മററുംഒരു പുതുഭരണപ്രസ്ഥാനം ഈ വകുപ്പിനാൽ സ്ഥാപിതമായിരിക്കുന്നു. സകലരാജ്യത്തിലെ പ്രജകളുടെ ക്ഷേമത്തെ ഉദ്ദേശിച്ചു നടത്തേണ്ടുന്ന പ്രവൃത്തികളെപ്പററി ൨൩-ാമത്തെ വകുപ്പിൽ വിവരിക്കുന്നു. മുൻപറഞ്ഞിട്ടുള്ള ആരോഗ്യസംഘം മുതലായവ ഈ വകുപ്പിൻപ്രകാരം ജനിച്ചവയാണ്. ൨൪-ാം വകുപ്പിൽ മററുള്ള പബ്ളിക്കു രാഷ്ട്രീയസംഘങ്ങളോടു മഹാസമിതി വർത്തിക്കേണ്ട പ്രകാരങ്ങളും, ൨൫-ാം വകുപ്പിൽ ആതുരരക്ഷണസംഘങ്ങളുടെ (Red crose societies) പ്രവൃത്തികളിൽ സഹകരിക്കേണ്ടുന്നവിധങ്ങളുംപ്രസ്താവിതങ്ങളായിരിക്കുന്നു. ഒടുവിലത്തെ അതായതു് ൨൬-ാമത്തെ വകുപ്പിൽ മഹാസമിതി നിയമങ്ങളെ ഭേദപ്പെടുത്തണമെങ്കിൽ എന്തു ചെയ്യണമെന്നു പറഞ്ഞിരിക്കുന്നു.

ഇത്ര സാരമേറിയതും മഹത്തുമായ ഒരു ഉടമ്പടി ഇതിനുമുമ്പൊരിക്കലുമുണ്ടായിട്ടില്ല. അതിൻെറ വിജയത്തിലിരിക്കുന്നു ലോകത്തിൻെറ ക്ഷേ

മം. മനുഷ്യന്റെ പ്രകൃതിസിദ്ധമായ രാക്ഷസസ്വഭാവത്തെ അടക്കുന്നതിന് ഇതുപോലൊരു സിദ്ധൌഷധമില്ല. ഗീതോപദേശങ്ങളുടെ പരമാർത്ഥമാണു ഈ ഉടമ്പടിയിൽ അടങ്ങിയിരിക്കുന്നതു്. ഇന്നത്തെ പുതുഗീതയാണതു്.

# പൌരാണിക ഭാരതത്തിലെ നളന്ദസർവകലാശാല.

## II

(ടി. എൽ. വസ്വാനി)

ആര്യ്യാവർത്തത്തിന്റെ ഹൃദയത്തിൽ സൌന്ദര്യ്യത്തോടുള്ള സ്നേഹം കുടികൊണ്ടിരുന്നു എന്നാണ് ഞാൻ വിശ്വസിക്കുന്നതു്. ഭാരതീയ സംസ്കാര കേന്ദ്രങ്ങളായിരുന്ന ആശ്രമങ്ങൾ പ്രകൃതിവിലാസത്താലും കലാവിലാസങ്ങളാലും സുമനോഹരങ്ങളായിരുന്ന ഭാഗങ്ങളിലാണു സ്ഥിതിചെയ്തിരുന്നതു്. നിങ്ങളുടെ നഗരങ്ങളിലെ ഇടുങ്ങിയതും ഉദ്യാനരഹിതവുമായ വിദ്യാലയങ്ങളിൽ സംസ്കാരത്തെ വിച്ഛേദിച്ചിരിക്കുന്നു. ജീവിതത്തിന്റെ ആനന്ദഭാഗത്തിലേക്കു കടക്കുവാൻ പഠിപ്പിക്കാതെ പുസ്തകം കരളുവാൻമാത്രം പരിശീലിപ്പിക്കുന്ന ആധുനികവിദ്യാഭ്യാസസമ്പ്രദായം സൌന്ദര്യ്യബോധജീവിതത്തെ സമ്മർദ്ദിച്ചിരിക്കുന്നു. നളന്ദസർവ്വകലാശാല മനോഹരതയുടെ ഹൃദയത്തിലായിരുന്നു സ്ഥാപിച്ചിരുന്നതു്. ചീനപണ്ഡിതൻ രേഖപ്പെടുത്തിയിട്ടുള്ളതു നോക്കുക:— "അലംകൃതങ്ങളായ മണിമാളികകളും പർവ്വതാഗ്രംപോലെയുള്ള മേടകളും ആരേയും അതിശയിപ്പിച്ചിരുന്നു. ജനാലകളിൽകൂടി നോക്കിയാൽ ഒരുവനു ഓരോ മണിക്കൂറിലും കാററും മേഘവും പുതിയ പുതിയ രൂപങ്ങൾ നിർമ്മിക്കുന്നതു കാണാം. സൂര്യ്യചന്ദ്രന്മാർ ഒരുഭാഗത്തു യോജിക്കുന്നതു ഒരു നല്ല കാഴ്ചയാണ്. കൂടാതെ സർവ്വകലാശാലക്കടുത്തു നീലപത്മങ്ങളും ചുവന്ന 'കനകി' കുസുമങ്ങളും വഹിക്കുന്ന നിർമ്മലസരസ്സുകളുണ്ട്. ഒരുഭാഗത്തു 'അമ്ര'വൃക്ഷക്കാടു തണലുനല്കുന്നു. സൂര്യ്യവെളിച്ചത്തെ ആയിരംതരത്തിൽ പ്രതിഫലിപ്പിക്കുന്ന വിചിത്രങ്ങളായ ഓടുകൾകൊണ്ടാണു കെട്ടിടങ്ങൾ മേഞ്ഞിരുന്നതു്. ഇവ ആ രമ്യദേശത്തിന്റെ മനോഹരതയെ വർദ്ധിപ്പിച്ചിരുന്നു." ഇപ്രകാരമുള്ള

ഹൃദ്യങ്ങളും രമ്യങ്ങളുമായ വസ്തുക്കളാൽ പരിവൃതമായ നളന്ദ വിശ്വവിദ്യാലയം അധ്യാപകന്മാരേയും അധ്യേതാക്കളേയും അനുഗ്രഹിക്കുകയും, ആരാധിക്കുന്നതിനും സേവിക്കുന്നതിനും അവരെ ഉൽബുദ്ധരാക്കുകയും ചെയ്തു.

സർവ്വകലാശാലയുടെ സ്ഥാനം പ്രകൃതിവിലാസമുള്ള വസ്തുക്കളാലും ബുദ്ധമതജീവിതത്തിനനുയുക്തമായ വസ്തുക്കളാലും നിബദ്ധീകൃതമായിരുന്നു. "ഈ സ്ഥലത്തിനു ചുററും ഒരുയോജന സ്ഥലത്തു് പുണ്യവൃക്ഷങ്ങൾ നിറഞ്ഞിരിക്കുന്നു. അവിടെ ഓരോ സ്ഥലത്തും മുറയ്ക്കു് ആരാധന നടത്തുവാനായി ഹ്യൂൻസാങ്ങ് എട്ടോ ഒൻപതോ ദിവസത്തോളം താമസിച്ചു." ഇ പ്രകാരമുള്ള ഒരു സ്ഥാനം പ്രകൃതിയുമായി സമ്മേളിക്കുന്നതിനും വിപിനങ്ങളിലെ മൃഗങ്ങളുമായി ഇടപെടുന്നതിനും അവസരം നൽകി. പൂർണ്ണമായ പരിശീലനത്തിന് അത്യന്താപേക്ഷിതമായ, കായികവും മാനസികവും സൌന്ദര്യബോധാത്മകവുമായശക്തികളുടെ പരസ്പരബന്ധം അതുസുസ്ഥാപിതമാക്കി. "വിനോദത്തിൽ ക്കൂടിയുള്ള" വിദ്യാഭ്യാസം എന്ന് ഇന്നു നാം ഘോഷിക്കാറുണ്ട്. വിനോദപരമായ വിദ്യാഭ്യാസത്തിൻെറ വിലയെപ്പററി നാം പ്രസംഗിക്കാറുമുണ്ട്. നാം ഇന്നു പ്രസംഗിക്കുന്നതു് പുരാതന കാലത്തെ ആര്യവിദ്യാഭ്യാസസ്ഥാപനങ്ങളിൽ പരിശീലിപ്പിച്ചിരുന്നു. വിദ്യാഭ്യാസലോകത്തിലെ ഇന്നത്തെ നമ്മുടെ മിക്ക കണ്ടുപിടുത്തങ്ങളും പണ്ടത്തെ കാര്യങ്ങളുടെ പുനർജന്മം മാത്രമാണ് എന്നാണ് എനിക്കു തോന്നുന്നതു്. നീന്തൽ, മല്ലയുദ്ധം, അസ്ത്രപ്രയോഗം, പർവ്വതാരോഹണം മുതലായവ മുൻകാലത്തു ഭാരതീയവിദ്യാർത്ഥികളെ അഭ്യസിപ്പിച്ചിരുന്നു. അടുത്തകാലംവരെ ഈ അഭ്യസനം നിലനിന്നിരുന്നു.

ആര്യാവർത്തത്തിലെ ആശ്രമങ്ങളിൽ ഒരു ഭടമനസ്ഥിതി—സമുദായസേവനത്തിനു വേണ്ടി വിഷമതകൾ സഹിക്കുവാനുള്ള ഒരു മനസ്ഥിതി—ഉണ്ടായിരുന്നു എന്നാണ് എനിക്കു തോന്നുന്നതു്. അതിപുരാതന ഗ്രന്ഥങ്ങളിൽ വർണ്ണിച്ചിട്ടുള്ള അധ്യാത്മികമനുഷ്യൻ ആരോഗ്യമനുഷ്യനാണ്. ശരിയായ ഒരു കായികസജ്ജീകരണം കൂടാതെ നളന്ദയിലെ അധ്യാപകന്മാരും അധ്യേതാക്കളും ഒരിക്കലും പഠനത്തിലൊ ആരാധനയിലൊ ഏർപ്പെട്ടിരുന്നില്ല. ശരീരശുചീകരണം വസ്ത്രം ഭക്ഷണം ഇവകളിലുള്ള ശ്രദ്ധ, ശ്വാസോഛ്വാസസംബന്ധമായ വ്യായാമം, ഉപവാസം മുതലായവ അവരുടെ ജീവിതത്തിന് അത്യന്താപേക്ഷിതങ്ങളെന്ന് അവർ മനസ്സിലാക്കിയിരുന്നു.

മനുഷ്യശരീരഘടനയിലുള്ള ശക്തികളുടെ വില അധ്യാപകന്മാർ അറിഞ്ഞിരുന്നു. അവർ സുഭഗന്മാരുമായിരുന്നു. വിദ്യാർത്ഥികൾക്ക് അ

രോഗ്യവും ജീവശ്ശക്തിയും ഉണ്ടായിരുന്നു. അവർ ലഘുജീവിതമാണു നയിച്ചിരുന്നതു്. 'കോപ്പൻഹേഗനി'ലെ സർവകലാശാലജീവിതത്തെ വിവരിച്ചുകൊണ്ടു് ഈയിടെ പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു പുസ്തകത്തിൽ, സാധുവും പരിശ്രമശീലനുമായ ഒരു വിദ്യാർത്ഥിക്കു യുദ്ധത്തിനു മുമ്പു് ഒരു കൊല്ലത്തേയ്ക്കു് ൮ാ പവൻ മതിയായിരുന്നു എന്നു കാണുന്നുണ്ടു്. ഇന്നു് അവിടെ ൧൦൦ പവനിൽ കൂടുതൽ ചിലവാക്കാതെ ജീവിക്കുവാൻ സാധിക്കുന്നതല്ല. ഡെയിൻകാരുടെ ഈ സർവകലാശാലയിൽ, ആക്സ്ഫോർഡ്, കേംബ്രിഡ്ജ്, പാരിസ്സ് മുതലായ സർവകലാശാലകളിലെക്കാൾ ചിലവു വളരെ കുറവാണു്. എന്നാൽ നളന്ദസർവകലാശാലയിലെ വിദ്യാർത്ഥിജീവിതം എത്ര ലഘുവായിരുന്നു എന്നു മനസ്സിലാക്കുന്നതു രസാവഹമായിരിക്കുന്നു. അവരുടെ ആവശ്യങ്ങൾ, വസ്ത്രം ഭക്ഷണം ശയനസാമഗ്രികൾ മരുന്നു് എന്നീ നാലായിരുന്നു. ആ വ്യവസായശൂന്യമായ കാലത്തു ഫീസുകൊടുക്കുന്ന ഏർപ്പാടു് ഉണ്ടായിരുന്നില്ല. അവരുടെ ഭക്ഷണസാധനങ്ങൾ പഴം, അണ്ടി, അരി, മോരു്, പാലു് എന്നിവയായിരുന്നു.

നളന്ദയിലെ നിയമനപരിപാലനം അത്യുൽകൃഷ്ടമായ രീതിയിൽ നടത്തിവന്നിരുന്നു. സർവകലാശാലയുടെ സ്ഥാപനത്തിനുശേഷം, ആ എഴുന്നൂറു സംവത്സരങ്ങൾക്കിടയിൽ വിദ്യാലയനിയമങ്ങൾക്കു് എതിരായി കയത്ത ഒരു ഉദാഹരണംപോലുമുണ്ടായിട്ടില്ലെന്നാണു് ആ ചീനപണ്ഡിതൻ പറയുന്നതു്. അതിനുള്ള കാരണം നിയമനം ധർമ്മത്തെ അവലംബിച്ചിരുന്നതുകൊണ്ടും വടിയെ അവലംബിക്കാതിരുന്നതു കൊണ്ടുമാണു്. 'ജർമ്മൻ സംസ്കാരം' എന്നുപറയുന്ന ഗ്രന്ഥത്തിൽ പ്രോഫ്സർ 'ഭോളച്ച്' വിവരിക്കുന്ന തരത്തിലുള്ള നിയമനമല്ലായിരുന്നു അവിടെ പരിപാലിച്ചിരുന്നതു്. അതിനെപ്പററി ഒരു അമേരിക്കൻ ലേഖകൻ ഇങ്ങനെ പറയുന്നു. "ഈ യൂറോപ്യൻ വിദ്യാലയങ്ങളിൽ ഭയമാണു സർവ്വപ്രാധാന്യം വഹിക്കുന്നതു്. അധ്യാപകന്മാർ ഉറക്കെ സംസാരിക്കുന്നു. പഠിപ്പിക്കുന്നതു കേട്ടാൽ ഉറക്കെ നിലവിളിക്കുകയാണൊ എന്നു തോന്നും. ഇടി സാധാരണവും അടി സാമാന്യവുമായി നൾകാറുണ്ടു്." ഇതു് ആനിജ്ജീവമുറികളിലെനിയമനമാണു്. ആശ്രമങ്ങളിലേതല്ല. ഇത്തരം നിയമനം ജീവിതത്തെ കാരാഗൃഹവാസസദൃശമാക്കുകയാണല്ലോ ചെയ്യുന്നതു്. പുരാതന നിയമനാദർശപ്രകാരം കുട്ടി വിലങ്ങിൽനിന്നും സ്വതന്ത്രനായിരിക്കണം. എന്തു ഉൽകൃഷ്ടമായ ആദർശം! ആത്മനിയന്ത്രണമുള്ള ഒരുജീവിതമാണു് ആ സമുദായം നയിച്ചിരുന്നതു്. പഠിത്തവും, ജോലിയും, കർത്തവ്യകർമ്മവുമാണു് അവരെ നയിച്ചിരുന്നതു്. ഈ നിയമനപരിപാലനത്തിൻെറ മൂലകാരണം

ആദർശപരമായ സേവനത്തിലുള്ള മനുഷ്യസാഹോദര്യമായിരുന്നു. അദ്ധ്യാപകന്മാർ തമ്മിൽ വളരെ സ്നേഹത്തോടുകൂടിയാണു വർത്തിച്ചിരുന്നത്. അവർ ശിഷ്യനെ പലപ്പോഴും 'മകനെ' എന്നാണു സംബോധനചെയ്തിരുന്നത്. പുരാതനാശ്രമങ്ങളെപ്പോലെ നളന്ദയും ഒരു കുഡുംബമായിരുന്നു. ഇന്നത്തെ പള്ളിക്കൂടത്തെപ്പോലെ കാരാഗൃഹമല്ലായിരുന്നു.

നളന്ദയിലെ സംസ്കാരത്തിൻെറ ഉദ്ദേശം, യൂറോപ്യൻ വിദ്യാഭ്യാസത്തിൽ ഏത്രയും പ്രധാനമെന്നു 'പാർസൻ' പ്രസ്താവിച്ചിട്ടുള്ള പണമൊ, ബിരുദൊ, അലങ്കാരമൊ ആയിരുന്നില്ല. ഇന്നത്തെ വിദ്യാഭ്യാസത്തിലും ഇവയ്ക്കു് അതിപ്രധാനമായ സ്ഥാനമുണ്ടെന്നുള്ളതു വിസ്മരിച്ചുകൂട. നളന്ദയിലെ ആദർശം സേവനമായിരുന്നു. ബുദ്ധമതം സേവനത്തിന് അതിപ്രാധാന്യം നൽകിയിട്ടുള്ള ഒരു മതമാണ്. ധ്യാനത്തിന് അത്രത്തോളം പ്രാധാന്യമില്ല. തൻെറ രാജത്വത്തെയും, രാജകീയസുഖങ്ങളെയും ത്യജിച്ചു മനുഷ്യസേവനത്തിനായി പുറപ്പെട്ട ആ രാജകുമാരൻെറ അനുഗ്രഹം സിദ്ധിച്ച മതക്കാരാണ് ആദ്യമായി ആശുപത്രികളും രക്ഷാമന്ദിരങ്ങളും പണികഴിപ്പിച്ചത്. ഈ ബുദ്ധസർവ്വകലാശാലയിലെ അഭ്യസനത്തിൽ സദാ പ്രതിഫലിച്ചുകൊണ്ടിരുന്നതു് ഏററവും ഉൽകൃഷ്ടമായിട്ടുള്ളതു സേവനമാണ് എന്നുള്ള തത്വമാണ്. ജ്ഞാനം ശക്തിയാണ് എന്നു ബേക്കൺ പറഞ്ഞിട്ടുണ്ട്. ജ്ഞാനം സേവനമാണെന്നു പൌരസ്ത്യമഹർഷിവര്യന്മാർ പ്രവചിച്ചിട്ടുണ്ട്. സേവനം ശക്തിയെക്കാൾ ശ്രേഷ്ഠമല്ലെ? ഈ സർവ്വകലാശാലയുടെ രണ്ടു ശ്രേഷ്ഠഗുണങ്ങൾ മനുഷ്യസേവകനായ ബുദ്ധനോടും അനുയായികളോടും ഉള്ള ഭക്തിയും, സൌന്ദര്യബോധാദർശവുമായിരുന്നു. ആദ്ധ്യാത്മികതത്വത്തെ ശരിയായി മനസ്സിലാക്കുകയാണെങ്കിൽ അതു് സൌന്ദര്യബോധത്തോട് മത്സരിക്കുന്ന ഒന്നല്ല എന്നു് കാണാവുന്നതാണ്. സുന്ദരമായിട്ടുള്ളതു് ആദ്ധ്യാത്മികമായിട്ടുള്ളതാണ്. സമുദായത്തെ സേവിക്കുന്നതിനേക്കാൾ കമനീയമായിട്ടു് വേറെ എന്താണുള്ളതു്?

കർമ്മത്തിലും പുനർജന്മത്തിലുമുള്ള വിശ്വാസം നളന്ദയെ സേവനത്തിലുള്ള കമനീയതയെ മനസ്സിലാക്കുവാൻ സഹായിച്ചു. അവിടെ നിയമനം നീതിയാണ്. മരണം എല്ലാത്തിൻെറയും അവസാനമല്ലെങ്കിൽ സമ്പാദിക്കുന്നതു് നഷ്ടപ്പെടുകയും, കൊടുക്കുന്നതു് സൂക്ഷിക്കുകയും ആകുന്നു. ആരു തൻെറ ജീവിതത്തെ മററുള്ളവർക്കായി വിനിയോഗിക്കുന്നുവൊ അയാൾക്കു കൂടുതൽ ശക്തികൾ ലഭിക്കുന്നു.

നളന്ദ ഈ തത്വത്തെ സാക്ഷീകരിച്ചിരുന്നു. നളന്ദ എന്നുള്ളതിൻെറ അൎത്ഥംതന്നെ 'ഭഞ്ജനംകൂടാതെയുള്ള സേവനം' എന്നാണ്. ഈ വിദ്യാലയത്തിൻെറ സ്ഥാപകനായ രാജാവു് നിരാശ്രയരായ കുട്ടികളിലും, സാധുജനങ്ങളിലും പ്രത്യേകം ശ്രദ്ധിച്ചിരുന്ന ഒരാളായിരുന്നു എന്നും, അദ്ദേഹത്തിൻെറ കൈവശമുണ്ടായിരുന്നതെല്ലാം അവരുടെ സേവനത്തിനായി ചിലവാക്കി എന്നും ഒരു ബുദ്ധമതഐതിഹ്യമുണ്ട്. ഈ സേവനോദ്ദേശ്യത്തോടുകൂടി ഭാരതീയാധ്യാപകന്മാർ ധൎമ്മപ്രചരണത്തിനായി ടിബററ്, ചൈന, സയാം, മുതലായ രാജ്യങ്ങളിൽ പോകുകയും, അനാഥശാലകളുംമററും സ്ഥാപിക്കുകയും ചെയ്തു.

പാശ്ചാത്യശാസ്ത്രംകൊണ്ടു പല ഗുണങ്ങളും ഉണ്ടായിട്ടുണ്ടെന്നുള്ള സംഗതി നമുക്കുവിസ്മരിച്ചുകൂടാ. എന്നാൽഅതിന് ആൎയ്യസംസ്കാരാദൎശങ്ങളുടെ സഹായം അത്യന്താപേക്ഷിതമാണ്. ആധുനികവിദ്യാഭ്യാസസമ്പ്രദായം പ്രാശ്ചാത്യസംസ്കാരത്തേയും ശരിയായിട്ടു മനസ്സിലാക്കിയിട്ടില്ല; ശരിയായി ഉപയോഗിക്കുന്നുമില്ല. പാഠപുസ്തകങ്ങളും അധ്യാപകന്മാരും യൂറോപ്പിൻെറ യഥാൎത്ഥമായ ആത്മാവിനെ ചൂണ്ടിക്കാണിക്കുന്നില്ല.

നമ്മുടെ എത്ര ബിരുദധാരികൾ ഭാരതത്തിൻെറ പഴയ ഗാനങ്ങളും, കഥകളും അറിയുകയും അവയെ വിലമതിക്കുകയും ചെയ്യുന്നുണ്ട്. അവരുടെ ദേശീയസംസ്കാരത്തിൻെറ മനോഹരത അറിയുന്നവർ എത്ര പേരുണ്ട്? നമ്മുടെ സമുദായത്തിൻെറ അമൂല്യമായ ആധ്യാത്മികഭണ്ഡാരത്തിലേക്കു പ്രവേശിക്കുവാൻ ഉതകുന്ന വിദ്യാഭ്യാസമാണ് ഇന്നു നമുക്ക് ആവശ്യമായിട്ടുള്ളതു്. നമ്മുടെ നായകന്മാരും ഗുരുനാഥന്മാരും പുരാതനകാലത്തു് എന്തിനെ സ്നേഹിച്ചിരുന്നുവൊ, എന്തിനുവേണ്ടി ജീവിച്ചിരുന്നുവൊ, എന്തിനുവേണ്ടി മരിച്ചുവൊ, ആ സൌന്ദൎയ്യവസ്തുക്കളിൽ ചിലതു് ആധുനികജീവിതത്തിന് ആവശ്യമായിത്തീൎന്നിരിക്കുന്നു.

## പുതിയവിദ്യാഭ്യാസം.

(എം. രാമവൎമ്മതമ്പാൻ ബി. എ., എൽ. ടി.)

### 1

ഇക്കഴിഞ്ഞ യുദ്ധത്തിനുശേഷം നാട്ടിൽകാണുന്ന സകല ദോഷങ്ങൾക്കും വിദ്യാഭ്യാസമാണു പ്രതിവിധി എന്നത്രെ ജനങ്ങൾ കരുതുന്നതു്.

ജർമ്മനിക്കു ലോകത്തോട് ഇത്രകാലംഎതിർത്തുനില്ക്കാൻ സാധിച്ചതു അവരുടെ വിദ്യാഭ്യാസവൈഭവം മൂലമാണത്രെ. എല്ലാ രാജ്യങ്ങളിലും വിദ്യാഭ്യാസപരിഷ്കാരം ഏററവും ഊർജ്ജിതത്തോടെ തുടങ്ങി പലപല നിരീക്ഷണങ്ങളും ചെയ്തുനോക്കി. ഇവയുടെ ഒരു സാഹിത്യം തന്നെ ഇന്നു അതി വിപുലമായ ഒന്നാണ്. ഈ വിഭ്രമത്തിൻെറ വാങ്ങൽ ഇൻഡ്യയിലും പ്രത്യക്ഷപ്പെട്ടുകാണുന്നതിൽ അത്ഭുതപ്പെടാനില്ല.

ഇവിടെ ആ തള്ളൽ വേറെ ഒരു വിധത്തിലാണു രൂപാന്തരപ്പെട്ടുകാണുന്നത്. നമ്മുടെ വിദ്യാഭ്യാസം ദേശീയമാക്കണം. ഇൻഡ്യയുടെ പൂർവ്വചരിത്രത്തിൽ നമ്മുടെ കുട്ടികൾക്ക് അഭിമാനം തോന്നിക്കണം. അതിനുവേണ്ടി ചരിത്രംതന്നെ സ്വല്പം ഭേദപ്പെടുത്തിക്കാണിച്ചാലും വേണ്ടതില്ല. ഏതു രാജ്യക്കാരും അവരുടെ ചരിത്രം, ചിലപ്പോൾ സത്യംവിട്ടും, മാഹാത്മ്യമേറിയതാണെന്നു തെളിയിക്കുകയാണു ചെയ്യുന്നത്. യൂറോപ്പിൽ ഏതു രാജ്യത്തിലെ സ്കൂൾപുസ്തകങ്ങൾ പരിശോധിച്ചാലും ഇക്കഴിഞ്ഞ യുദ്ധത്തിന് അവർമാത്രം ഉത്തരവാദിയായിരുന്നില്ല എന്നും അ രാജ്യക്കാരായിരുന്നു ഉത്തരവാദികൾ എന്നുമാണു കുട്ടികൾക്കുരാജ്യാഭിമാനം ഉണ്ടാക്കാനായി വിവരിച്ചിരിക്കുന്നത് .ഈനയം ഇന്നു തുടങ്ങിയതല്ല. വാട്ടർലൂയുദ്ധത്തിൻെറ വിവരണം നോക്കുക. ഇംഗ്ലാണ്ടിലെ പുസ്തകങ്ങളിൽ വെല്ലിംഗ്ടൻെറ പ്രതാപമായിരുന്നു ജയഹേതുവെന്നും, ജർമ്മൻപുസ്തകങ്ങളിൽ ബ്ലൂഷർ അന്നു വൈകുന്നേരം സൈന്യവുമായി ചെന്നില്ലെങ്കിൽ വെല്ലിംഗ്ടൻ പൊടിഭസ്മമായിപ്പോയേനെ എന്നും ഫ്റാൻസിലെ പുസ്തകങ്ങളിൽ നെപ്പോളിയൻ അതുവരെ കാണിച്ചിരുന്ന നയവിശേഷം കാണിക്കാതെ കേവലം അശ്രദ്ധനായിരുന്ന് അവരെ ജയിക്കാൻ അനുവദിച്ചതാണെന്നും വിവരിച്ചുകാണും. 'ദേശീയവിദ്യാഭ്യാസത്തിൻെറ ആപത്ത്" എന്ന പേരിൽ ഒരു പ്രസിദ്ധ എഴുത്തുകാരൻ ഒരു പുസ്തകംതന്നെ എഴുതീട്ടുണ്ട്. നാം ദേശീയവിദ്യാഭ്യാസം വേണമെന്നു പറഞ്ഞു തുടങ്ങീട്ടെയുള്ളൂ.

മഹാകവിയും ദീർഘദർശിയുമായ രവീന്ദ്രനാഥടാഗോർ ദേശീയവിദ്യാഭ്യാസത്തിൻെറ ശുഷ്കത അറിഞ്ഞു വിശ്വവിദ്യാഭ്യാസം ഭാരതംമൂലം നൽകാനായി വിശ്വഭാരതി കലാശാലയുണ്ടാക്കിയിരിക്കുന്നു. ഭാസുരമായ ഈ ആദർശത്തിനു വിജയം ആശംസിക്കാതെ തരമില്ല. എങ്കിലും അനേകം ചെന്നായ്ക്കൾ അന്യോന്യം കടിച്ചുകീറാൻ അഭിമുഖമായിനിന്നുമോങ്ങുമ്പോൾ സന്ധിപറയാൻ സാധുവായ ആടാണോ വേണ്ടത്; അതു അതിൻെറ രക്ഷനേടാൻ വഴിനോക്കണ്ടെ എന്നു ഒരുചോദ്യത്തിനവകാശമുണ്ട്.

ഇൻഡ്യരായ നമുക്കു ഒരു പരിഷ്കൃതമായ വിദ്യാഭ്യാസം കൂടിയെ തീരു. പണ്ടത്തെ ഗുരുകുലവും അദ്ധ്യാത്മിക വിദ്യാഭ്യാസനരീതിയും പുന

ഉദ്ധരിക്കണമെന്ന് പറയുന്നവർ ഒരു കാര്യം വിസ്മരിച്ചുകളയുന്നു. ഇന്ന് ഒരു രാജ്യത്തിനും ഇതരരാജ്യങ്ങളെ അവഗണിച്ചു നില്ക്കാൻ സാധിക്കയില്ല. ശാസ്ത്രസഹായത്താൽ ഇന്നു നാം സൌകര്യങ്ങൾ ലഭിച്ചിരിക്കുന്നു. ഭൂമിയിലെ ഓരോ രാജ്യക്കാരുടേയും പരിശ്രമങ്ങൾ നമുക്കറിയാറായിരിക്കുന്നു. പക്ഷെ രാജ്യങ്ങളുടെ പ്രത്യേകത തന്നെ നശിച്ചു ലോകഭരണം ഒന്നായി അനവധി വിശ്വഭാരതികളും വിശ്വബാങ്കുകളും വിശ്വവ്യാപാരശാലകളും വിശ്വവിതരണശാലകളും ഉണ്ടാക്കിത്തീർക്കാനല്ലേ വിമാനസഞ്ചാരം ആരംഭിച്ചു വർദ്ധിക്കുന്നത് എന്നു നാം കാര്യമായി ആലോചിക്കണം. അത് അത്ര വിദൂരമായ കാലത്താകണമെന്നില്ല. എങ്കിലും ആ ശുഭദശക്കായി അലസരായി കാത്തിരിക്കാൻ നമുക്കു പാടില്ല. നമ്മുടെ വിദ്യാഭ്യാസവും ഉടനെ പരിഷ്കരിച്ചേ തീരൂ.

ഇന്നു യൂറോപ്പിലും അമേരിക്കയിലും ജപ്പാനിലും ഉള്ള വിദ്യാഭ്യാസരീതികളെ ഒന്നു താരതമ്യപ്പെടുത്തി അവയിൽനിന്നും നമ്മുടെ നാട്ടിനു യോജിച്ചതായ ഒരു രീതി രൂപീകരിക്കയാണുത്തമം. അതേ തരമുള്ള അതിബുദ്ധിമാനായ ഒരാൾക്ക് അദ്ദേഹത്തിന്റെ ധിഷണാശക്തികൊണ്ട് ഒരു നൂതനപദ്ധതി രൂപീകരിക്കാനും സാധിച്ചേക്കാം. പക്ഷെ ആ ബുദ്ധിമാൻ ഇതുവരെ പ്രത്യക്ഷപ്പെട്ടുകണ്ടുകഴിഞ്ഞിട്ടില്ല.

പുതുതായി ഒരു പദ്ധതി രൂപീകരിക്കുംമുമ്പിൽ അതുകൊണ്ടു നമ്മുടെ രാജ്യത്തു സാധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമെന്നു സമഷ്ടിയായി ഒന്നാലോചിക്കാം.

ഇൻഡ്യയിലെ അജ്ഞാനം അതിഭയങ്കരം. ഇൻഡ്യയിൽ അക്ഷരജ്ഞാനമുള്ളവരുടെ സംഖ്യതന്നെ അഞ്ചോ ആറോ ശതമാനമാണ്. മുപ്പത്തുമുക്കോടി ജനങ്ങളുള്ള ഈ ഭാരതഖണ്ഡത്തിൽ അഞ്ചാറു ശതമാനം മാത്രമാണ് അക്ഷരജ്ഞാനമുള്ളവർ എന്നു വന്നാൽ നമ്മുടെ ആദ്യത്തെ കടമ ആ അന്ധകാരം നീക്കാനാവണം. എത്രയും സ്വല്പകാലത്തിനുള്ളിൽ വ്യാപ്തമായ അജ്ഞാനാന്ധകാരം നീക്കീട്ടുള്ള രാജ്യങ്ങളുണ്ടോ? ഉണ്ടെങ്കിൽ ആ രാജ്യചരിത്രം നമുക്കു പഠിക്കേണ്ടതായുണ്ട്. ൧൯൧൭-ലെ വിപ്ലവത്തിനു മുമ്പു റഷ്യയുടെ കഥയും നിലയും ഏതാണ്ടു നമ്മുടെ നിലപോലെയായിരുന്നു. എന്നാൽ ഇക്കഴിഞ്ഞ വ്യാഴവട്ടംകൊണ്ട് അവരുടെ ഇടയിൽ ആറിൽനിന്നും അമ്പത്താറു ശതമാനമായി അക്ഷരജ്ഞാനികളുടെ സംഖ്യ വർദ്ധിച്ചിട്ടുണ്ടെന്നും ഇനി ഒരു പത്തുവർഷത്തിനകം രാജ്യത്ത് അക്ഷരജ്ഞാനമില്ലാതെ ആരും ഉണ്ടാകയില്ലെന്നും അവരുടെ പുസ്തകങ്ങ-

ളിൽ കാണുന്നു. അതിനാൽ അക്ഷരജ്ഞാനം ശീഘ്രം പരത്താൻ റഷ്യൻ സമ്പ്രദായം സ്വീകരിക്കയല്ലെ ഉത്തമം?

രണ്ടാമത്തെ നമ്മുടെ അവസ്ഥ ഭയങ്കരമായ ദാരിദ്ര്യമാണ്. ഇൻഡ്യക്കാരായ നമ്മുടെ ശരാശരി വരുമാനം ദിവസം ഒന്നിൽ ചില്വാനം അണയാണത്രെ. ദിവസത്തിൽ ഒരു നിറക്കുടി വകയില്ലാത്തവർ അസംഖ്യം. നഗ്നത മറക്കാൻ നിവൃത്തിയില്ലാത്തവരും ധാരാളം. ഈ ഭയങ്കരമായ ദാരിദ്ര്യം വേഗത്തിൽ നീക്കാൻ ശ്രമിച്ചിട്ടുള്ള രാജ്യം ഏതാണ്? അതു റഷ്യതന്നെയാണ്. ദാരിദ്ര്യനിവാരണത്തിലും നാം റഷ്യയിലെ സ്ഥിതിയും അവിടെ ചെയ്ത ശ്രമവും ഒന്നറിയേണ്ടതാണ്.

ഇനി നമ്മെ കുഴക്കുന്നതു മതമാണ്. ഇൻഡ്യ മുഴുവൻ ഒന്നു സഞ്ചരിച്ചാൽ ജനങ്ങളുടെ മതബോധത്തിന്റെ അഗാധത ഏറക്കുറെ അറിയാം എന്നു ആളുകൾ പറയാറുണ്ട്. വേറെ ഒരുവിധം പറകയാണെങ്കിൽ ഇൻഡ്യൻ സഞ്ചാരം ഇൻഡ്യയിലെ അജ്ഞാനാന്ധകാരത്തിന്റെ അഗാധതയെ വെളിപ്പെടുത്തുമെന്നാണ്. കന്യാകുമാരിമുതൽ കാശ്മീരംവരെയുള്ള സ്ഥലങ്ങളിൽനിന്നു ഹിന്ദുക്കൾ തങ്ങൾ കഷ്ടപ്പെട്ടു സമ്പാദിച്ച ദ്രവ്യം ചുമന്നു കാശി, ഗയ, തൃപ്പതി, മുതലായ സ്ഥലങ്ങളിൽ കൊണ്ടുചെന്നു അവിടെയിരിക്കുന്ന കള്ളപ്പുരോഹിതർക്ക് കൊടുത്തു സ്വർഗ്ഗം കിട്ടുമെന്നു മോഹിച്ചു മടങ്ങുന്ന കാഴ്ചതന്നെയാണ് അജ്ഞാനത്തിന്റെ അഗാധതക്കു നല്ല തെളിവ്. ഖിലാഫത്തു എന്നു പറഞ്ഞു അനവധി പണം പിരിച്ചു തുർക്കിക്ക് അയച്ചതും ഉടനെ തുർക്കിയിലെ കാലിഫിനെ ബഹിഷ്കരിച്ചതു കണ്ടു കണ്ടിതപ്പെട്ടതും അജ്ഞാനാന്ധകാരത്തിന്റെ മറ്റൊരു തെളിവാണ്. ഇൻഡ്യയിലെ കാത്തോലിക്ക പള്ളികളിൽനിന്നും അനവധി ദ്രവ്യം റോമിലെ പാപ്പാക്കയച്ചുകൊടുക്കുന്നതു വാസ്തവമാണെങ്കിൽ അതു മൂന്നാമത്തെ തെളിവാണ്.

ഇൻഡ്യയിൽ ഹിന്ദു, ക്രിസ്ത്യൻ, മുസ്ലിം എന്നീപേരുകളാൽ അറിയപ്പെടുന്നവയായി മൂന്നു മതങ്ങളുണ്ടെങ്കിലും അവ കാര്യത്തിൽ ഒന്നുതന്നെയാണ്. അവയ്ക്കു പൊതുവെ ഇൻഡ്യൻമതമെന്നു പറയാം. ഇവയെല്ലാം ഐഹികജീവിതത്തിന്റെ മിഥ്യതയേയും പാരത്രികജീവിതമാഹാത്മ്യത്തേയും ഉൽഘോഷിക്കുന്നു. ഐഹികസുഖത്തെ നിന്ദിക്കുന്നു. ഐഹികകാര്യങ്ങൾക്കല്ലാതെ പാരത്രികകാര്യങ്ങൾക്കായി ചെയ്യുന്ന ത്യാഗത്തെ പുകഴ്ത്തുന്നു; ഭ്രമിക്കുന്നു; സ്വീകരിക്കുന്നു. പുരോഹിതർക്കധീനരായി സ്വപൌരുഷത്തെ കീഴടക്കുന്നു. ഈ മതമയക്കമാണ് ഇൻഡ്യയെ അടിമത്വത്തിൽ വച്ചുകൊണ്ടിരിക്കുന്നതു. സ്വരാജ്യമൊ മതമൊ വേണ്ടതു

എന്നു ചോദിച്ചാൽ മതം മാത്രമെന്നു പറയുന്നവരാണ് സകല മതാനുയായികളിൽ വലിയ ഭൂരിപക്ഷവും. തൻെറ അയൽവാസിയും ഒരെ തൊഴിൽക്കാരനും ജീവിതസൌകൎയ്യസാധനങ്ങൾ പരസ്പരം കൈമാറി വരുന്നവനും ആയ ഒരു ഭിന്നമതക്കാരനായ ഇൻഡ്യനെക്കാൾ താൻ കണ്ടിട്ടും കേട്ടിട്ടുമില്ലാത്തവനും താനുമായി യാതൊരു ഏൎപ്പാടുമില്ലാത്തവനുമായ ഒരു വിദേശിയനെ സ്വമതക്കാരനാണെന്നുവച്ച് കൂടുതൽ സ്നേഹിക്കുന്നവരാണ് ഇൻഡ്യയിലെ സകല ഭിന്നമതാനുയായികളും. കാൎയ്യജ്ഞത വേണമെങ്കിൽ ഈ മതമയക്കത്തിൽ നിന്നു നാം ഉണരണം. ഇൻഡ്യയെ സഞ്ചരിച്ചുകണ്ട ആൾഡുവസ്‌വിക്സി എന്ന മഹാൻ പറഞ്ഞതു തനിക്കു പണമുണ്ടായിരുന്നെങ്കിൽ അതൊക്കെ ഇൻഡ്യയിൽ ഒരു നിരീശ്വരമിഷൻ സ്ഥാപിക്കാനുപയോഗിക്കുമായിരുന്നു എന്നാണ്. ഇൻഡ്യാക്കാരുടെ മതമയക്കം മാറിയല്ലാതെ സാരമായ ഒരു കാൎയ്യവും അവൎക്കു സാധിക്കുവാൻ കഴികയില്ല; യോജിപ്പുണ്ടാകയില്ല; ദാരിദ്ര്യം തീരുകയില്ല; അജ്ഞാനം പോകയില്ല; സ്വരാജ്യം കിട്ടുകയില്ല; മതമയക്കം നിലനില്ക്കുന്നിടത്തോളം കാലം ഹിന്ദുമുസ്ലീംവഴക്ക്, ഹിന്ദുക്രിസ്ത്യൻവഴക്ക്, ബ്രാഹ്മണഅബ്രാഹ്മണവഴക്ക്, ആൎയ്യസമാജസനാതനക്കാർവഴക്ക്, ഉൽകൃഷ്ടാധഃകൃതവഴക്ക്, ശാരദാബിൽവഴക്ക് മുതലായവ നിലനിന്നേക്കുമെന്നാണ് ഭയപ്പെടേണ്ടതു്. മതമയക്കം മാറുന്ന വിഷയത്തിൽ തുൎക്കിയിലെ ആധുനികചരിത്രം നാമറിയണം.

സ്കൂളുകളിൽ തന്നെ മതമാകുന്ന അഫീൻ കത്തിവയ്ക്കണമെന്നു മതക്കാർ ശഠിക്കുന്നു. എങ്കിൽ മാത്രമെ മതമത്സരങ്ങളെ നിലനിറുത്തുവാൻ സാധിക്കയുള്ളു. മതപഠനം കാളേജിലേക്കാക്കിയാൽ ചെമ്പു വേഗം തെളിയും. ആലോചിക്കാനും തങ്ങൾ ഗ്രഹിക്കുന്ന സംഗതികളിൽ നിന്നും അഭിപ്രായം ഉണ്ടാക്കാനും ശക്തിയും പരിശീലനവും ഉള്ളവരാണല്ലൊ കാളേജുവിദ്യാൎത്ഥികൾ. സ്കൂളുകളിൽ മതം ഒരിക്കലും പഠിപ്പിക്കരുതു്. മതമയക്കംപററിയ അധ്യാപകൻ പുരോഗതിയുടെ പരമശത്രുവാണ്. മതഭ്രാന്തു് അധ്യാപകവൃത്തിക്ക് ഒരുവനെ അയോഗ്യനാക്കുന്നു എന്ന് ജനങ്ങൾ അറിഞ്ഞു പ്രവൎത്തിണം. ഇതിനൊക്കെ തുൎക്കി, റഷ്യ മുതലായി മതത്തെ അനാദരിക്കുന്ന രാജ്യങ്ങളിലെ പ്രവൃത്തികൾ അറിഞ്ഞിട്ടുവേണം നാം വിദ്യാഭ്യാസം പരിഷ്കരിക്കാൻ.

ഇൻഡ്യൻ വിദ്യാഭ്യാസം ഇംഗ്ലീഷുവിദ്യാഭ്യാസാദൎശപ്രകാരം ഏൎപ്പെടുത്തീട്ടുള്ളതാണ്. ഇംഗ്ലണ്ട് ഒരു ധനികരാജ്യമാണ്. അവർ ധനവ്യയം ചെയ്തു രാജ്യഭരണത്തിനു പ്രാപ്തരായ ഒരു പ്രഭുവൎഗ്ഗക്കാരെ ഉണ്ടാക്കനാണ് വിദ്യാഭ്യാസം നടത്തുന്നതു്, കച്ചവടം വൎദ്ധിപ്പിച്ചു ധനം സ

മ്പാദിക്കാനും അവർ ആളുകളെ പഠിപ്പിക്കുന്നു. റോസ്സ് സ്കോളർഷിപ്പു നോക്കുക. ആംഗ്ലോസാക്സൻകാരേ ലോകം ഭരിക്കാനർഹരുള്ളു എന്നുറച്ചു് അവരെ പഠിപ്പിക്കാൻ ആ കോടീശ്വരൻ-തെക്കെ ആഫ്റിക്കാക്കാരുടെ സ്വാതന്ത്ര്യംനശിപ്പിച്ച ആ സ്വാർത്ഥി-തൻെറ സമ്പാദ്യംമാററിവച്ചു. ജർമ്മനി, അമേരിക്ക മുതലായ രാജ്യങ്ങളിലും ധനസമൃദ്ധിയുള്ളതുകൊണ്ടു് ധനം ചിലവഴിച്ചു ലഭിക്കുന്ന വിദ്യാഭ്യാസത്തിനാണ് അവർ ശ്രമിക്കുന്നതു്. ദരിദ്ര്യരാജ്യമായ ഇൻഡ്യക്കു ദരിദ്ര്യരാജ്യത്തുള്ള വിദ്യാഭ്യാസരീതിയെ സാധ്യമാകു. അതിനാൽ റഷ്യൻവിദ്യാഭ്യാസസമ്പ്രദായം നാം അറിയുകയും നിവൃത്തിയുള്ളിടത്തോളം അനുകരിക്കയും ചെയ്യണം.

ഇനിയും ഇൻഡ്യയെ അവശപ്പെടുത്തുന്ന വേറെ ഒരു സംഗതി തൊഴിലില്ലായ്മയാണ്. ഇതു് ഇൻഡ്യയിൽ വ്യാപൃതമായ ഒരു രോഗമാണ്. അതു് ഉളവാക്കാൻ ശക്തിയുള്ള വിദ്യാഭ്യസ്തരെ ബാധിച്ചപ്പോഴെ നാം കേട്ടുതുടങ്ങിയുള്ളു എന്നു മാത്രമെ ഉള്ളു. ഇൻഡ്യയിലെ വിദ്യാഭ്യാസം തന്നെ റൈട്ടർവേലക്കു കുറെ ആളുകളെ ഉണ്ടാക്കാനുദ്ദേശിച്ചു തുടങ്ങിയതാണ്. പരീക്ഷയും അതിനായിട്ടാണ്. പരീക്ഷാതാളത്തിൽ പെട്ടു തുള്ളാൻ വളരെ ഒന്നും കഴികയില്ല. പരീക്ഷയിൽ പത്തും പതിനൊന്നും ശതമാനം ജയിപ്പിച്ചുകൊണ്ടിരുന്ന കാലത്തു് ഉദ്യോഗം കിട്ടി പഠിച്ചവർ തൃപ്തിപ്പെട്ടിരുന്നു. ജയിക്കുന്നവരുടെ സംഖ്യ കൂടിയപ്പോൾ ഉദ്യോഗം തികയാതായി. പഠിച്ചവരുടെ ഇടയിൽ തൊഴിലില്ലായ്മ വന്നു.

ഇതിനു പരിഹാരം പരിഷ്കൃതരീതിയിൽ കൂട്ടുകൂടി ചെയ്യുന്ന കൃഷിയും വ്യവസായങ്ങളുമേയുള്ളു. പരസ്പരസഹായം അഥവാ സഹകരണപ്രസ്ഥാനം പ്രചാരത്തിൽ വരികയും ഉദ്യോഗഭ്രാന്തു് കുറയുകയും ചെയ്താലെ തൊഴിലില്ലായ്മ നശിക്കു. ഇന്നത്തെ പരീക്ഷാവിജയികളെ കുററംപറഞ്ഞിട്ടാവശ്യമില്ല. അവക്കു കിട്ടിയ വിദ്യാഭ്യാസം ഉദ്യോഗത്തിനു മാത്രമെ അവരെ പരിശീലിപ്പിച്ചിട്ടുള്ളു. അവർ എന്തുചെയ്യും? ഇന്നത്തെ വിദ്യാഭ്യാസം ആകപ്പാടെ ഒന്നു മാറിയാൽ മാത്രമെ ഇതിനും ഒരു നിവൃത്തിയുള്ളു.

ഈ വിഷയങ്ങളിലൊക്കെ റഷ്യൻ വിദ്യാഭ്യാസം നമുക്കു എത്രത്തോളം ഉപകരിക്കുമെന്നു് ഒന്നാലോചിക്കാം.

# പുസ്തകാഭിപ്രായം.

ഭാഷാവിലാസം. (൯-ാം പുസ്തകം)

പ്രസാധകൻ—പി. വി. കൃഷ്ണവാരിയർ. കോട്ടയ്ക്കൽ. വില. ൧-൦-൦

മാസികകൾക്കും വർത്തമാനപ്പത്രങ്ങൾക്കും വിശേഷാൽപ്രതി പ്രസിദ്ധപ്പെടുത്തുക എന്ന വിശേഷ പ്രസ്ഥാനം ഭാഷാസാഹിത്യലോകത്തിൽ ആദ്യമായി തുടങ്ങിയതു കവനകൗമുദിപ്രവർത്തകന്മാർ ആണെന്നാണറിയുന്നത്. കൗമുദിയുടെ അടുത്തുകഴിഞ്ഞ ൧൩ കൊല്ലത്തെ ജീവിതത്തിനിടയിൽ ൯ വിശേഷാൽപ്രതികൾ പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. അവയിൽ ഈ ഒൻപതാം പുസ്തകം മഹാത്മാഗാന്ധി, എം. രാജരാജവർമ്മരാജാ, ഉള്ളൂർ പന്തളംതമ്പുരാൻ എന്നിവരുടെ ഛായാചിത്രങ്ങളോടും പതിനഞ്ചു ഗദ്യപദ്യലേഖനങ്ങളോടും കൂടിയാണ് പുറപ്പെട്ടിരിക്കുന്നത്. അതിൽ എം. രാജരാജവർമ്മതമ്പുരാന്റെ 'ജ്ഞാനസ്വരൂപവും' (ഗദ്യം) ഉള്ളൂരിന്റെ ഭാമയും (പദ്യം) അവശ്യവിജ്ഞേയങ്ങളായ ലേഖനദ്വയങ്ങളാകുന്നു. വടക്കുംകൂർ രാജാവിന്റെ 'മതതത്വനിരൂപണം' അദ്ദേഹത്തിന്റെ നാനാമുഖമായ പാണ്ഡിത്യത്തിനും യാഥാസ്ഥിതിക ചിത്തവൃത്തിക്കും മാർഗ്ഗദർശകമായി കാണപ്പെടുന്നുണ്ട്. പഴയന്നൂർരാമപിഷാരടിയുടെ 'ചിലപ്പതികാരം' പ്രധാനമായി ആ പ്രസിദ്ധഗ്രന്ഥത്തിന്റെ ഇതിവൃത്തവും, കവിയേയും കാവ്യത്തേയും സംബന്ധിച്ചുള്ള 'അല്പസ്വല്പ'മായ ചില അഭിപ്രായങ്ങളും ആണ്. വൃദ്ധകവി കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ അക്ലിഷ്ടഗദ്യത്തിൽ ഉള്ള ഒരൈതിഹ്യം-ശബരിമലശാസ്താവിനെ സംബന്ധിച്ച്-സാമാന്യജനങ്ങളെ രസിപ്പിക്കത്തക്ക ഒന്നാകുന്നു. 'നിരൂപണകേസരി'യായ പി. കെ. യുടെ 'ഭേകഗാഥ' അതിലെ അന്ത്യപദ്യംകൊണ്ടുതന്നെ ഒരു പരിഹാസകവനമെന്ന് മനസ്സിലാക്കാം. രാമക്കുറുപ്പു മുൻഷിയുടെ ചക്കീചങ്കരം, ഒരജ്ഞാതനാമാവിന്റെ പാഠ്ങ്ങാടീപരിണയം, കേസരിയുടെ ചില ലേഖനങ്ങൾ ഇവക്കുശേഷം ഇത്തരം പരിഹാസകവനങ്ങൾ അധികം ഭാഷയിൽ ഉണ്ടായിട്ടില്ല. എന്നു മാത്രമല്ല കാലസ്ഥിതിക്ക് അതിന്റെ ആവശ്യവും ഇപ്പോൾ ടുനരിട്ടിട്ടുണ്ട്. ശ്രീമാൻ അനന്തൻപിള്ള എം. ഏ. യുടെ ധ്വനിപ്രസ്ഥാനത്തിൽ കഴമ്പു തീരെ കുറവാണ്. ചുനക്കര വാരിയരുടെ 'ഗദ്യവളച്ച്' വെറും സ്ഥൂലവും ഉദ്ധരണി ബഹുലവും ആയി കാണപ്പെടുന്നു. അതുമാത്രമല്ല ഗദ്യസാഹിത്യലോകത്തിൽ, പി. കെ., കെ. രാമകൃഷ്ണപിള്ള ഇവരാൽ പോലും പൂജനീയരായ ഒട്ടനേകം ഗദ്യകാരന്മാരുടെ നാമധേയങ്ങൾ വി

സ്മരിച്ചുകളഞ്ഞതു നന്ദികേടുമാത്രമൊ, പാഠ്യപുസ്തകസാഹിത്യക്കമ്മട്ടിക്കാരല്ലാത്തതു കൊണ്ടൊ ആയിരിക്കാം. മററുള്ള ഗദ്യപദ്യലേഖനങ്ങളേക്കുറിച്ചു ഞങ്ങൾ ഒരഭിപ്രായവും പറയേണ്ടതായിട്ടില്ല. എങ്കിലും ആകപ്പാടെ പറകയാണെങ്കിൽ, ഈ വിദേശഷാൽപ്രതി കൃഷ്ണപക്ഷത്തെ അവലംബിച്ചുതന്നെയാണ് പുറപ്പെട്ടിരിക്കുന്നതെങ്കിലും, ഇതിന്റെ പുരോഗാമികളെ അപേക്ഷിച്ച് ഇതു് അത്ര ഉപരിയാണെന്നുള്ള ഒരഭിപ്രായം ജനിക്കുന്നില്ല. എന്നാലും, കൈരളിക്കു ഇതു് ഒരു സമ്പത്താണെന്നുള്ളതിൽ പക്ഷാന്തരത്തിനവകാശമില്ല.

———oOo———

## ഗ്ര ന്ഥ ശാ ലാ പ്ര സ്ഥാ നം.

യൂണിവെഴ്സിററിലൈബ്രേറി. സെനററ ഹൌസ്. ട്രിപ്ലിക്കെയിൻ മദിരാശി.

കഴിഞ്ഞ ഡിസംബർ മാസത്തിൽ മദിരാശിയിൽവച്ചു കൂടിയ സമസ്തഭാരതഗ്രന്ഥാലയമഹാസമ്മേളനത്തെപ്പററി എല്ലാവരും കേട്ടിരിക്കുമല്ലൊ. ആ സമ്മേളനത്തിന്റെ അനന്തരഫലമായിട്ടുണ്ടായതാണ് ഗ്രന്ഥാലയ സമാജം. ഈ ഗ്രന്ഥാലയ സമാജം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ് ഗ്രന്ഥശാലാപ്രസ്ഥാനം എന്ന ഉപന്യാസമഞ്ജരി. ശരിയായ വിദ്യാഭ്യാസം ജനങ്ങളുടെ ഇടയിൽ പ്രചരിക്കുന്നതായാൽ സാമുദായികമായും സാമ്പത്തികമായും രാഷ്ട്രീയമായും ഉള്ള ന്യൂനതകൾ പരിഹരിക്കാമല്ലൊ. ഇൻഡ്യയുടെ ഏതൊരു പരിഷ്കാരത്തിന്റേയും അടിസ്ഥാനമായി നില്ക്കുന്നതു് വിദ്യാഭ്യാസപ്രചാരണമാണ്. ഗ്രന്ഥാലയങ്ങൾ മുഖേന വിദ്യാഭ്യാസത്തെ പോഷിപ്പിക്കുന്നതിനും സാമാന്യജന വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിനുമാണ് ഈസമാജം ഉദ്ദേശിച്ചിരിക്കുന്നതു്. 'മനസ്സിടിഞ്ഞ ദേശാഭിമാനിയുടെ നിരാശയെ അകററുവാൻ ത്രാണിയുള്ള ദുർല്ലഭം ചില പ്രസ്ഥാനങ്ങളിൽ ശക്തികൊണ്ടും വളൎച്ചക്കുള്ള ലക്ഷണംകൊണ്ടും മികച്ചു നില്ക്കുന്ന ഒന്നാണു ഗ്രന്ഥശേഖരപ്രസ്ഥാനം" എന്നാണു ബഹുമാനപ്പെട്ട വി. എസ്സ്. ശ്രീനിവാസശാസ്ത്രി ഈ പ്രസ്ഥാനത്തെപ്പററി അഭിപ്രായപ്പെട്ടിരിക്കുന്നതു്. മദിരാശി ഗവർണ്ണരായിരുന്ന വൈക്കൌണ്ട് ഗോഷൻ അവർകളുടെ ഒരു സന്ദേശവും ബഹുമാനപ്പെട്ട വി. എസ്സ്. ശ്രീനിവാസശാസ്ത്രി അവർകളുടെ പ്രസ്താവനയും ഈ പുസ്തകത്തിനു ഭൂഷണങ്ങളാണ്. വിശേഷിച്ചു നാട്ടിൻപുറങ്ങളിൽ വണ്ടികളിൽ ഗ്രന്ഥങ്ങൾ കൊണ്ടുപോയി വിതരണം ചെയ്യുന്നതായി കാണിക്കുന്ന മുഖചിത്രവും കമനീയമായിട്ടുണ്ട്.

ഈ ഉപന്യാസമഞ്ജരിയെ രണ്ടായി വിഭജിച്ചിരിക്കുന്നു. ഒന്നാം ഭാഗത്തിൽ ഇംഗ്ലീഷ്‌ലേഖനങ്ങളും രണ്ടാം ഭാഗത്തിൽ മലയാളലേഖനങ്ങളും അടങ്ങിയിരിക്കുന്നു. ഗ്രന്ഥാലയപ്രസ്ഥാനത്തിൻെറ നാനാമുഖങ്ങളേയും പരാമർശിച്ചുകൊണ്ടു ഡാക്ടർ രവീന്ദ്രനാഥടാഗോർ, കെ. വി. കൃഷ്ണസ്വാമി അയ്യർ, ബഹുമാനപ്പെട്ട വി. രാമദാസ പന്തലു, മുതലായവരുടെ ഇംഗ്ലീഷുലേഖനങ്ങൾ ശ്രദ്ധേയങ്ങളും, സാരതരങ്ങളും പാരായണയോഗ്യങ്ങളും ആണ്.

മലയാളലേഖനങ്ങളുടെ കർത്താക്കന്മാർ സി. അച്ചുതമേനോൻ, നന്ത്യാരുവീട്ടിൽ പരമേശ്വരൻ പിള്ള, ജോസഫ് മൂലിയിൽ, പി. വി. കുരുവിള, പി. കൃഷ്ണൻ നായർ, കെ. വി. ശങ്കരൻനായർ മുതലായ മാന്യന്മാരാണ്.

ഗ്രന്ഥാലയപ്രസ്ഥാനത്തിൻെറ ഉദ്ദേശ്യം വിദ്യാഭ്യാസപ്രചരണമാണെന്നു പറയുന്നു. ജനങ്ങളിൽ ഉന്നത വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരുണ്ട്. അല്പമായ വിദ്യാഭ്യാസം ലഭിച്ചു എങ്കിലും അതു നിറുത്തേണ്ടിവന്നതുകൊണ്ടു ലഭിച്ചതുതന്നെ മറന്നുപോയിട്ടുള്ളവരുണ്ട്. വിദ്യാവിഹീനരുമുണ്ട്. ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവർ ഗ്രന്ഥാലയങ്ങളുടെ പ്രയോജനങ്ങളെപ്പററി അറിയാവുന്നതിനാൽ ഈ പ്രസിദ്ധീകരണം കൊണ്ടു പ്രയോജനമൊന്നുമുണ്ടാകുമെന്നു തോന്നുന്നില്ല. മററുള്ളവരുടെ കാര്യം നോക്കുകയാണെങ്കിൽ ഇംഗ്ലീഷുലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നതു കൊണ്ട് ഉണ്ടാകാവുന്ന പ്രയോജനം ചിന്തനീയമാണ്. ജനസാമാന്യത്തിൻെറ ഇടയിലുള്ള അജ്ഞതയെ അകററി വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനാണ് ഉദ്ദേശമെങ്കിൽ ഗ്രന്ഥശാലാപ്രസ്ഥാനത്തെസ്സംബന്ധിച്ച ലേഖനങ്ങൾ ദേശീയഭാഷകളിലാണു എഴുതി പ്രചരിപ്പിക്കേണ്ടതു്. ജനങ്ങളുടെ അന്ധത മാറണമെങ്കിൽ ദേശീയവിദ്യാഭ്യാസം നടപ്പിൽ വരുത്തണം. അതിനായി സർവ്വകലാശാലക്കാർ പരിശ്രമിക്കേണ്ടതാണ്. ഗ്രന്ഥാലയ സമാജത്തിൻെറ ഈ സദുദ്ദേശത്തെ അഭിനന്ദിക്കുകയും അതിനു സകല വിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

# ഉദ്ധാരണം

## ഗ്രാമീണപുനസ്സംഘടനയിൽ ഗ്രാമവിദ്യാലയത്തിനുള്ള സ്ഥാനം.

(ബി. ഭാസപ്പ ബി എ., ബി. എൽ)

"ഇന്ന് എല്ലാവരുടേയും ശ്രദ്ധ ഗ്രാമീണപുനസ്സംഘടനയിൽ പതിഞ്ഞിരിക്കയാണല്ലൊ. ജാതിമതഭേദമെന്യെയും അഭിപ്രായഭേദമെന്യെയും എല്ലാവരും "ഗ്രാമത്തിലേക്കു മടങ്ങുവിൻ" എന്ന പല്ലവി പാടിക്കൊണ്ടിരിക്കുകയാകുന്നു. ഇൻഡ്യയുടെ സാമ്പത്തികവും, സാമുദായികവും, രാഷ്ട്രീയവുമായ അധഃപതനത്തിനുള്ള നിവാരണം ഗ്രാമീണജീവിതത്തെ ശരിയായി പുനസ്സംഘടിപ്പിക്കുന്നതിലാണ് സ്ഥിതിചെയ്യുന്നതെന്ന് എല്ലാവരും സമ്മതിക്കുന്നുണ്ട്.

പുരാതനകാലം മുതല്ക്കുതന്നെ ഗ്രാമമായിരുന്നു രാജ്യഭരണകേന്ദ്രം. ഇംഗ്ലീഷുകാരുടെ ആഗമനത്തോടുകൂടി ഗ്രാമത്തിന്റെ സ്വാധിപത്യം നഷ്ടപ്പെട്ടു. പുരാതനകാലത്ത് ഓരോ ഗ്രാമവും ഓരോസംഘമായി ജീവിക്കുകയും, ചിന്തിക്കുകയും പ്രവൎത്തിക്കുകയും ചെയ്തിരുന്നു എന്നും, ഈ സമുദായബോധവും സമുദായപ്രതിപത്തിയും കൊണ്ടു നാട്ടിൻപുറങ്ങളിലെ ക്ഷേമം സുരക്ഷിതമായിരുന്നു എന്നും ചരിത്രം നമ്മെ പഠിപ്പിക്കുന്നുണ്ട്. മദ്ധ്യകാലഘട്ടത്തിലും ഭരണസംഘടനയുടെ വിവിധശാഖകളാകുന്ന നികുതി പിരിക്കൽ, നീതിപരിപാലനം മുതലായ ഒരു ഐക്യസംഘമെന്ന നിലയിൽ ഗ്രാമം നിൎവ്വഹിച്ചുപോന്നിരുന്നു. എന്നാൽ ഇന്നു ഗ്രാമത്തിന്റെ സ്ഥിതി എന്ത്? അതു വലിയ പട്ടണങ്ങളുടെ അനുബന്ധം ആയിത്തീൎന്നിരിക്കുന്നു. നമ്മുടെ ഗ്രാമങ്ങൾ ഭക്ഷണപദാൎത്ഥങ്ങൾ നൽകാത്തപക്ഷം പട്ടണങ്ങൾ അല്പസമയത്തിനുള്ളിൽ പട്ടിണിപ്രാപിക്കുന്നതാണ്. ഗ്രാമത്തിൽ ഉണ്ടാകുന്ന ഭക്ഷണപദാൎത്ഥങ്ങളിൽ 90 ശതമാനവും പട്ടണങ്ങളിലേക്കാണ് കൊണ്ടുപോകുന്നതു്. ഗ്രാമവാസികൾ അൎദ്ധപ്പട്ടിണിക്കാരുമായിത്തീരുന്നു.

ആധുനികജീവിതത്തിന്റെ പരിതാപകരമായ വേറൊരു അവസ്ഥ അജ്ഞാനികളും യാഥാസ്ഥിതികന്മാരുമായവരുടെ കയ്യിൽ ഗ്രാമപരിപോഷണത്തെ വിട്ടിട്ട് സാമൎത്ഥ്യവും പ്രസരിപ്പുമുള്ള ജനങ്ങൾ പട്ടണങ്ങളിലേക്കു പോകുന്നു എന്നുള്ളതാണ്. ഈ പട്ടണപ്രവേശനത്തെ ഉടനെ നിയന്ത്രിക്കണം. പട്ടണങ്ങളിൽപോയിത്താമസിക്കണമെന്നുള്ള ഈ

ആധുനികമനസ്ഥിതിയുടെ ഹേതുവെന്തു്? ഈ ചോദ്യം സാമ്പത്തികവും സാമുദായികവും, സാന്മാൎഗ്ഗികവുമായ ഒന്നാണ്. ജനങ്ങൾ പട്ടണങ്ങളിലേക്കു പോകുന്നതു് ജീവിതോപായമാൎഗ്ഗത്തെ ആരാഞ്ഞുകൊണ്ടു മാത്രമല്ല; ജീവിതത്തിലെ സുഖദായകങ്ങളായ കൂട്ടുകെട്ടു്, വിനോദം മുതലായവ അവൎക്കു് ഗ്രാമങ്ങളിൽ ലഭിക്കായ്കകൊണ്ടുമാണു്. ഓരോ ഗ്രാമവും അതിനു വേണ്ട വസ്തുക്കൾ സ്വയം ഉണ്ടാക്കാതിരിക്കുന്നിടത്തോളംകാലം പട്ടണങ്ങളിലേക്കുള്ള ഈ ജനപ്രവാഹം തുടൎന്നുകൊണ്ടിരിക്കും. താഴെപറയുന്ന മാൎഗ്ഗങ്ങളിൽ കൂടി ഗ്രാമീണജീവിതത്തെ പരിഷ്കരിക്കുകയും, ഗ്രാമീണൎക്കു പൂൎണ്ണജീവിതം നൽകുകയും ചെയ്യണം.

വായനശാലകളും ഗ്രന്ഥശാലകളും ഗ്രാമങ്ങളിൽ ആരംഭിക്കുകയും സിനിമാ, കാഴ്ചികപ്രദൎശനം മുതലായവ നടത്തുകയും ചെയ്യണം. പുരാണകഥകൾ അഭിനയിപ്പിച്ചു പ്രചാരം വരുത്തണം. ഇപ്പോൾ ഗ്രാമീണൎക്കു് അവരുടെ ജീവിതത്തിൽ ആദൎശമില്ല. അവരുടെ ജീവിതവീക്ഷണഗതിയെ ഒന്നു മാററണം.

നെയ്ത്തു്, കന്നുകാലിവളൎത്തൽ, പട്ടുനൂൽപ്പുഴ വളൎത്തൽ, തേനീച്ചവളൎത്തൽ, ആശാരിപ്പണി മുതലായ കുടിൽവ്യവസായങ്ങളെ പുനൎജ്ജീവിപ്പിക്കുകയും, അവർ നിൎമ്മിക്കുന്ന ഉല്പന്നങ്ങൾ ശരിയായ വിലയ്ക്കു വില്ക്കുന്നതിനു വേണ്ട സൌകൎയ്യം ഉണ്ടാക്കുകയും വേണം. ആളുകൾ തമ്മിലുള്ള മത്സരത്തിനു കാരണം തൊഴിലില്ലായ്മയും ജീവിതാദൎശമില്ലായ്മയുമാകുന്നു.

ഗ്രാമീണരുടെ ഇടയിൽ നീതിബോധമുണ്ടാക്കണം. ഗ്രാമത്തിന്റെ അഭിവൃദ്ധിയിലും കുട്ടികളുടെ അഭിവൃദ്ധിയിലും അവർ ശ്രദ്ധിക്കുന്നില്ല. കൃഷിയും കന്നുകാലികളും നന്നായിരിക്കുന്നിടത്തോളം കാലം, ഭക്ഷണക്കുറവുകൊണ്ടും മസൂരികൊണ്ടും മററും കുട്ടികൾ ശതംകണക്കിനു മരിച്ചാലും അതു അത്ര കാൎയ്യമായി അവർ വിചാരിക്കുകയില്ല. ഇതെല്ലാം മാറണം. ഗ്രാമം അവരുടേതാണെന്നുള്ള ബോധം ഉണ്ടാക്കണം. അതിനുള്ള ഏകമാൎഗ്ഗം ഗ്രാമാധിപത്യം പുനഃസ്ഥാപിക്കുകയാകുന്നു.

ഈ ഗ്രാമീണപുനസ്സംഘടനയിൽ ഗ്രാമവിദ്യാലയത്തിനുള്ള സ്ഥാനമെന്തെന്നു നമുക്കു ചിന്തിച്ചുനോക്കാം. ഗ്രാമവിദ്യാലയം ജ്ഞാനകേന്ദ്രവും, സമുദായകേന്ദ്രവും, നേതൃത്വകേന്ദ്രവുമാകുന്നു. ഗ്രന്ഥശാലകൾ എല്ലാവൎക്കും പ്രവേശനമുള്ളവയായിരിക്കണം. അദ്ധ്യാപകസംഘങ്ങൾ അഭിവൃദ്ധിമാൎഗ്ഗങ്ങൾ ചിന്തിക്കുന്നതിനുള്ള സമിതിയായിരിക്കണം. ഓരോ സംഘവും ഓരോഗ്രാമങ്ങളിൽ കൂടി വിദ്യാഭ്യാസവിഷയങ്ങൾക്കു പുറമെ കൃഷിപരിഷ്കരണം, വ്യവസായപരിഷ്കരണം, സ്ത്രീവിദ്യാഭ്യാസം മുതലായ ഉ

ന്മേഷകജനകങ്ങളായ വിഷയങ്ങളെപ്പററി വാദപ്രതിവാദം നടത്തണം. ഈ വാദപ്രതിവാദങ്ങളിൽ പങ്കുകൊള്ളുവാൻ ഗ്രാമീണരെ പ്രോത്സാഹിപ്പിക്കുകയും വേണം.

പ്രായമായവക്കുള്ള വിദ്യാലയം ഗ്രാമീണപുനസ്സംഘടനയ്ക്കുള്ള വേറൊരു ഉപകരണമാകുന്നു. വൈദ്യുതദീപപ്രദർശനം കൊണ്ടു അഭ്യസനം നല്കുകയും, പത്രവായന പരിശീലിക്കുകയും ചെയ്യണം.

ഇപ്രകാരമെല്ലാം ഗ്രാമീണപുനസ്സംഘടനയിൽ ഗ്രാമവിദ്യാലയത്തെ പ്രവത്തിക്കാവുന്നതാണ്.

# കുറിപ്പുകൾ.

## മഹാത്മജിയുടെ ഷഷ്ട്യബ്ദപൂത്തി.

മഹാത്മാഗാന്ധിയുടെ ഷഷ്ട്യബ്ദപൂത്തി അക്ടോബർ ൨-ാം നു ഭാരതമൊട്ടുക്കു കൊണ്ടാടിയിരിക്കുന്നു. അദ്ദേഹം ഭാരത രാഷ്ട്രീയലോകത്തിലെ ഇന്നത്തെ പ്രധാന നേതാവാണല്ലൊ. മതത്തിലും സന്മാഗ്ഗത്തിലും ഉള്ള ഉൽകൃഷ്ടതത്വങ്ങളുടെ അവതാരമൂത്തിയാണ് അദ്ദേഹം എന്നാണ് എല്ലാവരുടേയും വിശ്വാസം അദ്ദേഹത്തിൻെറ അനുകരണീയമായ ത്യാഗംകൊണ്ടും, കഠിനമായ ആത്മനിയമനംകൊണ്ടും, പൂണ്ണമായ അക്രമരാഹിത്യംകൊണ്ടും, അപരിമിതമായ മനുഷ്യസ്നേഹംകൊണ്ടും, മനുഷ്യവഗ്ഗത്തിൻെറ നേതാക്കന്മാരുടെ അണിയിൽ ഒരു പ്രധാനസ്ഥാനം അദ്ദേഹം വഹിക്കുന്നു. അദ്ദേഹത്തെ ലോകത്തിലെ ഇന്നത്തെ മഹാനായി എല്ലാവരും കരുതിവരുന്നു. ഉൽകൃഷ്ടങ്ങളായ അദ്ദേഹത്തിൻെറ ചിന്തകളും ആദശ്ശങ്ങളും ഇന്നത്തെ ചിന്തകന്മാരുടെ ശ്രദ്ധയെ ആകഷിച്ചുകഴിഞ്ഞിരിക്കുന്നു. മനുഷ്യവഗ്ഗത്തിൻെറ മാനസികവും സാന്മാഗ്ഗികവുമായ വീക്ഷണഗതിയിൽ ഒരു പരിവത്തനമുണ്ടാകത്തക്കവണ്ണമുള്ള ഒരു പുതിയ ശക്തിയുടേയും വിശ്വാസത്തിൻേറയും സൃഷ്ടികത്താവാണ് അദ്ദേഹം. തൻെറ സഹോദരങ്ങളുടെ രാഷ്ട്രീയവും, സാമുദായികവും, സാമ്പത്തികവുമായ അടിമത്വത്തിൽനിന്നും അവരെ മോചിപ്പിക്കുന്നതിനായി നിമിഷംതോറും അദ്ദേഹം അത്യദ്ധ്വാനം ചെയ്തുവരുന്നു. ഇപ്രകാരം നിസ്വാത്ഥകമ്മിയായ അദ്ദേഹത്തിന് അനവധി ജന്മനാൾ ഉണ്ടാകട്ടെ എന്ന് ഞ

ങ്ങൾ ഹൃദയപൂർവ്വം പ്രാർത്ഥിക്കുന്നു. അതുകൊണ്ടു മാത്രമായില്ല. നാം നമ്മുടെ മാതൃഭൂമിയോടുള്ള കർത്തവ്യത്തെ ഓർത്തു മഹാത്മജിയുടെ ഉപദേശങ്ങളെ 'അക്ഷരംപ്രതി' അനുഷ്ഠിക്കുകയുംകൂടി വേണ്ടതാകുന്നു.

———oOo———

## ബാല്യവിവാഹനിയമം

കഴിഞ്ഞ നിയമസഭയിൽ മി. ശാരദയുടെ ബാല്യവിവാഹനിയമം വലിയ ഭൂരിപക്ഷത്തോടുകൂടി അംഗീകരിച്ചിരിക്കുന്ന വിവരം എല്ലാവരും അറിഞ്ഞിരിക്കുമല്ലൊ. അതു് ഭാരതീയർക്കു സന്തോഷകരവും ആത്മാഭിമാനകരവുമാണ്. ഈ നിയമത്തോടു് അനുകൂലിച്ചവർ ൬൭ പ്രതികൂലിച്ചവർ ൧൪ ആയിരുന്നു. ഈ നിയമം മൂലം വിദ്യാഭ്യാസലോകത്തിനു സിദ്ധിച്ചിട്ടുള്ള ഗുണം അനിർവചനീയമാണ്. നമ്മുടെ നാട്ടിൽ സ്ത്രീവിദ്യാഭ്യാസത്തിനുണ്ടായിരുന്ന പ്രതിബന്ധങ്ങളിൽ പ്രധാനമായ ഒന്നു് ബാല്യവിവാഹമായിരുന്നു. ശരിയായ വിദ്യാഭ്യാസം സിദ്ധിക്കുന്നതുവരെ സാധാരണ വിദ്യാലയങ്ങളിൽ പോകുവാൻ അവർക്കു സാധിച്ചിരുന്നില്ല. എട്ടോ പത്തോ വയസ്സാകുമ്പോൾ പെൺകുട്ടികളെ വിദ്യാലയങ്ങളിൽ നിന്നും പിൻവലിച്ചാൽ അവർക്കു് എന്താണു ലഭിക്കുന്നതു്? ലഭിക്കുന്ന വിദ്യാഭ്യാസം അപൂർണ്ണമെന്നു മാത്രമല്ല, പഠിച്ചതുതന്നെ ബാല്യത്തിൽ വിഷമകരമായ ഗൃഹഭരണവിഷയത്തിൽ മുഴുവൻസമയവും ഏർപ്പെടുന്നതുകൊണ്ടു് മറന്നും പോകുന്നു. പുതിയ ഈ നിയമം ൧൪ വയസ്സിനു മുമ്പുള്ള വിവാഹത്തെ തടയുന്നതുകൊണ്ടു് ഇൻഡ്യയുടെ സാമുദായികപരിഷ്കരചരിത്രത്തിലെന്നു മാത്രമല്ല, വിദ്യാഭ്യാസചരിത്രത്തിലും ഏറ്റവും പ്രധാനമായ ഒന്നാണെന്നാണു് ഞങ്ങളുടെ അഭിപ്രായം. ഈ നിയമം മൂലം ബാല്യവിവാഹം നമ്മുടെ നാട്ടിൽനിന്നും തിരോധാനം ചെയ്യുമെന്നും, ബാലമരണങ്ങൾ കുറയുമെന്നും, ജനപരമ്പരയുടെ ആരോഗ്യം വർദ്ധിക്കുമെന്നും നമുക്കു് ആശിക്കാം. എന്നാൽ ഈ നിയമം ദേശീയഭാഷകളിൽ തർജ്ജിമചെയ്തു്, ബാല്യവിവാഹംകൊണ്ടു് കഷ്ടത അനുഭവിക്കുന്ന അജ്ഞരായ ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കേണ്ടതു് ഗവമ്മെൻറിൻെറ ചുമതലയാകുന്നു.